# കാദംബരി

T62
G55

ഡാക്ടർ കെ. ഗോദവർമ്മ

VI D
195

# കാദംബരി

## ഭാഷാനാടകം

DEFINITORY T.C.D. LIBRARY
CANCELLED
133

T 62
G 55

ഗ്രന്ഥകർത്താ,

ഡാക്ടർ കെ. ഗോദവർമ്മ

...ARAM COLLEGE LIBRARY, BANGALORE.
8335

പ്രകാശകന്മാർ,

ആർ. ടി. പിള്ള & സൺസ്,

ചാല, തിരുവനന്തപുരം.

1946

PRIOR GENERAL'S HOUSE LIBRARY
ERNAKULAM
No.

No copy is genuine without the stamp of the author.

First Impression 1944—Copies 500.
Second Impression 1946— ,, 1000.

*Price Re. 1 As. 14.*

The Sridhara Printing House,
Trivandrum.

VI D
195

# മുഖവുര

സംസ്കൃതത്തിൽ പ്രസിദ്ധങ്ങളായ പല രൂപകങ്ങളും കൈരളിയിൽ വിവൎത്തിതങ്ങളായിട്ടുണ്ടല്ലോ. ഭട്ടബാണവിരചിതമായ 'കാദംബരി' എന്ന ആഖ്യായികയിലെ കഥയെ ഇതിവൃത്തമാക്കി ഒരു ഭാഷാനാടകം നിബന്ധിച്ചാൽ കൊള്ളാമെന്നു് ഞാൻ ആഗ്രഹിച്ചിരുന്നു. ഏ. ഡി. 14-ാം ശതവൎഷത്തിൽ ജീവിച്ചിരുന്ന നരസിംഹകവിയാൽ പ്രണീതമായ 'കാദംബരീകല്യാണം' എന്ന സംസ്കൃതനാടകം അടുത്തകാലത്തു് പ്രകാശിതമായിത്തീൎന്നതു് വായിക്കുവാൻ ഇടയായതോടുകൂടി എൻെറ ആഗ്രഹത്തിന് നവീനമായ ഒരു ഉന്മേഷം സഞ്ജാതമായിത്തീൎന്നതിൻെറ ഫലമാണു് 'കാദംബരി' എന്ന ഈ ഭാഷാനാടകം.

കാദംബരിയിലെ കഥ രസജ്ഞലോകത്തെ അത്യന്തം ആകൎഷിച്ചിട്ടുള്ളതാണെങ്കിലും അതിൽ പ്രതിപാദിച്ചിട്ടുള്ള വൃത്താന്തങ്ങളുടെ വ്യാമിശ്രസ്വഭാവം രങ്ഗപ്രയോഗാൎഹമായ ഒരു രൂപകമെന്ന നിലയ്ക്കു് സംഘടിപ്പിക്കുന്നതിനു് ഏററവും വൈഷമ്യം ഉളവാക്കുന്നതാണെന്നു് പറയേണ്ടതില്ലല്ലോ. നരസിംഹകവി മൂലകഥയെ നാടകത്തിന് അനുഗുണമായ ക്രമത്തിൽ സന്നിവേശിപ്പിക്കുന്നതിനു് അഭിനന്ദനീയമായ ശ്രമം ചെയ്തിട്ടുണ്ടു്. ദിഗ്വിജയം കഴിഞ്ഞ ചന്ദ്രാപീഡൻ മൃഗയാപ്രസങ്ഗത്താൽ കിന്നരമിഥുനത്തെ പിൻതുടരുന്ന ഘട്ടംകൊണ്ടു് തുടങ്ങി കാദംബരീപരിണയത്തിൽ കഥ പരിസമാപിപ്പിക്കുകയാണു്

നാടകകർത്താവു് ചെയ്തിട്ടുള്ളതു്. മഹാശ്വേതയുടേയും പുണ്ഡരീകൻേറയും അനുരാഗകഥ ഒരു അന്തർന്നാടകം എന്ന നിലയിൽ അവതരിപ്പിച്ചിട്ടുള്ളതു് അദ്ദേഹത്തിൻെറ കലാകൌശലത്തിന് ഒരു ഉത്തമദൃഷ്ടാന്തമായി കരുതാം. ആഖ്യായികയിലെ കഥാതന്തുക്കളെ ഒട്ടും വിട്ടുകളയാതെ കൂട്ടിയിണക്കുവാനുള്ള ശ്രമത്തിൽ ചന്ദ്രാപീഡവൈശമ്പായനന്മാരുടെ ജന്മഭേദങ്ങളെ അതേപടിയിൽ തന്നെ നരസിംഹകവി നിലനിത്തുന്നു. മഹാശ്വേതാകാമുകനായ പുണ്ഡരീകൻ ചന്ദ്രശാപത്താൽ വൈശമ്പായനനായിത്തീന്നു് വീണ്ടും മഹാശ്വേതയുടെ ശാപത്താൽ ശുകജാതിയിൽ ജനിച്ചു് മനുഷ്യരെപ്പോലെ വിലപിക്കുന്നതും ആത്മവൃത്താന്തം ഉപന്യസിക്കുന്നതും മററും മേല്പറഞ്ഞതിന് ഉദാഹരണങ്ങളാണു്.

കഥാശരീരത്തിൻെറ സംവിധാനത്തിൽ നരസിംഹകവിയുടെ നാടകത്തെ പ്രായേണ അനുസരിച്ചിട്ടുണ്ടെങ്കിലും അവശ്യം ചെയ്യേണ്ടതായി തോന്നിയ ചില ഭേദഗതികൾ ഈ കൃതിയിൽ വരുത്തിയിട്ടുണ്ടെന്നുള്ളതു് പ്രസ്താവ്യതയെ അർഹിക്കുന്നു. അന്തർനാടകദശനത്തെത്തുടന്നു് വൈശമ്പായനൻ മഹാശ്വേതയുടെ ആശ്രമത്തിൽ പ്രവേശിച്ചു് ജന്മഭേദത്തിലും മാറാത്ത ഭാവാനുബന്ധത്താൽ പ്രണയപ്രാത്ഥനചെയ്യുന്ന രങ്ഗം ഭാഷാനാടകത്തിൽ നൂതനമായി സൃഷ്ടിച്ചിട്ടുള്ളതാണു്. ചന്ദ്രൻേറയും പുണ്ഡരീകൻേറയും അന്യോന്യശാപങ്ങളുടെ സ്വരൂപത്തിന് അല്പം വ്യത്യാസം വരുത്തിയിട്ടു് ജന്മഭേദപരമായ അസ്വാഭാവികതയെ കഴിയുന്നതും കുറയ്ക്കുവാൻ ശ്രമിച്ചിട്ടില്ലെന്നുമില്ല.

ശ്ലോകങ്ങളിലും ഗദ്യഭാഗങ്ങളിലും 'കാദംബരീകല്യാണ'ത്തിലെ പ്രതിപാദനരീതിയെ ഈ കൃതിയിൽ ഏറെക്കുറെ ആശ്രയിച്ചിട്ടുണ്ട്. എന്നാൽ പലഭാഗങ്ങളും വിട്ടും, കൂടുതലായി പലഭാഗങ്ങളും ചേർത്തും ഉള്ള ഈ ഭാഷാനാടകത്തെ ഒരു സ്വതന്ത്രാനുവാദമായി മാത്രമേ ഞാൻ ഉദ്ദേശിച്ചിട്ടുള്ളു. ആശയങ്ങളുടെ സംസ്കരണത്തിൽ ഭട്ടബാണകൃതി എനിക്ക് അത്യന്തം പ്രചോദകമായിരുന്നുവെന്നും പ്രസ്താവിച്ചുകൊള്ളട്ടെ.

മലയാളത്തിലെ നാടകപ്രസ്ഥാനത്തിനു് അടുത്ത കാലത്തു് പല പരിവർത്തനങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും സംസ്കൃതനാടകങ്ങളുടെ മാതൃക യഥാർത്ഥം ആദരിക്കപ്പെട്ടുന്നതു് അയുക്തമായിരിക്കുകയില്ലല്ലോ. അതിനാൽ മിക്കവാറും പഴയകരുവിൽ വാർത്തെടുത്ത ഈ ഭാഷാനാടകം കൈരളീപ്രണയികളുടെ മുൻപിൽ ഒരു കൌതുകോപഹാരമായി സാദരം സമർപ്പിച്ചുകൊള്ളട്ടെ.

തിരുവനന്തപുരം,
12—1—1120.

കെ. ഗോദവർമ്മ.

# ഉപോദ്ഘാതം

സംസ്കൃതസാഹിത്യരത്നാകരത്തിലെ അനർഘരത്നങ്ങളിൽ ഒന്നായ ബാണഭട്ടൻെറ "കാദംബരീ" എന്ന കഥാഗ്രന്ഥത്തെ സർവാത്മനാ ഉപജീവിച്ച് നരസിംഹകവിയാൽ വിരചിതമായ "കാദംബരീകല്യാണം" എന്ന എട്ടങ്കത്തിലുള്ള സംസ്കൃതനാടകത്തിൻെറ ഒരു സ്വതന്ത്രാനുവാദമാണ് ഈ ഉപോദ്ഘാതത്തിനു വിഷയമായ "കാദംബരീ" ഭാഷാനാടകം.

## I

### ഭട്ടബാണകൃതി.

ബാണഭട്ടൻ സ്വകൃതിക്ക് ഇതിവൃത്തമെന്ന നിലയിൽ ഗുണാഢ്യൻെറ 'ബൃഹത്കഥ'യിലെ ഒരു കഥയെ പ്രകൃഷ്ടമായ കലാകൌശലത്തോടുകൂടി വേണ്ട സംസ്കാരങ്ങൾ ചെയ്ത് സ്വീകരിച്ചുവെന്ന് ഊഹിക്കുവാൻ മിക്കവാറും പര്യാപ്തമായ അടിസ്ഥാനമുണ്ട്. "പൈശാചീ" എന്ന പ്രാകൃതഭാഷയിൽ നിബദ്ധമെന്നു പ്രസിദ്ധമായ "ബൃഹത്കഥ' ഇപ്പോൾ ഉപലബ്ധമാകുന്നില്ല. എന്നാൽ സോമദത്തകവിയുടെ 'കഥാസരിത്സാഗരം' 'ബൃഹത്കഥ'യുടെ സംസ്കൃതത്തിലുള്ള ഒരു സംക്ഷേപമാകയാൽ അതിൽനിന്നും മൂലകൃതിയിലുള്ള കഥകളുടെ സാമാന്യരൂപം നമുക്ക് ഗ്രഹിക്കുവാൻ കഴിയും.

"ബൃഹത്കഥായാഃ സാരസ്യസങ്ഗ്രഹം രചയാമ്യഹമ്
..................................................
യഥാ മൂലം തഥൈവൈതന്ന മനാഗപ്യതിക്രമഃ
ഗ്രന്ഥവിസ്തരസംക്ഷേപമാത്രം ഭാഷാ ച ഭിദ്യതേ"—

എന്നിങ്ങനെ കഥാസരിത്സാഗരത്തിലെ ഉപക്രമ ഭാഗങ്ങൾ അതിലുള്ള കഥാനിബന്ധങ്ങൾക്ക് മൂലമായ ബൃഹത്കഥയോടുള്ള പ്രഗാഢമായ ബന്ധത്തെ സവിശേഷം പരാമർശിക്കുന്നുണ്ടു്. കഥാസരിത്സാഗരത്തിന്റെ പത്താം ലമ്ബകമായ "ശക്തിയശോലമ്ബക" ത്തിൽ മൂന്നാം തരങ്ഗത്തിൽ 22-ാം പദ്യം മുതൽ ആ തരങ്ഗത്തിന്റെ അവസാനം വരെയുള്ള ഭാഗം കൊണ്ടു് പ്രതിപാദിക്കപ്പെട്ടിട്ടുള്ള വിദ്യാധരീയുഗ്മകഥയ്ക്കാണു് 'കാദംബരി'യിലെ കഥാസംവിധാനത്തിൽ മൂലഭൂതത്വം സങ്കല്പിതമായിരിക്കുന്നതു്. വിദ്യാധരീയുഗ്മകഥയിൽ കാണുന്ന "മനോരഥപ്രഭ'യുടേയും 'മകരന്ദിക'യുടേയും ഉജ്ജ്വലപ്രതികൃതികളായി കാദംബരിയിലെ മഹാശ്വേതാകാദംബരിമാരെ കരുതുന്നതിൽ യാതൊരു അനുപപത്തിയും ഇല്ല. വിദ്യാധരീയുഗ്മകഥയിൽ 'ദീധിതിമാൻ' എന്ന മഹർഷിയുടെ ദർശനത്താൽ സരോജാസനയായ ശ്രീദേവിക്കു് മാനസപുത്രനായി ജനിച്ച "രശ്മിമാൻ" എന്ന ഋഷികുമാരനും മനോരഥപ്രഭയും പ്രഥമദർശനത്തിൽ തന്നെ പരസ്പരം അനുരക്തരാകുന്നതും വിരഹോത്കണ്ഠിതനായ രശ്മിമാൻ മൃതിയടഞ്ഞതിനെത്തുടന്നു് മനോരഥപ്രഭ തപസ്വിനീഭാവം അവലംബിക്കുന്നതും പ്രസ്തുതമായിട്ടുള്ളതിന്നോടു് 'കാദംബരീ' കഥയിൽ ശ്വേതകേതുവിനു് ലക്ഷ്മി

യിൽ ജനിച്ച പുണ്ഡരീകനും ഗന്ധർവ്വരാജനായ ഹംസന്റെ പുത്രിയായ മഹാശ്വേതയും തമ്മിലുള്ള അനുരാഗവൃത്താന്തവും കാമുകൻെറ വിപത്തിക്കു ശേഷമുള്ള മഹാശ്വേതയുടെ പാശുപതവ്രതാവലംബവും തികച്ചും സാദൃശ്യം വഹിക്കുന്നു. എന്നാൽ കാദംബരിയിൽ വിരഹതാപത്താൽ പുണ്ഡരീകൻ ചന്ദ്രനെ ശപിക്കുന്നതും പുണ്ഡരീകൻെറ അവിനയത്താൽ കുപിതനായ ചന്ദ്രൻ പുണ്ഡരീകനെ പ്രതിശാപത്തിന് വിധേയനാക്കുന്നതും കഥാഗതിയിൽ പരമമായ പ്രാധാന്യം അർഹിക്കുന്നുണ്ടല്ലോ. പരസ്പരശാപത്താൽ ഭൂജാതരായ ചന്ദ്രനും പുണ്ഡരീകനും ആണ് യഥാക്രമം ചന്ദ്രാപീഡനും വൈശമ്പായനനും. വിദ്യാധരീയുഗകഥയിലാകട്ടെ ഒരു ശാപത്തിന്റെ പ്രസ്താവം ഉണ്ടെങ്കിലും അത് ഇത്തരത്തിലുള്ളതല്ല. അവിടെ "സോമപ്രഭൻ" എന്ന ഭൂപാലകുമാരനിൽ അനുരക്തയായ മകരന്ദികയെ അവളുടെ അവിധേയതയാൽ പിതാവായ സിംഹവിക്രമൻ എന്ന വിദ്യാധരേശ്വരൻ "നീ നിഷാദമദ്ധ്യത്തിൽ കുറെക്കാലം പതിക്കും" എന്ന് ശപിക്കുന്നു. ഈ മകരന്ദികയാണ് പിതൃശാപത്താൽ ചണ്ഡാലകുമാരിയായിത്തീർന്ന് കർമ്മദോഷത്താൽ ശുകത്വം പ്രാപിച്ച സ്വപിതാവിനെ മനോരഥപ്രഭയുടെ കാമുകനായ രശ്മിമാൻെറ ദ്വിതീയജന്മമായ 'സുമനസ്സ്' എന്ന നൃപതിയുടെ സദസ്സിലേക്ക് കൊണ്ടു ചെല്ലുന്നത്. കാദംബരിയിലെ പുണ്ഡരീകൻ ചന്ദ്രശാപത്താൽ വൈശമ്പായനനായും ആ ജന്മത്തിൽ പൂർവജന്മസ്സിലെ മമതാബന്ധത്തിന് വംശവദനായി മഹാശ്വേതയോട് അദ്ധാന്തമായ

മദനവികാരം പ്രകടിപ്പിച്ചതിൻെറ ഫലമായി ആ ചാരിത്രധനയുടെ ശാപത്താൽ ശുകമായും രണ്ടു ജന്മങ്ങൾ നയിക്കേണ്ടതായി വരുന്നു.

പുണ്ഡരീകനിൽനിന്നും, വൈശമ്പായനനിൽനിന്നും അഭിന്നനായ ശുകമാണ് ചന്ദ്രനിൽനിന്നും ചന്ദ്രാപീഡനിൽനിന്നും അഭിന്നനായ ശൂദ്രകനോടു് ആത്മവൃത്താന്തം നിവേദനം ചെയ്യുന്നതു്. രാജകുമാരനായ ചന്ദ്രാപീഡനും മന്ത്രികുമാരനായ വൈശമ്പായനനും ഉള്ളതുപോലെ ദൃഢമായ ഒരു ബന്ധം വിദ്യാധരീയുഗ്മകഥയിലെ സോമപ്രഭനും രശ്മിമാനും തമ്മിൽ സംഭാവിതമായിട്ടില്ല. കാദംബരിയിലെ നായിക കാദംബരിയും, നായകൻ ചന്ദ്രാപീഡനും ആണെങ്കിലും മഹാശ്വേതാപുണ്ഡരീകന്മാരുടെ പ്രേമകഥ ഇതിവൃത്തത്തിൽ പ്രഗാഢമായിണങ്ങി പ്രസ്ഫുരിക്കുന്നുണ്ടു്. ഇങ്ങനെ രണ്ടു കാമുകദ്വന്ദ്വങ്ങളെ ഘടിപ്പിച്ചതു് ബാണഭട്ടൻെറ കഥാസംസ്കരണത്തിലുള്ള നൈപുണ്യാതിരേകത്തിന് നിദർശനങ്ങളായ വ്യതിയാനങ്ങളിൽ പ്രാമുഖ്യം വഹിക്കുന്നു.

## II

### കാദംബരീകല്യാണം.

ബാണഭട്ടൻെറ 'കാദംബരീ' കവിതാനികഷമായ ഗദ്യവിശേഷം കൊണ്ടെന്നപോലെ തന്നെ രമണീയമായ കഥായോജനംകൊണ്ടും മഹിതമായ ആദരത്തിന് പാത്രമത്രെ. കാദംബരിയിലെ അമാനുഷാംശബഹുലമായ കഥാബന്ധത്തെ ചിലർ ആദരിക്കുവാൻ അനൗത്സുക്യം പ്രകടി

പ്പിച്ചിട്ടുണ്ട്. എന്നാൽ കവിഭാവനയുടെ സൗഷ്ഠവത്താൽ പ്രതിപാദിതാംശങ്ങൾ സംഭാവ്യാസംഭാവ്യവിവേചനത്തിന് ഇടകൊടുക്കാതെ തന്നെ സഹൃദയസമാദൃതങ്ങളായിത്തീരും എന്നുള്ളതിന് വിശ്വമഹാകവികളുടെ ഏതൊരു നിബന്ധവും സാക്ഷ്യം വഹിക്കുകതന്നെ ചെയ്യുന്നു. ബാണഭട്ടൻെറ കാദംബരി ഒരു ശ്രാവ്യകാവ്യമാണെന്നുള്ളതും അതിലെ ലോകാതിക്രാന്തതയ്ക്ക് പര്യാപ്തമായ സമാധാനമാണ്. അങ്ങനെയുള്ള ഒരു കൃതിയിലെ കഥാവസ്തുവിനെ ഉപജീവിച്ച് ഒരു നാടകം പ്രണയനം ചെയ്യുന്നത് സുദുഷ്കരമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. "ബാണോച്ഛിഷ്ടം ജഗത്സർവമ്" എന്നും മററുമുള്ള പ്രഥ ആ മഹാകവിയുടെ ദീർഘദീർഘങ്ങളും സർവാങ്ഗീണങ്ങളും ആയ സ്ഥലകാലപാത്രാദിവർണ്ണനങ്ങളുടെ ബാഹുല്യത്തെ അധിഷ്ഠിതമാക്കിയാണ് ഉളവായിട്ടുള്ളത്. രങ്ഗപ്രയോഗസാമഞ്ജസ്യം അഭങ്ഗുരമായിരിക്കണമെങ്കിൽ നാടകീയപാത്രങ്ങളുടെ സംഭാഷണത്തെപ്പോലും വിരസമാക്കാത്ത പ്രതിപാദനരീതിയെ ആപാദചൂഡം അങ്ഗീകരിച്ചേ മതിയാവൂ. അതിനാൽ 'കാദംബരീകല്യാണ'ത്തിൻെറ പ്രണേതാവായ നരസിംഹകവി ബാണഭട്ടൻെറ പദങ്ങളെ ഭേധാ അനുസരിച്ച് ക്ലേശൈകസാധ്യമായ ഒരു ദൃശ്യകാവ്യം സംസ്കൃതസാഹിത്യത്തിന് പ്രദാനം ചെയ്തതിൽ സഹൃദയലോകം സർവഥാ ധന്യവാദം ചെയ്യുമെന്നുള്ളതിന് സംശയം ഇല്ല.

കാദംബരീകല്യാണകർത്താവ് കാദംബരിയിലെ കഥയെ മിക്കവാറും അതേ പടിതന്നെ പ്രതിപാദനം ചെയ്യുന്നതിൽ സർവഥാ വിജയിയായിട്ടുണ്ട്. ചന്ദ്രാപീഡൻെറ

ദിഗ്ജയം കഴിഞ്ഞുള്ള ഘട്ടത്തിൽ സമാരംഭിച്ച് അതിന്ന് മുൻപും പിൻപും ഉള്ള വൃത്താന്തങ്ങളെല്ലാം സഹൃദയന്മാക്ക് രുച്യമാകുംവണ്ണം ഉള്ള ക്രമത്തിൽ കൂട്ടിയിണക്കി നാടകീയകഥയെ ആസൂത്രണം ചെയ്തിട്ടുള്ള നരസിംഹകവിയുടെ പ്രാഗല്ഭ്യം നമുക്ക് മനസ്സിലാകണമെങ്കിൽ ഗദ്യകാവ്യമായ കാദംബരിയിലെ ഗംഭീരങ്ങളായ ആവർത്തങ്ങളിൽ പെട്ട് കുറെയെങ്കിലും കുഴങ്ങിയിട്ടുണ്ടായിരിക്കണം. മഹാശ്വേത ചന്ദ്രാപീഡനോട്ട് പ്രസ്താവിക്കുന്ന ദീഘമായ ആത്മവൃത്താന്തം നാടകത്തിൽ അന്തൎന്നാടകമായി നിബന്ധിക്കപ്പെട്ടിരിക്കുന്നു. അതോടുകൂടി പുണ്ഡരീകാഭിന്നനായ വൈശമ്പായനന്റെ മുൻപിലാണ് ആ അന്തർനാടകം അഭിനീതമാകുന്നതു് എന്നുള്ള സങ്കല്പനം പൂർവ്വജന്മത്തിൽ മഹാശ്വേതാകാമുകനായ ആ വ്യക്തിയിൽ അതിമാത്രമായ പര്യാകുലത സഞ്ജാതമാകുന്നതിനുള്ള കാരണം പ്രേക്ഷാവത്തുകൾക്ക് സ്ഫുടതരമാക്കുകയും ചെയ്യുന്നു. 'മഹാശ്വേതാപുണ്ഡരീകം' എന്ന ആ പ്രേക്ഷണകം കാദംബരീദേവിയാൽ പ്രണീതമാണെന്നുള്ളതും കാദംബരീമഹാശ്വേതമാരുടെ സൗഹാൎദ്ദാതിശയത്തെ നിദൎശിപ്പിക്കുന്നതാണ്. എട്ടാമങ്കത്തിൽ എത്രയോ വിപുലമായ കഥാഭാഗമാണ് പ്രതിപാദിതമായിരിക്കുന്നതു്. ചന്ദ്രാപീഡന്റേയും വൈശമ്പായനന്റേയും അനന്തരജന്മം താരാപീഡാദികൾക്ക് ഗ്രഹിക്കുന്നതിന് ഉപായമായിട്ടത്രെ ചന്ദ്രപ്രിയതമയായ രോഹിണീദേവിയുടെ പ്രഭാവപ്രകടനം നാടകകൎത്താവിനാൽ ഉപന്യസ്തമായിട്ടുള്ളതു്. ജാതിസ്മരനായ ശുകം മഹാശ്വേതയുടെ

വിരഹത്താൽ സന്തപ്തനായി പ്രലപിക്കുന്നതുപോലും നരസിംഹകവി സ്വകൃതിയിൽ അങ്ങ്ഗീകരിച്ചിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ നാടകീയസങ്കേതങ്ങളെ സാകല്യേന സമാശ്രയിച്ച് അതിവിപുലമായ ഒരു ഇതിവൃത്തത്തെ ദൃശ്യരൂപത്തിൽ സരസരുചിരമായി പരിവത്തനം ചെയ്തിട്ടുള്ള കാദംബരീകല്യാണകത്താവ് മറെറാരു സംസ്കൃതരൂപകകത്താവിന്റേയും പിന്നിലല്ലെന്ന് നിമ്മത്സന്മാരായ സഹൃദയന്മാർ സശിരഃകമ്പം സമ്മതിക്കും.

ഇതിവൃത്തത്തിന്റെ സ്വാരസ്യം കൊണ്ടും പ്രതിപാദനത്തിന്റെ സൗഷ്ഠവം കൊണ്ടും അഭിജ്ഞാനശാകുന്തളത്തിനു പോലുമില്ലാത്ത ഒരു മെച്ചം കാദംബരീകല്യാണത്തിനുണ്ട്. മിക്കവാറും സമപ്രാധാന്യം തന്നെയുള്ള രണ്ടു നായകന്മാരേയും രണ്ടു നായികമാരേയും രൂപപ്രതിരൂപങ്ങളെന്നപോലെ പ്രദർശിപ്പിക്കുവാൻ ഭട്ടബാണോപജ്ഞമായ കഥാതന്തുവിനെ ആശ്രയിച്ചുള്ള ഈ നാടകത്തിനല്ലാതെ കഴിഞ്ഞിട്ടില്ലെന്ന് ഉച്ചൈസ്തരം ഉദ്ഘോഷിക്കാം. കാദംബരിയുടെ പ്രതിജ്ഞ മഹാശ്വേതയോടുള്ള സൗഭ്രാത്രസൗഹാർദ്ദങ്ങളുടെ തടത്തിൽ വേരൂന്നിയതും ചന്ദ്രാപീഡനു വൈശമ്പായനനോടും വൈശമ്പായനന് ചന്ദ്രാപീഡനോടും ഉള്ള ദൃഢതരമായ വേഴ്ച ഇരുവരുടേയും ഗുണപൗഷ്കല്യത്തിൽ സമുദയം ചെയ്തതും ആകുന്നു.

ശാകുന്തളത്തിലെ ചില രംഗങ്ങളേയും ഏതാനും സങ്കല്പങ്ങളേയും അനുസ്മരിപ്പിക്കുന്ന ഭാഗങ്ങൾ കാദംബരീകല്യാണത്തിൽ കാണപ്പെടുന്നില്ലെന്നില്ല. അതുകൊണ്ടു് അത്യല്പമായ അപകർഷം പോലും വന്നിട്ടില്ലെന്നുമാത്ര

മല്ല, അഭിവന്ദ്യന്മാരാൽ ഉദ്ഘാടിതമായ സാഹിത്യപഥത്തിൽ സുശിക്ഷിതമായി സഞ്ചരിക്കുവാനുള്ള നാടകകർത്താവിൻെറ ഔത്സുക്യം അഭിനന്ദനീയമായി പ്രകാശിക്കുന്നുമുണ്ടു്.

## III

### കാദംബരി—ഭാഷാനാടകം.

ഭാഷാനാടകമായ കാദംബരി, കാദംബരീകല്യാണത്തിൽനിന്നും മുഖ്യങ്ങളായ ചില അംശങ്ങളിൽ വ്യതിരിക്തതയെ അവലംബിക്കുന്നു. വൈശമ്പായനനു് ശുകമായും ചന്ദ്രാപീഡനു് ശൂദ്രകനായും ഉള്ള ഒരു അനന്തരജന്മം ഭാഷാനാടകത്തിൽ പാടെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

ചന്ദ്രാപീഡൻ മഹാശ്വേതയുടെ ആശ്രമദ്വാരത്തിൽ നിശ്ചലഗാത്രനായിത്തീർന്നതുകൊണ്ടുണ്ടായ വിഷാദമയമായ അന്തരീക്ഷം കാദംബരിക്കും, അവളെ അനുകരിച്ചു് മഹാശ്വേതയ്ക്കും "അകൃത്രിമപ്രണയത്തിനു് സാഫല്യം വരുവാനിടയാകാതെ മഹിളാവർഗ്ഗത്തെ തീരാത്ത ശോകത്തിൽ ആപതിപ്പിക്കുന്ന ആ ദുർവ്വിധിയുടെ അടങ്ങാത്ത ദുർമോഹത്തിനു്" തങ്ങളുടെ സജ്ജീവിതത്തെ ബലികഴിപ്പാൻ പ്രബലമായ പ്രേരണം നല്കുന്നതിനു് തികച്ചും പോരുന്നതാണു്. ദൃഢസങ്കല്പയായ കാദംബരിയെ ആ ഉദ്യമത്തിൽനിന്നും പിൻതിരിപ്പിക്കുവാൻ ചന്ദ്രാപീഡൻെറ പുനശ്ചൈതന്യപ്രാപ്തിക്കല്ലാതെ യാതൊന്നിനും സാധ്യമല്ലെന്നുള്ള മനോഭാവമാണു് ഭാഷാനാടകത്തിൽ പ്രകടീകൃതമായിരിക്കുന്നതു്. അതിനാൽ ചന്ദ്രാപീഡ

DEFINITORY T. O. C. D.
No 1933.
LIBRARY.

ൻെറ ആത്മാവു് വീണ്ടും ഒരു പതിനാറുകൊല്ലംകൂടി ദേഹാന്തരത്തിൽ വർത്തിച്ചിട്ടു് കാദംബരിയുടെ പരിലാളന പാത്രമായിരിക്കുന്ന പൂർവ്വഗാത്രത്തിൽ അനുപ്രവേശിക്കുകയെന്നുള്ളതു് സങ്കല്പനത്തിനുപോലും അതീതമാണു്. മഹാശ്വേതയുടേയും കാദംബരിയുടേയും ചിതാപ്രവേശോദ്യമം ഭാഷാനാടകത്തിൽ ശക്തിമത്തരം ആക്കിയതിൻെറ കാരണവും മറെറാന്നല്ല.

സത്യപ്രതിജ്ഞനായ കപിഞ്ജലനോടുപോലും മഹാശ്വേത പറയുന്നതു് നോക്കുക:—"കേവലം ആശ്വാസവചനം കൊണ്ടു് എൻെറ പ്രിയസഖിയെ അനുമരണത്തിൽ നിന്നും തടയുവാൻ സാധിക്കുമെന്നു് അങ്ങു് കരുതേണ്ടാ. കെടാൻപോകുന്ന വിളക്കിൻെറ പ്രകാശം പോലെമാത്രം ഇവളുടെ ഈ ശാന്തഭാവത്തെ കണക്കാക്കിയാൽ മതി." ശ്വേതകേതുമഹർഷിയിൽനിന്നും താൻ എല്ലാ പരമാർത്ഥങ്ങളും അറിഞ്ഞുകൊണ്ടുപോരുന്നതുവരെയും ആ പ്രണയിനികൾ പ്രാണങ്ങളെ ധരിച്ചുകൊള്ളണമെന്നു് പ്രാർത്ഥിക്കുവാനല്ലാതെ കപിഞ്ജലനു് മറെറാന്നും കഴിയുന്നില്ല. കപിഞ്ജലൻ പോയിട്ടു് ഏതാനും നിമിഷങ്ങൾക്കുള്ളിൽ തന്നെ ചന്ദ്രാപീഡശരീരത്തിൽ ജീവചൈതന്യസ്ഫുരണങ്ങൾ അനുഭവവൃഷ്ടിയാൽ സംജാതമായിക്കഴിഞ്ഞു. കാദംബരിയും ചന്ദ്രാപീഡനും തമ്മിലുള്ള പുനസ്സമാഗമം ഇങ്ങനെ നിറവേറി. പ്രിയസഖിയുടെ മഹാഭാഗ്യത്തിൽ മഹാശ്വേത നിർവൃതിനേടി, മറെറാന്നുമില്ലെങ്കിൽപോലും ജീവിതാശയെ ബന്ധിക്കുവാൻ പ്രേരിതയായി. അചിരേണ കപിഞ്ജലകരാവലംബിയായി പുണ്ഡരീകനും എത്തിക്കു

ഴിഞ്ഞു. "സമ്പത്തു് സമ്പത്തിനേയും വിപത്തു് വിപത്തിനേയും പിൻതുടരുന്നു" എന്നുള്ള ചൊല്ലു് ഇവിടെ അന്വത്ഥമാകുന്നു.

"മഹാശ്വേതക്കുടി അപ്രായോഗികമെന്നു് തള്ളിയിരുന്ന എൻെറ ആ പ്രതിജ്ഞയും ഇപ്പോൾ പൂണ്ണമായി നിറവേറിയിരിക്കുന്നു" എന്നു് ഭാഷാനാടകത്തിലെ നായികയ്ക്കു് നിർവിശങ്കം പ്രസ്താവിക്കുവാൻ സാധിക്കുന്നുണ്ടു്. ഉജ്ജയിനിയിലേക്കു് മടങ്ങിപ്പോയ ചന്ദ്രാപീഡൻെറ വിരഹംകൊണ്ടു് ഉന്മഥിതയായ കാദംബരിയുടെ പ്രതിജ്ഞാമോചനം മഹാശ്വേത നിർവഹിച്ചതായി കാദംബരീകല്യാണത്തിൽ പ്രസ്തുതമായിട്ടുണ്ടല്ലോ. പ്രതിജ്ഞയ്ക്കു് സർവ്വോത്തരമായ പ്രാബല്യം കല്പിതമാകയാൽ ഭാഷാനാടകത്തിൽ കാദംബരിയുടെ സ്വഭാവപരമായ ഉത്കർഷം സംസാധിതമായിട്ടുള്ളതു് ഏററവും ശ്രദ്ധേയമാണു്. ശ്വേതകേതുമഹർഷി ഗന്ധർവ്വരാജാക്കന്മാരേയും, താരാപീഡശുകനാസന്മാരേയും ഭാവിയായ മംഗലവൃത്താന്തം നേരത്തേക്കൂട്ടി ധരിപ്പിച്ചിട്ടുള്ളതായി വിഭാവനം ചെയ്തിട്ടുള്ളതും നിർവ്വഹണസന്ധിയിലെ മറെറാരു വ്യതിയാനമാണു്. താരാപീഡശുകനാസന്മാർ തനയന്മാരുടെ അനുരൂപകളത്രപ്രാപ്തിയിൽ ആഹ്ലാദിക്കുന്നതിനുവേണ്ടിയാണു് ചൈത്രരഥവനത്തിൽ എത്തുന്നതു്. ഗന്ധർവരാജാക്കന്മാർ രംഗത്തിൽ പ്രവേശിക്കാതെ കപിഞ്ജലനിലൂടെ അവരുടെ അഭിനന്ദനം പുത്രിമാരെ അറിയിക്കുന്നതേയുള്ളു. അടുത്തുതന്നെ ഗന്ധർവ്വലോകത്തിൽ നടക്കുവാനിരിക്കുന്ന കാദംബരീചന്ദ്രാപീഡന്മാരുടേയും മഹാശ്വേതാപുണ്ഡരീകന്മാ

രുടേയും പാണിഗ്രഹണമഹോത്സവത്തിനുള്ള എല്ലാ സാഹചര്യങ്ങളും ആയത്തങ്ങളാകുന്നതോടുകൂടി നാടകം സമാപ്തമാകുന്നു.

ഭാഷാനാടകത്തിലെ ആറാമങ്കം വൈശമ്പായനന്റെ മഹാശ്വേതാഭിയോഗത്തെ രംഗത്തിൽ പ്രദശിപ്പിച്ചു് ഭാവുകന്മാരുടെ ആസ്വാദനത്തിന് അനുഗുണമാക്കുവാൻ വേണ്ടി കരുതപ്പെട്ടിട്ടുള്ളതാണു്. ആകൃതികൊണ്ടു് ഹ്രസ്വമെങ്കിലും ആ അങ്കം പ്രതിഫലിപ്പിക്കുന്ന വികാരതീവ്രത സങ്കല്പപാരമ്യത്തെ സമാശ്ലേഷിക്കുന്നതായി കാണുവാൻ കഴിയും. മഹാശ്വേതയുടെ ശാപവും കുറെ വിഭിന്നമാണു്. "ഭഗവൻ! ഗിരിജാവല്ലഭ! ഞാൻ ആര്യപുണ്ഡരീകനെ ഒഴിച്ചു് മറെറാരു പുരുഷനെ മനസ്സുകൊണ്ടുപോലും സ്പർശിച്ചിട്ടില്ലെന്നുള്ളതു് വാസ്തവമാണെങ്കിൽ ഈ അസ്ഥാനകാമുകൻ ഇനിയൊരു സൂര്യോദയം കാണുവാൻ ഇടവരാതിരിക്കട്ടെ." അതിനാൽ വൈശമ്പായനനു് ശുകജന്മം ആപതിക്കുന്നില്ല. ഭഗ്നാശനായ വൈശമ്പായനൻ അച്ഛോദസരസ്സിൽ ദേഹത്യാഗം ചെയ്തതായിട്ടാണു് ഭാഷാനാടകത്തിൽനിന്നും നാം ധരിക്കുന്നതു്. വൈശമ്പായനൻ പുണ്ഡരീകാഭിന്നനായിരുന്നുവെന്നുള്ള വസ്തുത നിർവ്വഹണസന്ധിയിൽ മാത്രമേ പ്രകാശിതമാകുന്നുള്ളു. മഹാശ്വേതയിൽനിന്നും വൈശമ്പായനനുണ്ടായ ശാപം അവളിൽനിന്നും നേരിട്ടുതന്നെ ഗ്രഹിച്ചു് ചന്ദ്രാപീഡൻ വിദീർണ്ണഹൃദയനായിത്തീരുന്നുവെന്നുള്ള മൂലകൃതിയിലെ പ്രസ്താവം സംസ്കൃതനാടകകർത്താവും, ഭാഷാനാടകകർത്താവും ഒന്നുപോലെ അന്യഥാകരിച്ചിരിക്കുന്നു. വൈശമ്പായനശാപത്തെത്തുട

ന്ന് മഹാശ്വേത ചെയ്ത ഒരു ശപഥമാണല്ലോ ചന്ദ്രാപീഡനെ ആശ്രമദ്വാരത്തിൽവെച്ചുതന്നെ നിശ്ചലഗാത്രനാക്കിത്തീൎത്തതു്.

കാദംബരീകല്യാണത്തിൽ ആറാമങ്കത്തിലെ കഥ ഭഷാനാടകത്തിൽ ഏഴാമങ്കമായി പരിണമിച്ചിരിക്കുന്നു. ചന്ദ്രാപീഡന്റെ വിരഹപീഡയും കേയൂരകന്റെ പ്രവേശവും ഭാഷാനാടകകൎത്താവു് രംഗത്തിൽ പ്രദൎശിപ്പിക്കാതെ സംക്ഷേപിച്ചുകളഞ്ഞു. അങ്ങനെ ചെയ്യാതിരുന്നുവെങ്കിൽ ശാകുന്തളം ആറാമങ്കത്തിന്റെ ഒരു ലഘുരൂപം തന്നെ ചന്ദ്രാപീഡന്റെ വിപ്രലംഭാവസ്ഥയെക്കുറിച്ചു് നമുക്കു് ലഭിക്കുമായിരുന്നു. കാദംബരീകല്യാണത്തിലെ ഏഴും എട്ടും അങ്കങ്ങൾ ഭാഷാനാടകത്തിലെ അന്തിമാങ്കത്തിൽ ആവാപോദ്വാപങ്ങളോടുകൂടി സമാദൃതങ്ങളായിരിക്കുന്നു.

ഭാഷാനാടകത്തിൽ വിദൂഷകനെ ഉപേക്ഷിച്ചതു് ഹാസ്യരസത്തെ സമ്പൂൎണ്ണമായി നീക്കി നിൎത്തുവാൻ കാരണമായിപ്പോയെന്നു് ചിലർ ശങ്കിച്ചേക്കാം. പക്ഷേ രസനിബന്ധനത്തിന്റെ മൎമ്മം ഗ്രഹിക്കുന്നവർ കാദംബരീകഥയിൽ അങ്ഗിയായ രസത്തോടുചേൎന്നു് ഒരിടത്തും ഹാസ്യം അംഗമായി നിലകൊള്ളുവാൻ സാംഗത്യമുള്ളതല്ലെന്നു് സമ്മതിക്കുമെന്നു് പ്രതീക്ഷിക്കാം.

കാദംബരീഭാഷാനാടകത്തിന്റെ കൎത്താവായ ഡാക്ടർ കെ. ഗോദവൎമ്മ ഏററവും സ്തുത്യൎഹമായ ഒരു ഉപഹാരമാണു് കൈരളിക്കു് ഇപ്പോൾ സമൎപ്പിച്ചിട്ടുള്ളതു്. പ്രൗ

ഢമായ പാണ്ഡിത്യവും, ഉത്തുങ്ഗമായ കവനകലാപാട വവും പ്രസ്ഫുടമാക്കുന്നതാണു് ഭാഷാനാടകത്തിലെ ഏ തൊരു ഭാഗവും എന്നുള്ളതു് സഹൃദയസാക്ഷികമത്രേ.

"വിൺഗംഗയ്ക്കെതിർകാന്തി
......സൗവർണ്ണതാരങ്ങളും." (II, 3)

"കണ്ണാംചിപ്പിയിൽ
......ർവാരദുഃഖത്തിനാൽ" (I, 17)

"ഭാവം വ്യഞ്ജിച്ചിട്ടുമ്മാറു്.........
......മെന്നോതിടുന്നു" (II, 12)

"മാരൻതൻവിരുതാന്ന...നേത്രോത്സവം"(III, 20)

"രാഗത്തിൻനവ...പെട്ടമ്മാറഹോ" (VI, 3)

എന്നിങ്ങനെയുള്ള പദ്യങ്ങൾ സാരസ്യമേദുരമായ ചാരുതാതിശയത്തെ ആവഹിക്കുന്നവയാണല്ലോ. ശബ്ദ സൗന്ദര്യവും അർത്ഥസൌന്ദര്യവും അഹമഹമികയാ പരി സ്ഫുരിക്കാത്ത ഒരൊററ ഭാഗവും ഈ ഭാഷാനാടകത്തിൽ സംദൃശ്യമല്ലെന്നു് നിസ്സംശയം പറയാം.

## ഉപസംഹാരം.

പാത്രങ്ങളുടെ സ്വഭാവനിരൂപണം, നാടകീയസങ്കേ തങ്ങളുടെ വിശദീകരണം, രസവിചാരം മുതലായി ഇനി യും പലതും സവിസ്തരമായ പ്രതിപാദനത്തെ അർഹിക്കുന്നു ണ്ടെങ്കിലും കഥാബന്ധത്തിന്റെ സംസ്കരണത്തെ വിശദീ കരിക്കുവാൻ മാത്രം സമുദ്ദിഷ്ടമായ ഈ ഉപോദ്ഘാതം

ഇനി ദീൎഘിപ്പിക്കുന്നില്ല. നാടകത്തിന്റെ ആസ്വാദനത്തിന് പ്രയോജകീഭവിക്കാവുന്ന ചില അംശങ്ങൾ ഈ ഉപോദ്ഘാതത്തിൽ ദിങ്മാത്രമായി സൂചിപ്പിച്ചിട്ടുള്ളതിലേക്ക് ഞാൻ അനുവാചകന്മാരുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളട്ടെ.

ഈ ഗ്രന്ഥത്തിന് ഒരു ഉപോദ്ഘാതം എഴുതുവാൻ മഹാനുഭാവനായ ഗ്രന്ഥകർത്താവ് എന്നോട് ആവശ്യപ്പെട്ടതിൽ അവിടുത്തെ വാത്സല്യാതിരേകം മാത്രമേ ഞാൻ ദർശിക്കുന്നുള്ളൂ. ഇന്നത്തെ ഭാഷാശാസ്ത്രജ്ഞന്മാരിൽ കനിഷ്ഠികാധിഷ്ഠിതനായ ഈ പണ്ഡിതശ്രേഷ്ഠൻ നിസർഗ്ഗസിദ്ധവും അഭ്യാസവർദ്ധിതവും ആയ കവനവൈഭവത്തെ കൈരളിക്ക് അനുഗ്രാഹകമാക്കിയതിൽ ഞാനും സഹൃദയലോകത്തോടൊപ്പം കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളട്ടെ

തിരുവനന്തപുരം, } എം. എച്ച്. ശാസ്ത്രി.
൨-൨-൧൧൨൧.

# കഥാപാത്രങ്ങൾ

| | |
|---|---|
| ചന്ദ്രാപീഡൻ. | ഉജ്ജയിനിയിലെ യുവരാജാവ്—നായകൻ. |
| വൈശമ്പായനൻ. | അമാത്യപുത്രൻ—ചന്ദ്രാപീഡന്റെ സഖാവ്. |
| കാദംബരി. | ഗന്ധർവ്വരാജനായ ചിത്രരഥന്റെ പുത്രി—നായിക. |
| മഹാശ്വേത. | ചിത്രരഥന്റെ അനുജനായ ഹംസന്റെ പുത്രി. |
| തരളിക. | മഹാശ്വേതയുടെ സഖി. |
| പത്രലേഖ. | ചന്ദ്രാപീഡന്റെ താംബൂലകരങ്കവാഹിനി. |
| തമാലികയും<br>മദലേഖയും } | കാദംബരിയുടെ ചേടികൾ. |
| വിജയ. | കാദംബരിയുടെ പ്രതീഹാരി. |
| സൌദാമിനി. | ചന്ദ്രാപീഡന്റെ പ്രതീഹാരി. |
| ധാരാധരൻ. | അശ്വപാലകൻ. |
| കേയൂരകൻ. | ഒരു ഗന്ധർവ്വകുമാരൻ. |
| താരാപീഡൻ. | ഉജ്ജയിനിയിലെ രാജാവ്—നായകന്റെ പിതാവ്. |
| വിലാസവതി. | ചന്ദ്രാപീഡന്റെ മാതാവ്. |
| ശുകനാസൻ. | അമാത്യൻ—വൈശമ്പായനന്റെ പിതാവ്. |
| വലാഹകൻ. | സേനാപതി. |
| പുണ്ഡരീകൻ. | ഒരു ദിവ്യർഷികുമാരൻ. |
| കപിഞ്ജലൻ. | പുണ്ഡരീകമിത്രമായ മുനികുമാരൻ. |
| ക്ഷീരോദൻ. | ഗന്ധർവ്വരാജധാനിയിലെ കഞ്ചുകി. |
| ഇരാവതി. | കാദംബരിയുടെ ചാമരഗ്രാഹിണി. |
| കൈലാസൻ. | ഉജ്ജയിനിയിലെ കഞ്ചുകി. |

# കാദംബരി

(ഭാഷാനാടകം)

---

## പ്രസ്താവന

സൌഹിത്യം സുമനസ്സുകൾക്കരുളുവാ-
നെന്നും പ്രസന്നോദയൻ
മാഹേശം തനുഭേദമെന്നു വിബുധ-
വ്രാതത്തിനാൽ സംസ്തുതൻ
ഈഹിപ്പോനിരുളാകെ നീക്കിയണവാൻ
രാഗോജ്ജ്വലം ജ്യോത്സ്നയെ-
ദ്ദേഹം ഹൈമമെഴുന്ന ദേവനലകി-
ന്നേകട്ടെ ഭവ്യം നവം.

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ [അണിയറയിലേക്കു് നോക്കിയിട്ടു്] മാരിഷ ഇനിയും വേഷങ്ങളെല്ലാം ഒരുങ്ങിക്കഴിഞ്ഞില്ലേ? എത്ര നേരമാണു് കാദംബരീദർശനം കാംക്ഷിക്കുന്ന ഈ സഹൃദയസമാജം കാത്തിരിക്കേണ്ടതു്?

പാരിപാർശ്വികൻ [പ്രവേശിച്ചിട്ടു്] ആര്യ, എന്തു പറയുന്നു? കാദംബരി ഭട്ടബാണന്റെ ഒരു ആഖ്യായികയല്ലേ? അതു് എങ്ങനെ അഭിനയിക്കുവാനാണു്?

സൂത്രധാരൻ. ഓഹോ! അങ്ങ് ധരിച്ചിട്ടില്ലെന്നു തോന്നുന്നു. ഭട്ടബാണന്റെ ആ ഗദ്യകൃതിയെ ഉപജീവിച്ച് കൈരളിയിൽ പുതുതായി ഒരു നാടകം നിബദ്ധമായിട്ടുണ്ട്. ആ കാദംബരീനാടകമാണ് ഇന്ന് ഇവിടെ രംഗത്തിൽ പ്രയോഗിക്കുവാൻ ഞങ്ങൾ ഒരുക്കം കൂട്ടുന്നത്. അതുകൊണ്ട് അങ്ങും അതിനുവേണ്ടി ഉത്സാഹിക്കുക.

(അണിയറയിൽ)

അഹോ! കാലം വളരെ ആയി.

സൂത്രധാരൻ [കേട്ടിട്ട്] എന്ത്? അഭിനയം തുടങ്ങിക്കഴിഞ്ഞോ? ദിവ്യമുനിയായ കപിഞ്ജലന്റെ വേഷം കെട്ടിയിട്ടുള്ള നടന്റെ ഒച്ചയാണല്ലോ കേൾക്കുന്നത്. നമുക്കും അണിയറയിലേക്കു ചെല്ലാം.

(രണ്ടുപേരും പോയി.)

പ്രസ്താവന കഴിഞ്ഞു.

---

# വിഷ്കംഭം

(കപിഞ്ജലൻ പ്രവേശിക്കുന്നു.)

കപിഞ്ജലൻ. അഹോ! കാലം വളരെ ആയി. ചന്ദ്രനും എന്റെ ചങ്ങാതിയായ പുണ്ഡരീകനും അന്യോന്യശാപത്താൽ ഭൂജാതരായി ഇന്ന് യൌവനം പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. പുണ്ഡരീകന്റെ പിതാവും എന്റെ ഗുരുനാഥനും ആയ ശ്വേതകേതു എന്നെ വിളിച്ച് ഇങ്ങനെ അരുളിച്ചെയ്തു. "വത്സ, കപിഞ്ജല! ജനനിയായ

ലക്ഷ്മിതന്നെ പുണ്ഡരീകന്റെ ശാപനിവൃത്തിക്കു വേണ്ടി എന്തും ചെയ്യുവാൻ സന്നദ്ധയായിരിക്കുന്നു. നീയും ഒരു കാര്യം ചെയ്യണം. ഇന്ദ്രായുധം എന്ന കുതിരയുടെ ഉള്ളിൽ യോഗബലംകൊണ്ടു് പ്രവേശിച്ചു് ചന്ദ്രാപീഡമൂർത്തിയായ ചന്ദ്രനെ ചൈത്രരഥത്തിലേക്കു് നയിക്കണം. അതിനു ശേഷം ചന്ദ്രാപീഡനെ പിൻതുടരുന്ന വൈശമ്പായനാകൃതിയായ പുണ്ഡരീകനും മഹാശ്വേത നിമിത്തമായിത്തന്നെ മാനുഷശരീരം വെടിയും" എന്നു്. അതിനാൽ സുഹൃത്തിന്റെ അഭ്യുദയത്തിനായുള്ള ആചാര്യനിയോഗം അനുഷ്ഠിക്കുക തന്നെ.

[ചുററും നടന്നിട്ടു്] ആശ്ചര്യം ! ദേഹബന്ധമുള്ള നാളോളം ഹൃദയശല്യങ്ങൾ വേർപെടുന്നില്ല.

അഴലിലിതുവരെക്കും ഭദ്രൻ ദേശികൻതൻ-
മൊഴിയമൃതമനോജ്ഞം തെല്ലൊരാശ്വാസമേകി ;
ഇതുപൊഴുതു സഖാവിൻവിപ്രയോഗം വളക്കും
കദനദഹനനെന്നിൽ താപമേററുന്നു മേന്മേൽ. ൧

[നെടുവീർപ്പിട്ടിട്ടു്] ഹതവിധിക്കു കീഴ്പ്പെട്ടവൎക്കു് അവിചാരിതമായി എന്തെല്ലാം വന്നു കൂടുന്നു.

ഉത്തുംഗാഭിനിവേശമായവളിലെൻ-
തോഴൎക്കു യുക്തം ; മദം
മെത്തും സ്ത്രീജനവീക്ഷണത്തിലിളകാ-
താരിത്ത്രിലോകത്തിലും
ചിത്തം തത്കൃതശാപമോർത്തു കടുതായ്
കാന്താവിയോഗോത്ഥമാ-
മത്തല്പാടു ചിരം സഹിച്ച വിധുതാ-
നൌചിത്യഹീനൻ തുലോം. ൨

[ഭംഗിച്ചിട്ട്] ചന്ദ്രൻതന്നെ മഹാശ്വേതയോടുള്ള ചാച്ച് കരുതി നഷ്ടചേതനമായ പുണ്ഡരീകശരീരത്തെ യാതൊരു കേടും വരാതെ സൂക്ഷിച്ചുപോരുന്നു. [നാലു പാടും വീക്ഷിച്ചിട്ട്] ഇതാ കനകഗിരിയുടെ മറുവശത്തു നിന്നും എഴുന്നള്ളുന്ന സൂര്യഭഗവാൻ ഭാരതവർഷത്തെ പൊൻ കതിരുകൾ വീശി പ്രകാശിപ്പിക്കുവാൻ തുടങ്ങിയിരിക്കുന്നു.

കമലവനവികാസം ചേർത്തു നല് ചക്രവാകം
തടവിന കടുശോകം ധ്വാന്തമൊന്നിച്ചു നീക്കി,
ഉദയഗിരി കരേറും ഭാനുതൻരശ്മിജാലം
ഗഗനജലധിവേലാവിദ്രുമാഭം പരന്നു. ൪

[നേരെ നോക്കിയിട്ട്] ഇക്കാണുന്നതു് സുവർണ്ണപുരത്തിനു സമീപം ദിഗ്ജയശ്രമപരിഹാരത്തിനായി പാളയം അടിച്ചിട്ടുള്ള ഉജ്ജയിനീപതിയുടെ സേനാനികരം ആണല്ലോ? ചന്ദ്രാപീഡരാജകുമാരൻ പുലർകാലത്തിലെ അനുഷ്ഠാനങ്ങൾ കഴിഞ്ഞു് പടമണ്ഡപത്തിൽ എഴുന്നള്ളിയിരിക്കുന്നു.

വീരക്ഷ്മാപതിപുത്രരാൽ പരിവൃതൻ
ഭദ്രാസനാസീനനായ്
വാരസ്ത്രീകരചാമരാനിലചലത്-
ക്ഷൌമോത്തരീയാഞ്ചലൻ
ചാരത്തക്ഷമ ജൈത്രയാത്ര തുടരാൻ
കാട്ടുന്നൊരിന്ദ്രായുധം
പൂരിക്കും പുകൾപൂണ്ട ശത്രുദമനൻ
ഭ്രാജിപ്പൂ വീതവ്യഥം. ൫

[ചിന്തിച്ചിട്ട്]കാര്യാന്തരത്തിൽ വ്യാപൃതനായിരിക്കുന്ന എനിക്ക് സമീപസ്ഥയെങ്കിലും മഹാശ്വേതയെ ശുഭോദർക്കം അറിയിച്ച് ആശ്വസിപ്പിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ല. അതുകൊണ്ട്

ചന്ദ്രാപീഡനിലേറിടട്ടെ രതിയാ-
ഗന്ധർവ്വരാജാത്മജ-
യ്ക്കിന്നും ദിക്പതിപുത്രരേയുമഭി-
വീക്ഷിപ്പൂ വെറുപ്പോടവൾ!
എൻതോഴൻ ധൃതിവിട്ടു ഹംസതന-
യാശ്ലേഷം കൊതിക്കട്ടെ; ഞാൻ
പിന്നാൽ ഭാവിശുഭം കഥിച്ചരുളുവേൻ
രണ്ടാൾക്കുമാശ്വാസനം.

(കപിഞ്ജലൻ പോയി)

---

## ഒന്നാം അങ്കം

(അണിയറയിൽ)

വൈതാളികൻ. ദേവ, ദിഗ്വിജയദീക്ഷാവിധി നിർവ്വഹിച്ച അവിടുത്തേക്ക് പ്രൌഢപ്രകാശയായ ഈ ഗ്രീഷ്മലക്ഷ്മി അഭ്യുദയകാരിണിയായിരിക്കുന്നു.

രണ്ടേ ദുസ്സഹപ്രതാപമഹിത-
ന്മാരെന്നു തേജസ്വിമാർ
കൊണ്ടാടുന്നവരൊന്നു തിഗ്മകിരണൻ
മറേറതു ധന്യൻ ഭവാൻ;

ചണ്ഡാർകീർത്തി നിരസ്തമൂലമൊരുവൻ
ചെയ്യുന്നു ജാഡ്യം നരർ-
ക്കുണ്ടാക്കും ഹിമസന്തതിക്കപരനേ-
ല്പിപ്പൂ ലയം പൂർണ്ണമായ്. ൧

(അനന്തരം ചന്ദ്രാപീഡൻ താംബൂലകരങ്കവാഹിനിയായ പത്രലേഖയോടുകൂടി പ്രവേശിക്കുന്നു.)

ചന്ദ്രാപീഡൻ. അഹോ! ജൈത്രയാത്രയിലുള്ള താൽപര്യാതിശയംകൊണ്ടു് വസന്തം കഴിഞ്ഞതു് ഇതേവരെ അറിഞ്ഞില്ല. ഇപ്പോൾ ഉജ്ജയിനിയിലെ മോഹനമായ ദശാവിശേഷം ദൂരത്തിരുന്നുകൊണ്ടുതന്നെ ഞാനൊന്നു സംഭാവനം ചെയ്യട്ടെ.

ഉദ്ദണ്ഡാംബുജസംഗമേററ ജലമു-
ണ്ടാഹന്ത സിപ്രയ്ക്കകം;
പുത്തൻമല്ലികതൻ മണം ചുഴലവും
ചേർപ്പൂ തടോദ്യാനവും;
മാധ്വീപാനസമുജ്ജ്വലങ്ങളബലാ-
വക്ത്രങ്ങൾ; കന്ദർപ്പനാം
യോദ്ധാവിൻ പടജൈത്രയാത്ര തുടരാ-
നെന്തിന്നി വേണ്ടുന്നതും. ൨

(പ്രതീഹാരി പ്രവേശിക്കുന്നു.)

പ്രതീഹാരി. യുവരാജാവു് വിജയിച്ചാലും! വ്യാധസേനാപതിയായ നിർഘാതകൻ ഇങ്ങനെ തിരുമനസ്സുണർത്തിക്കുന്നു. "കൈലാസപാദത്തിന്റെ പര്യന്തത്തിൽ സഞ്ചരിക്കുന്ന വ്യാധന്മാർ സിംഹവ്യാഘ്രാദിനിഷേവിത

മായി ചന്ദ്രപഥം എന്നു പേരായ ഒരു വനം നായാട്ടിന് എത്രയും പററിയതായി കണ്ടുപിടിച്ചിരിക്കുന്നു” എന്നു്.

ചന്ദ്രാപീഡൻ. സൌദാമിനി, നിർഘാതകനോടു് മുൻപേ ചെന്നു് കൂട്ടരോടുകൂടി കാടിളക്കുവാൻ ശട്ടം കെട്ടു. ഞാനിതാ എത്തിക്കഴിഞ്ഞു.

പ്രതീഹാരി. കല്പനപോലെ [പോയി]

ചന്ദ്രാപീഡൻ. പത്രലേഖേ, നായാട്ടിനു വേണ്ടതെല്ലാം കൊണ്ടുവരൂ.

പത്രലേഖ. ഇതാ വനവിഹാരത്തിനുള്ള ഉപകരണങ്ങളെല്ലാം തയ്യാറുണ്ടു്.

ചന്ദ്രാപീഡൻ [ഒരുങ്ങിയിട്ടു്] പത്രലേഖേ, അകത്തേക്കു ചെല്ലൂ. ഞാൻ നായാട്ടിനായി ദിവ്യവനത്തിലേക്കു് തിരിക്കുന്നു.

പത്രലേഖ. ദേവൻ ഘോരമൃഗസങ്കുലമായ കാട്ടിൽ കരുതലോടെ സഞ്ചരിച്ചുകൊള്ളുമല്ലോ. [പോയി.]

ചന്ദ്രാപീഡൻ [അണിയറയിലേക്കു തിരിഞ്ഞു്] ധാരാധര, ഇന്ദ്രായുധത്തെ ഉടൻ കൊണ്ടുവരൂ.

(ധാരാധരൻ ഇന്ദ്രായുധം എന്ന കുതിരയോടുകൂടി പ്രവേശിക്കുന്നു.)

ധാരാധരൻ. തിരുമേനീ, ഇതാ ഈ ഉത്തമാശ്വം അവിടുത്തെ ആരോഹണത്തിന് സജ്ജമായി നിലകൊള്ളുന്നു.

ചന്ദ്രാപീഡൻ [ഇന്ദ്രായുധത്തെ നോക്കിക്കൊണ്ടു്] ഏതോ അവിജ്ഞേയമായ ശക്തിയുടെ ആവേശം കൊണ്ടെന്നപോലെ ഈ കുതിര ഇന്നു് ഇതിനു മുൻപില്ലാത്ത ഒരു തേജസ്സിനെ ആവഹിക്കുന്നു.

പത്ത്രം പേറിയചേതനം ശരവുമോ-
ട്ടുന്നുണ്ടതെന്നുള്ളിലോ-
ത്തിത്തവ്വായത്തു വിട്ടു ഭ്രവിലവതീ-
ൎണ്ണൻ പക്ഷിരാജേന്ദ്രനോ ?
പേത്ത്രും ബാഡവബന്ധമേററു ഫയമായ്-
ത്തീൻവള്ളൊരാ വായുവോ ?
പ്രത്യക്ഷതപമിയന്നസൂക്ഷ്മതനുവായ്
ചേതസ്സു ഭാസിപ്പതോ ? ൻ

ധാരാധര, നാം തിരിച്ചുവരുന്നതുവരെ സേനാസ ന്നിവേശത്തെ ജാഗ്രതയായി കാത്തുകൊള്ളണമെന്ന് അ മാത്യവൈശമ്പായനനെ അറിയിക്കു.

ധാരാധരൻ. കല്പന പോലെ [പോയി]

(ചന്ദ്രാപീഡൻ ഇന്ദ്രായുധത്തിൻെറ പുറത്തു കയറി അതിനെ പ്രവ ത്തിപ്പിക്കുന്നതായി നടിക്കുന്നു.)

ചന്ദ്രാപീഡൻ. കുതിരയുടെ വേഗം അദ്ഭുതാവഹം തന്നെ. ഒരു ക്ഷണം കൊണ്ടു ഞാനിതാ ചന്ദ്രപഥം എ ന്ന കൈലാസതടത്തിൽ എത്തിക്കഴിഞ്ഞു.

(അണിയറയിൽ)

പാട്ട്—ആനന്ദഭൈരവി.

വിണ്ണോർപുരം ഫണികൾ മേവുന്ന പത്തനവു-
മെണ്ണുന്ന ചാരുവനിതാ-
ഷണ്ഡം നമിക്കുമഴകേന്തുന്ന പുണ്യവതി
കാദംബരിക്കു സമയായ്
മന്നിങ്കലാരഖിലസൌഭാഗ്യധാമമലർ-
മാതിൻപ്രഭാവമുടയോൾ
കണ്ണേ മുറയ്ക്കവളെ വീക്ഷിച്ചു ധന്യത സ-
മാജ്ജിക്കു ശാശ്വതികമായ്.

ചന്ദ്രാപീഡൻ [ഗാനം കേട്ടിട്ടു്] അശ്രുതപൂൎവ്വമായ ഗീതധ്വനി!

അൎത്ഥം തിരിഞ്ഞീല, വിരിഞ്ഞു ഹൃത്താർ
ശ്രുവിച്ചു കാദംബരിയെന്ന നാമം;
ശങ്കിപ്പതെന്തിന്നിഹ ശംബരാരി-
ക്കാരംഭമാലംബവിഹീനമാമോ?

പാടുന്നതാരായിരിക്കാം [ചുററം നോക്കിക്കണ്ടറിഞ്ഞിട്ടു്] അതാ ആ കുന്നിന്മേൽ ഒരു കിന്നരനേയും കിന്നരിയേയും കാണുന്നു. ഓഹോ ഇവരാണു് കാദംബരിയെക്കുറിച്ചു് പാടിയതു്. കിന്നരമിഥുനത്തെ പിടികൂടി ആ സ്ത്രീരത്നത്തിൻെറ വൃത്താന്തം അറിയുവാൻ ശ്രമിക്കാം. ഇന്ദ്രായുധവും എൻെറ പ്രേരണ കൂടാതെതന്നെ ഇവരെ പിൻതുടരുവാൻ കുതികൊള്ളുന്നു. (കടിഞ്ഞാൺ അയച്ചുവിട്ടു് ഗമനവേഗം അഭിനയിക്കുന്നു.) കുതിര വായുവേഗത്തിൽ പായുന്നുവെങ്കിലും അവർ ഇപ്പോഴും അകലത്തു തന്നെ. [ദൂരത്തിൽ ദൃഷ്ടി പതിപ്പിച്ചിട്ടു്] എന്തു്? ഞാൻ നോക്കിക്കൊണ്ടിരിക്കവേ തന്നെ അവർ പൎവ്വതശൃംഗത്തിൽ കയറി മറയുന്നോ? പാറക്കെട്ടുകൾക്കിടയിൽ കൂടി കുതിരയെ നയിക്കുന്നതു് വളരെ പ്രയാസം തന്നെ. [കടിഞ്ഞാൺ വലിച്ചു് കുതിരയെ നിറുത്തിയിട്ടു്] ഹാ! കഷ്ടം! കാദംബരീവൃത്താന്തഗ്രഹണത്തിലുള്ള കൌതുകം കൊണ്ടു് മററെല്ലാം ഞാൻ വിസ്മരിച്ചു. കൂടെപ്പോന്ന നായാട്ടുകാരിൽ നിന്നും ഞാൻ എത്രയോ ദൂരത്തിലായി. വെയിലിൻെറ ചൂടും അസഹ്യമായിരിക്കുന്നു [ഇന്ദ്രായുധത്തെ നോക്കി] കുതിരയും വല്ലാതെ തളൎന്നിരിക്കുന്നു. എവിടെയാണു് ഇതിനെ ഒന്നു വിശ്രമിപ്പിക്കേണ്ടതു്. [ചുററം

ദ്ധ്ഷികളെ വ്യാപരിപ്പിച്ചിട്ട്.] ആവൂ ! ഞാൻ അധന്യനല്ല. എന്തെന്നാൽ,

തണ്ടാരിൻതതി ശൈവലത്തളിരുമായ്
വ്യാമിശ്രിതം കൈരവ-
ത്താണ്ടും ഖണ്ഡിതമായ് കിടപ്പു സുമഗന്ധാഢ്യൻ
ജഗത്പ്രാണനും
കണ്ടീടാമുടനേ ഗമിച്ച ഗജയൂഥത്തിൻെറ
കാല്പാട്, നേർ-
ക്കണ്ടാം താപഹരം സരോവരമടു-
ത്തെന്നെണ്ണിനേനിന്നു ഞാൻ.

ആകട്ടെ, പച്ചിലമരങ്ങൾ തിങ്ങി ശീതളമായ ഈ മാർഗ്ഗത്തിലൂടെ മുൻപോട്ടു പോകുകതന്നെ. [കുറെ ദൂരം ചെന്നിട്ട്] ഇതാ,

മദകലകലഹംസശ്രേണിയാലഞ്ചിതം തു-
മധു മതിയൊളമുണ്ണും ചഞ്ചരീകങ്ങളോടെ
പ്രതിനവരമണീയശ്രീകമായ് സച്ഛനീരം
ചിതറുമൊരു സരസ്സെൻമുന്നിലാമ്മാറു കാണ്മൂ.

ഇന്ദ്രായുധത്തിന് ഇവിടെ സ്വൈരവിഹാരം അനുവദിച്ചിട്ട് നിഖിലേന്ദ്രിയമോഹനമായ ഈ പൊയ്കയുടെ തീരത്തിൽ കുറെ വിശ്രമിക്കാം. [ഇരുന്നിട്ട്] ഈ സരസ്തീരം ഏററവും ആശ്വാസപ്രദം തന്നെ. താമരപ്പൂക്കളുടെ നറുമണം പേറി തിരമാലകളിൽ തട്ടി വീശുന്ന മന്ദമാരുതൻ എൻെറ തളർച്ചയെ നിശ്ശേഷം അപഹരിക്കുന്നു. [ചെവിയോർത്തിട്ട്] ആശ്ചര്യം ! അമാനുഷമായ ഈ വനത്തിൽ വീണാനാദത്തോട് മേളിച്ചുള്ള ഗീതധ്വനി കേൾക്കുന്നതു്

എവിടെ നിന്നായിരിക്കാം. അതാ, അവിടെ ഒരു ദേവാലയം കാണുന്നുവല്ലോ? അങ്ങോട്ടു ചെന്നു് അന്വേഷിക്കാം [ചുററി നടന്നു് ദേവാലയത്തിനകത്തു പ്രവേശിച്ച് അവിടെ കണ്ട ശിവലിംഗത്തെ തൊഴുതിട്ട്] വെണ്മുത്തുകൊണ്ടു് ഘടിതമായ ശിവലിംഗത്തിനു് അടുക്കലായി കാണുന്ന ഈ സ്ത്രീ ആരാണു്?

ഗൌരമാം തനു വഹിച്ചു ശാന്തത കളിച്ചി-
ട്ടുന്ന വദനാഭ പൂ-
ണ്ടാരുവാനിവളുമേശസന്നിധിയിൽ വീണ-
വായനയിലാണ്ടവരം!
ഭൂരിഗർവമപരാധമാത്മധവനപ്പിനാകി-
യിലണയ്ക്കുയാൽ
തീരുവാൻ പിഴ തപസ്സുകൊലുമമലാംഗി
മന്മഥകളത്രമോ? ഫർ

ശരീരികൾക്കു് അവിചാരിതങ്ങളായ പല അനുഭൂതികളും വിധിബലത്താൽ ഉണ്ടായിത്തീരുന്നു.

നായാട്ടുശ്രമഖേദമയം, നൃപതി ഞാൻ,
ദിവ്യാഭ കോലും ബൃഹ-
ത്തോയാസാരമമന്ദമാധുരി പെറും
ഗീതാമൃതം, തന്വിയാൾ
ആയാസത്തൊടു ചേർത്തിണക്കിയിവയി-
ന്നെന്തോ ഘടിപ്പിക്കുവാ-
നീയൂഴം തുടരുന്നതേ വിധി വരാ-,
നുള്ളോന്നതെന്തായിടാം ഫ8

ഈ മഹാഭാഗയുടെ രൂപത്തിനും യൌവനത്തിനും ഒട്ടും ചേൎന്നതല്ല ഈ തപസ്സ്. ഗാനം അവസാനിക്കുന്നതു വരെ കാത്തിരുന്നു് പിന്നീടു് വിവരങ്ങൾ ചോദിക്കാം.

(ചന്ദ്രാപീഡൻ ഒരു ഭാഗത്തേക്കു മാറി നില്ക്കുന്നു. മഹാശ്വേത പാടുന്നു)

## പാട്ടു്.

"കരുണ ചെയ്‌വാനെന്തു താമസം കൃഷ്ണാ!" എന്ന മട്ടു്.

കരുണ ചെയ്‌വാനെന്തു താമസം ശംഭോ !
കഴലിണ കൈതൊഴുന്നേൻ.

ശരണാഗതൎക്കനുഗ്രഹം
വരദാനം ചെയ്യു ചെമ്മേ
ഗിരിശൃംഗോപരി വാഴും
പരമപുരുഷ ! ദുരിതഹരണ ! ഭഗവൻ !...കരുണ...

ശ്രീരതീദേവിയാൾക്കു
മാരൻ തൻഗാത്രം വീണ്ടും
ചേരുവാൻ സാരമാം നിൻ-
കാരുണ്യമൊന്നേ ഹേതു.

ഗൌരീനാഥ ! നിൻ പാദം
ക്രൂരോടെ കൂപ്പുമെന്നിൽ
നേരെ നീ കനിഞ്ഞാലും !
നടനരസിക ! നിഗമവിനുത ! ശംഭോ !...കരുണ....

ചന്ദ്രാപീഡൻ. ഹൃദ്യമായ സംഗീതം !

ആലാപത്തിൻസരണികൾ സുധയ്ക്കുള്ള മാധുര്യമോലാം ;
ചേലാന്നീടാം ഗമകവഴിയും സ്വീയചാതുര്യവായ്പാൽ ;
മേലായ് വ്യഞ്ജിക്കുകയുമെളുതാം മാത്രയും; വിസ്മയം താൻ
മേളം വീണാധ്വനിയെ വിജയിക്കുന്നതേ കണ്ടുനാദം. എന്തു

(മഹാശ്വേത ചന്ദ്രാപീഡനെ കണ്ടിട്ട് എഴുന്നേല്ക്കുന്നു)

ചന്ദ്രാപീഡൻ [കൈ കൂപ്പിക്കൊണ്ട്] ഭഗവതി, ഭാരതവർഷാധിപതിയായ താരാപീഡന്റെ പുത്രൻ ചന്ദ്രാപീഡൻ അഭിവാദനം ചെയ്യുന്നു.

മഹാശ്വേത. [സ്വഗതം] എന്തു് ആ മദ്ധ്യമലോകരാജപുത്രനോ? ഇദ്ദേഹത്തിന്റെ രൂപവിജ്ഞാനവിക്രമങ്ങളാണല്ലോ അച്ഛന്റെ മുൻപിൽ ചാരണന്മാർ മതി വരാതെ പുകഴ്ത്തി കേട്ടിട്ടുള്ളതു്. [പ്രകാശം] മാന്യാതിഥിയുടെ മനോരഥങ്ങൾ നിറവേറട്ടെ. ഏതു കാരണത്താലായിരിക്കുമോ അവിടുന്നു് ഈ ദേശത്തെ സ്വാഗമനം കൊണ്ടു് ധന്യമാക്കിയതു് !

ചന്ദ്രാപീഡൻ. ദിഗ്ജയം കഴിഞ്ഞു് തിരിച്ചു വരും വഴി ഇതിനടുത്തുള്ള ഒരു കാട്ടിൽ ഞാൻ നായാട്ടിലേർപ്പെട്ടിരിക്കുകയായിരുന്നു. അപ്പോൾ കാദംബരി എന്ന സ്ത്രീരത്നത്തെക്കുറിച്ച് പാടിക്കൊണ്ടിരുന്ന കിന്നരമിഥുനത്തെ പിടിപ്പാനുള്ള വ്യർത്ഥശ്രമത്തിൽ ഏകാകിയായി അപരിചിതമായ ഈ സ്ഥാനത്തെത്തി ഭവതിയുടെ പുണ്യദർശനം കൊണ്ടു് ഞാൻ അനുഗൃഹീതനായി.

മഹാശ്വേത. കിന്നരമിഥുനം വലിയ ഉപകാര മാണു് ചെയ്തതു്.

ചന്ദ്രാപീഡൻ [വിചാരം] ഇവളുടെ വൃത്താന്തം എനിക്കും അറിയുവാൻ ആഗ്രഹമുണ്ടു്. ഇതുതന്നെയാണു് ചോദിപ്പാനുള്ള സമയം. [മഹാശ്വേതയെ അഭിപ്രായഗർഭമായി നോക്കുന്നു.]

മഹാശ്വേത. രാജപുത്ര, സംശയിക്കേണ്ട. നാം പരിചിതരായിക്കഴിഞ്ഞിരിക്കുന്നു. അവിടുത്തെ ജിജ്ഞാസ എന്താണു്? ശ്രീപരമേശ്വരനെ ആരാധിക്കുന്നവളായി എന്നെ കണ്ടുവല്ലോ? മന്ദഭാഗ്യയായ എൻെറ വൃത്താന്തം അവിടുത്തേയ്ക്കു് അറിയണമെന്നുണ്ടോ?

ചന്ദ്രാപീഡൻ [സ്വഗതം] ഈ മഹതിയുടെ പരേംഗിതജ്ഞത അദ്ഭുതാവഹം തന്നെ. [പ്രകാശം] പരമാൎത്ഥമാണു് ഭവതി ആശങ്കിച്ചതു്.

മഹാശ്വേത. എന്തിന് ദുഃഖഭൂയിഷ്ഠമായ എൻെറ കഥകൊണ്ടു് അവിടുത്തെ മാനസാഹ്ലാദത്തെ വിഹനിക്കുന്നു. [കണ്ണുനീർ പൊഴിക്കുന്നു]

ചന്ദ്രാപീഡൻ [സ്വഗതം] പ്രിയജനത്തിൻെറ വിയോഗം കൊണ്ടുതന്നെയായിരിക്കണം ഇവളുടെ ഈ ദുഃഖാവേശം.

കണ്ണാം ചിപ്പിയിലങ്കുരിച്ച നവമുത്തിൻ-
കാന്തിയേന്തി, ക്ഷണം
വണ്ണം ചേൎന്നിടതൂൎന്ന പക്ഷ്മതതിയിൽ
തങ്ങീട്ടുടൻ വായ്ക്കുവേ,

ഗണ്ഡത്തിൻ വഴി വാന്ന ബാഷ്പപടല-
ത്താലാർദ്രവക്ഷോജയാ-
യബ്ജോജാക്ഷി സഗദ്ഗദം കരയുവോരം
ദുർവ്വാരദുഃഖത്തിനാൽ. ൧൭

[പ്രകാശം] ആര്യേ, കഴിഞ്ഞ കാര്യങ്ങളെ ഓമ്മിപ്പിച്ച് ഭവതിയെ ഇപ്രകാരം ദുഃഖിതയാക്കിയതു് എന്റെ ഒരു അപരാധമാണു്.

മഹാശ്വേത [വസ്ത്രാഞ്ചലം കൊണ്ടു് കണ്ണുനീർ തുടച്ചിട്ടു്] അവിടുന്നു് അങ്ങനെ പറയരുതു്. ക്രുറുള്ളവരിൽ പക രുമ്പോരം ദുഃഖഭാരം കുറഞ്ഞൊന്നു് സഹ്യമാകുമല്ലോ? കേട്ടുകൊണ്ടാലും!

ചന്ദ്രാപീഡൻ. ഞാൻ അവഹിതനായിരിക്കുന്നു.

മഹാശ്വേത. കിംപുരുഷവർഷത്തിന്റെ ശാസിതാവായി എല്ലാ ഗന്ധർവ്വജനതയെയും അടക്കി ഭരിക്കുന്ന ചിത്രരഥന്റെ നാമധേയം അവിടുന്നു് കേട്ടിട്ടുണ്ടായിരിക്കുമല്ലോ?

ചന്ദ്രാപീഡൻ. ചിത്രരഥൻ ലോകപ്രസിദ്ധനാണല്ലോ?

മഹാശ്വേത. അദ്ദേഹത്തിന്റെ ഇളയ സഹോദരനായ ഹംസന്റെ ഏകപുത്രിയായ മഹാശ്വേതയാണു് ഈ മന്ദഭാഗ്യ.

ചന്ദ്രാപീഡൻ. അപ്രകാരമുള്ള ആഭിജാത്യത്തിനു അനുരൂപമത്രേ ഈ ആകൃതിസൌഭാഗ്യം.

മഹാശ്വേത. ഈ അകൃതപുണ്യയെ നിമിത്തമാക്കി നിഷ്കരുണനായ മദനൻ ആ ദിവ്യർഷികുമാരനെ-നാഥ

പുണ്ഡരീകനെ അനിർവചനീയമായ ഒരു ദശയിലെത്തിച്ചു.

ചന്ദ്രാപീഡൻ [സ്വഗതം] വിവിധങ്ങളായ സുഖാനുഭോഗങ്ങൾക്ക് ആസ്പദമായ ഈ പ്രായത്തിൽ ഇവൾ തപോനുഷ്ഠാനത്തിന് മുതിർന്നതിനെക്കുറിച്ചുള്ള എന്റെ ഊഹം പിഴച്ചില്ല.

മഹാശ്വേത. ഏതോ ഒരു ദിവ്യപുരുഷൻ എന്റെ അനുരാഗഭാജനത്തെ ഊർദ്ധ്വലോകത്തിലേക്ക് നയിച്ചു. ശരീരത്യാഗത്താൽ പ്രിയവിരഹത്തിന് പ്രതീകാരം ചെയ്യുവാൻ സന്നദ്ധയായ എന്നെ ഒരു അശരീരിവാക്ക്, ഈ അച്ഛോദസരസ്തീരത്തിൽ തന്നെ പ്രിയനുമായി പുനസ്സമാഗമം ഉണ്ടാകുമെന്ന് ആശംസിച്ച് ആ സാഹസത്തിൽ നിന്നും തടഞ്ഞു. അന്നുമുതല്ക്ക് ഞാൻ സഫലമാകാത്ത ആശയോടുകൂടി ഭഗവദ് ഭജനത്തിൽ തന്നെ വ്യാപൃതയായി കഴിഞ്ഞുകൂടുകയാണ്. ഇനിയും എത്ര കാലത്തേക്കാണ് ഈ ഹതശരീരത്തെ ധരിക്കേണ്ടതെന്ന് അറിയുന്നില്ല. [കരയുന്നു]

ചന്ദ്രാപീഡൻ. ആര്യേ, ദൈവതഭാഷിതത്തിൽ ഒട്ടുംതന്നെ അവിശ്വാസം വേണ്ട. വിശേഷിച്ചും കാലകാലനായ ഭഗവാന്റെ ഉപാസനയല്ലേ ഭവതി അനുഷ്ഠിക്കുന്നത്. അതിനാൽ നൈരാശ്യം വെടിഞ്ഞ് ധൈര്യം അവലംബിക്കൂ.

മഹാശ്വേത [ശോകാവേഗത്തെ അടക്കി ചെവിയോർത്തിട്ട്] കാലൊച്ച കേൾക്കുന്നുവല്ലോ. [ഒരു വശത്തേക്കു നോക്കിക്കൊണ്ട്] ഹേമകൂടത്തിൽ നിന്നും തരളിക മടങ്ങി വരുകയാണ്. കൂടെ കന്യാന്തഃപുരാധികാരിയായ കേയൂരകനുമുണ്ട്.

ചന്ദ്രാപീഡൻ. ഈ തരളിക ആരാണു്?

മഹാശ്വേത. അവളാണു് എന്റെ എല്ലാ ദുഃഖങ്ങൾക്കും സാക്ഷിഭൂതയായ കൂട്ടുകാരി.

(തരളികയും കേയൂരകനും പ്രവേശിക്കുന്നു.)

തരളിക [ചന്ദ്രാപീഡനെ നോക്കിയിട്ടു് സ്വഗതം] ഈ മഹാഭാഗൻ ആരായിരിക്കും? ജയന്തനേയും നളകൂബരനേയും കൂടി സൌന്ദര്യത്തിൽ അതിശയിക്കുന്നുവല്ലോ!

കേയൂരകൻ [സ്വഗതം] അത്രത്തോളം രൂപലാവണ്യത്തോടുകൂടി കാദംബരീദേവിയെ സൃഷ്ടിച്ച ബ്രഹ്മാവു് ഈ വിധത്തിൽ ഒരു പുരുഷാകൃതിയെ ലോകത്തിനു് സംഭാവനം ചെയ്തതു് യുക്തം തന്നെ.

(തരളികയും കേയൂരകനും മഹാശ്വേതയുടെ അടുക്കൽ ചെല്ലുന്നു.)

കേയൂരകൻ. സ്വാമിനി വിജയിച്ചാലും!

തരളിക. ഭർത്തൃദാരികയ്ക്കു് മംഗളം ഭവിക്കട്ടെ.

മഹാശ്വേത. തരളികേ! കാദംബരി എന്റെ നിർദ്ദേശത്തെ കൈയ്ക്കൊണ്ടുവോ?

ചന്ദ്രാപീഡൻ [സ്വഗതം] കിന്നരഗാനത്തിനു് വിഷയീഭൂതയായ കാദംബരിയെക്കുറിച്ചുതന്നെയായിരിക്കുമോ ഇവർ സംസാരിക്കുന്നതു്?

കാതാന്നു സൌഖ്യമഭിധാനപദം ശ്രവിച്ചു്;
ഖേദിപ്പു നേത്രമവളെബ്ബത കണ്ടിടാതെ;
ചേതസ്സവയ്ക്കിടയിലദ്ഭുതരാഗവായ്പാം
വാതത്തിനാൽ പരമുലഞ്ഞു വശംകെടുന്നു. ൧൭

തരളിക. അവിടുത്തെ സന്ദേശം അതേ വിധം തന്നെ ഞാൻ ദേവിയെ അറിയിച്ചു. അപ്പോൾ ദേവി

അതിമാത്രം ദുഃഖിതയായി ഈ ആയ്യകേയൂരകനോടായി ഏതോ പ്രതിസന്ദേശം പറഞ്ഞയച്ചിരിക്കുകയാണു്. അതു് അദ്ദേഹം തന്നെ അവിടത്തോടു് പറയും.

മഹാശ്വേത. ആയ്യ, പറഞ്ഞാലും.

കേയൂരകൻ. കാദംബരീദേവി ഇങ്ങനെ അരുളിച്ചെയ്യുന്നു:—"പ്രിയസഖിയുടെ സന്ദേശം സ്വാഗ്രഹത്തിൽ താമസിക്കുന്ന എൻെറ അപരാധത്തിനു് നിപുണമായ ഉപാലംഭമായി. എന്തിനധികം പറയുന്നു.

മത്പ്രാണസംസ്ഥിതിയിലാശ നിനക്കിരിക്കെ-
ക്കല്ലിപ്പതെന്തിതു വിധം സഖി നിർഘൃണം നീ?
നല്ലൊന്നു സഖ്യമതിനാണു കഥിപ്പു പററാ
തീപ്പിന്നിളക്കമൊരുനാളുമെനിക്കു സത്യം." എൻ

മഹാശ്വേത. പ്രിയസഖിയുടെ നിർബന്ധം വല്ലാത്തതു തന്നെ. അല്ലെങ്കിൽ മന്ദഭാഗ്യയായ ഞാനാണല്ലോ ഗന്ധർവകുലത്തിനു മുഴവൻ ദുഃഖകാരിണിയായി തീന്നിരിക്കുന്നതു്. ആകട്ടെ യഥാവസരം ചോദിക്കാം.

കേയൂരകൻ [സ്വഗതം] മഹാദേവി മദിര രഹസ്യമായി പറഞ്ഞയച്ചിട്ടുള്ളതും സ്വാമിനിയെ അറിയിക്കാം.

(മഹാശ്വേതയുടെ ചെവിയിൽ മന്ത്രിക്കുന്നു.)

മഹാശ്വേത [സ്വഗതം] ഈ രാജകുമാരനെ ഇവിടെ വരുത്തിയതു് അമ്മയുടെ അഭിമതം അനുസരിച്ചോ? കോമളരൂപനായ ഇദ്ദേഹത്തെ പ്രദശിപ്പിച്ചു് തോഴിയുടെ പ്രതിജ്ഞയെ ശിഥിലീകരിക്കണം എന്നു ചുരുക്കം. [പ്രകാശം] ആയ്യകേയൂരക, നേരം വൈകിയതുകൊണ്ടു് ഇന്നു വേണ്ട. നാളെ ഞാൻതന്നെ വന്നു് കാദംബരിയുടെ ദുശ്ശാഠ്യം

നീക്കാം. അങ്ങ് മുൻപേ ചെന്ന് ഞങ്ങൾ വരുന്ന വിവരം സഖിയെ അറിയിക്കൂ.

കേയൂരകൻ. സ്വാമിനിയുടെ ആജ്ഞപോലെ.

[പോയി]

ചന്ദ്രാപീഡൻ. ആര്യേ! ഈ കാദംബരി ആരാണ് ?

മഹാശ്വേത. ചിത്രരഥൻ എന്ന ഗന്ധർവ്വരാജാവിന്റെ മകളാണ് കാദംബരി. എന്റെ പ്രിയവയസ്യയായ അവൾ ഒരു ശപഥം ചെയ്തിട്ടുണ്ട്. അവളുടെ സഖിയായ ഞാൻ ദുഃഖിതയായിരിക്കുമ്പോൾ അവൾ വിവാഹത്തിന് വഴിപ്പെടുകയില്ലത്രെ. അതുനിമിത്തം ഗന്ധർവ്വരാജകുലം മുഴുവൻ ഉല്ലാസരഹിതമായിരിക്കുന്നു.

ചന്ദ്രാപീഡൻ. ഇതു കടുപ്പം തന്നെ. അല്ലെങ്കിൽ അപ്രകാരമുള്ള സൗഹാർദത്തിന് ഈ പ്രതിജ്ഞ ഒട്ടും ക്രൂരതലെന്ന് പറയുവാനില്ല.

നിന്നെപ്പരിചയമില്ലാ-
ത്തവരും ദുഃഖിപ്പു കാൺകിൽ നിൻ നിലയെ
സഹപാംസുക്രീഡാസുഖ-
മാർന്നവൾ കഥയെന്തുവാൻ പിന്നെ ? ൨൦

മഹാശ്വേത. അതിരിക്കട്ടെ. കുമാരനും നാളെ പ്രഭാതത്തിൽ എന്നോടൊപ്പം കാദംബരിയെ കാണാൻ വരണം.

ചന്ദ്രാപീഡൻ [സ്വഗതം]

കാദംബരിയെന്നതുകേ-
ട്ടാതങ്കം പരമെഴുന്നു ഹൃദയത്തിൽ
കാതരമിഴിയെക്കാണു-
മ്പോതനുഭവമേതുമട്ടാമോ ?

[പ്രകാശം] ആൎയ്യേ, ഭവതിയുടെ ഏതൊരാജ്ഞയും അനുസരിക്കപ്പെടേണ്ടതാണല്ലോ ?

തരളിക. മഹാനുഭാവത്വത്തിനു് സദൃശമായ വാക്കുകൾ.

മഹാശ്വേത. തരളികേ, യുവരാജാവിന്നു് വിശ്രമസ്ഥാനം കാണിച്ചു കൊടുക്കൂ.

തരളിക. കല്പനപോലെ. [ചന്ദ്രാപീഡനോടു്] മഹാഭാഗ, ഇതിലേ എഴുന്നള്ളാം.

ചന്ദ്രാപീഡൻ. [എഴുന്നേററു് പുറം നോക്കിക്കൊണ്ടു്]

അപ്പദ്മിനീപ്രണയമൎക്കനെടിപ്പതിന്നായ്
ചൊല്ലാന്ന സാഹ്യവിധിചെയ്യോരു വാസരശ്രീ
കെല്പററു വാട്ടകയിലുത്കടദുഃഖമേന്തി-
യുൾപ്പുക്കു മന്ദരദരീഗൃഹമങ്ങു ഭാസ്വാൻ.

(എല്ലാവരും പോയി)

# രണ്ടാം അങ്കം

(അനന്തരം ചന്ദ്രാപീഡനും മഹാശ്വേതയും പ്രവേശിക്കുന്നു. തരളിക മുൻപിൽ നടന്നു് മാൎഗ്ഗനിൎദ്ദേശം ചെയ്യുന്നു.)

ചന്ദ്രാപീഡൻ [ആത്മഗതം]

ഇന്നലെയിരവിൽ സ്വപ്നം
തന്നിൽ കണ്ടുള്ള മാൎഗ്ഗമിതു നിയതം
ഉന്നിദ്രാഭാസ്സദമ-
കന്യ്യയുമവളാകിൽ ഞാൻ സുകൃതി. ൧

[പ്രകാശം] ആൎയ്യേ, ഇക്കാണുന്നതു തന്നെയല്ലേ ഹേമകൂടപൎവതം.

മഹാശ്വേത. അതേ.

തരളിക. ഇതിന്റെ മുകളിലാണു് ഗന്ധൎവരാജനഗരം.

ചന്ദ്രാപീഡൻ. ചിത്രരഥരാജധാനിയുടെ രമണീയത അന്യാദൃശം തന്നെ.

ഭിത്തുക്കളുടെ വിഭ്രമം, നിഖിലമേററവുമാരാമവും,
പ്രതപ്തകനകാഭമാം മലർ വിടൎത്തിടും വാപിയും,
സുധാമധുരഗീതകധ്വനി മുഴക്കിടും ഹൎമ്മ്യവും,
നിതാന്തരമണീയതാനിലയനങ്ങൾ കാണ്മോളവും. ൨

മഹാശ്വേത. രാജകുമാര, അതാണു് കാദംബരീദേവിയുടെ മന്ദിരം.

ചന്ദ്രാപീഡൻ. കന്യാന്തഃപുരം ഏററവും വിസ്മയാവഹമായിരിക്കുന്നു.

വിൺഗംഗയ്ക്കെതിർകാന്തി വെൺകൊടി പര-
ത്തുന്നൂ വിയത്താകവേ ;
പൊങ്ങും കേകികൾ പോലെ തോരണമണി-
ച്ഛായാചയം മോഹനം ;
അങ്ങിങ്ങംഗനമാർകചങ്ങളൊടിണ-
ങ്ങീടുന്ന പുഷ്പോത്കരം
കൺകക്കും കതിർ വീശിടുന്ന നിശയിൽ
സൌവർണ്ണതാരങ്ങൾ പോൽ. ൩

തരളിക. ഇതാണ് അകത്തേക്കു കടക്കാനുള്ള വാതിൽ.

മഹാശ്വേത. ആര്യൻ പ്രവേശിച്ചാലും!

ചന്ദ്രാപീഡൻ [സ്വഗതം] മനസ്വിനിയായ ഇവൾ കൂട്ടിച്ചുകൊണ്ടുപോകുന്നതുകൊണ്ട് അന്തഃപുരപ്രവേശനം എനിക്ക് അനുചിതമല്ല.

(എല്ലാംപേരും അകത്തു പ്രവേശിക്കുന്നു.)

മഹാശ്വേത. രാജകുമാര, ദേവിയുടെ പരിജനങ്ങൾക്കുള്ള കൃത്യനിർവഹണപാടവം കണ്ടില്ലേ ?

ചന്ദ്രാപീഡൻ. ഞാൻ കാണുന്നുണ്ട്.

അഞ്ചിതസ്തനമുലഞ്ഞിടുംപടിയൊരുത്തി
വല്ലകി പഠിപ്പൂ ; നല്-
പഞ്ജരസ്ഥിതശുകത്തിനോതിടുവളന്യ
പാട്ടുകൾ മുറയ്ക്കഹോ ;
മഞ്ജുളാംഗി മദനന്റെ ചിത്രമെഴുതുന്നു
മറ്റൊരുവൾ ; ബർഹിയെ-
ത്തഞ്ചമോടപര നൃത്തരീതി വശമാക്കി-
ടുന്നു കൃതതാളയായ്.

(എല്ലാംപേരും ചുററി നടക്കുന്നു)

മഹാശ്വേത. ആര്യൻ ആ മണ്ഡപം കാണുന്നില്ലേ!

ചന്ദ്രാപീഡൻ [നോക്കിയിട്ട് സ്വഗതം] മണ്ഡപത്തിൽ ഇരിക്കുന്ന കോമളാംഗി തന്നെ ആയിരിക്കാം ആ കാദംബരി. (മഹാശ്വേതയോട്) ആര്യേ,

തനിക്കു ചേർന്നതാം വേഷം
തങ്കും തരുണിമാരുമായ്
നിധിദേവതമാർ ചൂഴും
രമപോലിവളാരുവാൻ ?

മഹാശ്വേത. ഇവളത്രേ ഗന്ധർവ്വകുലത്തിന് മണിദീപികയും വിധിയുടെ സ്ത്രീസൃഷ്ടിവൈഭവത്തിന്റെ പരമസീമയും ആയ കാദംബരി.

ചന്ദ്രാപീഡൻ. എന്ത് ആ ചിത്രരഥനന്ദിനിയോ? [സ്വഗതം]

കല്യശ്രീകലരും മുഖത്തിനരികെ-
പ്പാറുന്ന വണ്ടിൻ കുലം
മെല്ലെപ്പല്ലവകോമളാംഗുലികളാൽ
പായിച്ചു, കർണ്ണങ്ങളിൽ
തെല്ലൊന്നുച്ചലിതം ശിരീഷയുഗളം
സ്ഥാനത്തിലർപ്പിച്ചു പൂ-
വില്ലൻതൻജയവൈജയന്തിയതുപോൽ
ഭാസിപ്പു തന്വംഗിയാം.

മഹാശ്വേത. തരളികേ, നീ ചെന്ന് ദേവിയോട് മദ്ധ്യമലോകരാജപുത്രനായ ഇദ്ദേഹത്തിന്റെ ആഗമനവൃത്താന്തം അറിയിക്കൂ.

തരളിക. ആര്യയുടെ നിർദ്ദേശംപോലെ. [കുറച്ചുദൂരം നടന്നിട്ട്] കാദംബരീദേവിയോട് കേയൂരകൻ എന്തോ മന്ത്രി

ക്കുന്ന രാജകുമാരൻെറ രൂപപ്രശംസ തന്നെയായിരിക്കാം. ഞാനും ദേവിക്കു് ഏററവും പ്രിയമായ വാൎത്ത നിവേദനം ചെയ്യട്ടെ. [പോകുന്നു.]

മഹാശ്വേത. രാജകുമാര, കാദംബരി നൂതനാഗതനായ അങ്ങയെ ആസ്ഥാനമണ്ഡപത്തിൽ വെച്ചു സത്കരിക്കുവാൻ ഇടയുള്ളു. അതുകൊണ്ടു് നമുക്കു് അങ്ങോട്ടേക്കു പോകാം.

ചന്ദ്രാപീഡൻ. ആകട്ടെ. [രണ്ടുപേരും പോകുന്നു]

(അനന്തരം കാദംബരി സഖിമാരോടും കേയൂരകനോടും കൂടി പ്രവേശിക്കുന്നു.)

കാദംബരി [സ്വഗതം] കേയൂരകൻെറ ഈ വൎണ്ണന കൊണ്ടു തന്നെ എൻെറ ഹൃദയം അധീരമായിരിക്കുന്നു. [പ്രകാശം] പ്രിയസഖി അദ്ദേഹത്തെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരുകയും ചെയ്യുമോ?

കേയൂരകൻ. അക്കാൎയ്യം സംശയിപ്പാനുണ്ടോ? ദേവിയുടെ ഹിതം സ്വയം അറിഞ്ഞു് പ്രവൎത്തിക്കുന്നതിൽ ആൎയ്യയ്ക്കുള്ള പ്രാഗല്ഭ്യം നല്ലവണ്ണം തെളിഞ്ഞിട്ടുള്ളതാണല്ലോ ? [സ്വഗതം] ആ രാജപുത്രൻെറ സൌന്ദൎയ്യാതിശയം വൎണ്ണിക്കുവാനുള്ള കെല്പു് എനിക്കില്ല. എങ്കിലും എൻെറ വാക്കുകൾ ഇവളുടെ ഹൃദയത്തെ വല്ലാതെ ഇളക്കിമറിച്ചിട്ടുണ്ടു്.

തരളിക. [കാദംബരിയുടെ അടുക്കൽ ചെന്നിട്ടു്] ദേവി വിജയിച്ചാലും.

കാദംബരി [സംഭ്രമത്തോടുകൂടി] അല്ല, മഹാശ്വേത എത്തിക്കഴിഞ്ഞോ ?

തരളിക. ഉവ്വ്. അതു് അറിയിക്കുവാൻ തന്നെയാണു് ഞാൻ മുൻപേ വന്നതു്.

മദലേഖ. ആ രാജപുത്രൻ കൂടി ഉണ്ടോ ?

കാദംബരി [സ്വഗതം] തരളികയുടെ സമാധാനം എന്തായിരിക്കുമോ ?

തരളിക. ഗന്ധർവലോകത്തിനു ലഭിച്ച ആ മഹനീയാതിഥിയെ യഥോചിതം സംഭാവനം ചെയ്യുന്നതിനു് ദേവി സന്നദ്ധയാകണമെന്നുള്ള ആര്യയുടെ നിദേശമാണു് എനിക്കു് അറിയിക്കുവാനുള്ളതു്.

തമാലിക. മദലേഖേ, ഇങ്ങനെയുള്ളതാണു് ആര്യയുടെ സഖീസ്നേഹം.

കാദംബരി [കപടകോപം നടിച്ചുകൊണ്ടു്] എങ്ങനെയുള്ളതു് ?

തമാലിക [പുഞ്ചിരിയോടെ] മറ്റൊന്നുമല്ല. പതിവില്ലാത്തമട്ടിൽ ആര്യ ആശ്രമത്തിൽ നിന്നു് ഇന്നു് ഇവിടെ സഖിയെ കാണുവാൻ വന്നല്ലോ എന്നതുകൊണ്ടു് പറഞ്ഞതാണു്.

കാദംബരി [സ്വഗതം] തരം പോലെ പറഞ്ഞു നില്ക്കുവാനുള്ള സാമർത്ഥ്യം തമാലികയ്ക്കു് മുൻപുതന്നെയുള്ളതാണല്ലോ ? [പ്രകാശം] കേയൂരക, ആര്യ വന്നിരിക്കുന്നുവെന്നു് അമ്മയോടു ചെന്നു പറയൂ.

കേയൂരകൻ [സ്വഗതം] ചന്ദ്രാപീഡൻ വന്നിട്ടുള്ള വിവരം മഹാദേവിയെ അറിയിക്കുവാൻ ഞാനും ചുമതലപ്പെട്ടവനാണല്ലോ ? [പ്രകാശം] ദേവിയുടെ കല്പനപോലെ.

[പോയി]

കാദംബരി. തമാലികേ, നമുക്കു് ആസ്ഥാനമണ്ഡപത്തിൽ ചെന്നു് ആര്യയെ എതിരേല്ക്കാം.

തരളിക. ദേവി ഇതിലേ എഴുന്നള്ളാം.

കാദംബരി [സ്വഗതം] ആ രാജപുത്രനെ കാണ്മാനുള്ള കൌതുകത്താൽ എന്റെ മനസ്സ് ശരീരത്തെ പിന്നിലാക്കിക്കൊണ്ടു് മുൻപോട്ടു കുതിക്കുന്നു.

(ഒരു ഭാഗത്തിലൂടെ മഹാശ്വേതയും ചന്ദ്രാപീഡനും പ്രവേശിക്കുന്നു.)

ചന്ദ്രാപീഡൻ [കാദംബരിയെ കണ്ടിട്ടു് സ്വഗതം] അഹോ!

സ്രസ്തമാം ചികുരഭാരമേന്തിയൊരു കൈത്തലത്തി-
ലിതരത്തിനാ-
ലുത്തരീയകമഴിഞ്ഞതക്കുളുർമുലത്തടങ്ങളി-
ലണച്ചുമേ
ബദ്ധസംഭ്രമമമന്ദമാം ഗതിവഹിച്ചുകമ്പടി
യെഴാതെ താ-
നെത്തിടുന്നു ബത കേവലാംഗന കണക്കു
ചൈത്രരഥിയാളിവൾ. ൧

മഹാശ്വേത എന്തു്! സഖി നമ്മെ സ്വീകരിപ്പാൻ ഇങ്ങോട്ടു വരുന്നോ?

(കാദംബരി മഹാശ്വേതയെ നമസ്കരിക്കുന്നു.)

മഹാശ്വേത. ഭദ്രേ, കുശലം ഭവിക്കട്ടെ (ചന്ദ്രാപീഡനെ നിർദ്ദേശിച്ചുംകൊണ്ടു്) കാദംബരി, ഭാരതവർഷചക്രവർത്തിയായ താരാപീഡന്റെ പുത്രൻ ചന്ദ്രാപീഡനാണു് ഇദ്ദേഹം. ഭുജബലത്താൽ ഭൂമണ്ഡലം മുഴുവൻ വശീകരിച്ച ഈ രാജ

പുത്രൻ നമ്മുടെ ഭാഗധേയംകൊണ്ടു് ഇന്നു് ഇവിടെ സമാഗതനായിരിക്കുന്നു. ഇദ്ദേഹത്തിൻെറ സത്കാരത്തിൽ നീ സവിശേഷമായ സൗമനസ്യം പ്രദർശിപ്പിക്കുമല്ലോ!

കാദംബരി [സ്വഗതം] ഇദ്ദേഹത്തിൻെറ ദർശനംകൊണ്ടുതന്നെ അവശയായിത്തീന്നിരിക്കുന്ന ഞാൻ എങ്ങനെ സത്കാരവിധിക്കു് കഴിവുള്ളവളാകും ?

തമാലിക. ഭർത്തൃദാരികേ, ആയ്യ പറഞ്ഞതു കേട്ടില്ലേ ? ആ വിധത്തിൽ ആയ്യപുത്രനെ സംഭാവനംചെയ്യു.

കാദംബരി. ഏതു വിധത്തിൽ ?

തമാലിക. എങ്ങനെ ആയാൽ ആയ്യയ്ക്കു് പ്രിയമാകുമോ അങ്ങനെ.

കാദംബരി. നിൻെറ ഇത്തരത്തിലുള്ള വാക്കുകളുടെ അത്ഥം മനസ്സിലാക്കുവാൻ എനിക്കു ശക്തിയില്ല.

ചന്ദ്രാപീഡൻ [കാദംബരിയെ വീക്ഷിച്ചുകൊണ്ടു് സ്വഗതം]

ആരംഭിപ്പൂ ഗമിപ്പാൻ ത്വരയൊടനവധിപ്പീല
　　നവ്യോന്നതശ്രീ-
ഭാരംതാങ്ങും നിതംബം ക്ഷണമൊരു മറവാർ-
　　ന്നോത്തപോലക്ഷിയുഗ്മം
പേറുന്നു വക്രവീക്ഷാചതുരതയചിരാഭ്യസ്ത-
　　മുത്തുംഗമൗഗ്ദ്ധ്യം
ചേരും വൈദഗ്ദ്ധ്യവും പെണ്മണി നവയുവതാ-
　　ശ്ലേഷസൗഭാഗ്യമാന്നോരം. വൃ

കാദംബരി [സ്വഗതം] ആകട്ടെ എങ്ങനെയെങ്കിലും അതിഥിജനത്തോടുള്ള ആചാരത്തെ പരിപാലിക്കാം.

(ലജ്ജാവനമ്രമുഖിയായി ചന്ദ്രാപീഡനെ തൊഴുന്നു)

ചന്ദ്രാപീഡൻ [കാദംബരിയോട്] ആര്യമഹാശ്വേതയുടെ പ്രിയസഖിയായ അവിടുത്തോട് ഞാൻ കുശലം ചോദിച്ചുകൊള്ളട്ടെയോ ?

മദലേഖ [സിംഹാസനം ചൂണ്ടിക്കാണിച്ച്] ആര്യൻ സിംഹാസനത്തിൽ എഴുന്നള്ളിയിരിക്കാമല്ലോ.

മഹാശ്വേത. കുമാര, ഇരിക്കൂ.

ചന്ദ്രാപീഡൻ ഇരിക്കുന്നു. മഹാശ്വേത ഇരുന്നിട്ട് അടുക്കൽ കാദംബരിയെ പിടിച്ചിരുത്തുന്നു)

കാദംബരി (ചന്ദ്രാപീഡനെ കടാക്ഷിച്ചിട്ട് സ്വഗതം) കഷ്ടം എന്റെ ആ പ്രതിജ്ഞ എവിടെ ? ഇദ്ദേഹത്തിനെ കാണുമ്പോൾ ഇതിനു മുൻപെങ്ങും അനുഭവിച്ചിട്ടില്ലാത്തവിധം എന്റെ മനസ്സിനെ ബാധിക്കുന്ന വികാരങ്ങൾ എവിടെ ?

മഹാശ്വേത. കാദംബരി, സൌഖ്യംതന്നെയല്ലേ ?

കാദംബരി. ഇപ്പോൾ നിങ്ങളെ കണ്ടതുകൊണ്ട്.

മഹാശ്വേത. കുമാര, കാദംബരി മിതഭാഷിണിയായിരിക്കുന്നതിൽ അന്യഥാ സംശയിക്കേണ്ട. അവളുടെ അന്യാദൃശമായ സംഭാഷണചാതുര്യം യഥാവസരം അങ്ങേയ്ക്കു ബോധ്യപ്പെടും.

തമാലിക [മദലേഖയോട് സ്വകാര്യമായി] മദലേഖേ, ഇദ്ദേഹമാണ് ദേവിക്ക് അനുരൂപനായ വരൻ.

മദലേഖ [സ്വകാര്യമായി] എന്തുചെയ്യാം. ദേവിയുടെ ആ പ്രതിജ്ഞാനിർബന്ധം മാറിയാലല്ലേ എല്ലാററിനും മാർഗ്ഗമുള്ളു.

മഹാശ്വേത. കാദംബരി, എൻെറ ദുർവ്വിധിയിൽ അനുശോചിച്ചുകൊണ്ടുള്ള നിൻെറ ഈ കന്യകാഭാവം ഗന്ധർവ്വലോകത്തിൻെറ ഉല്ലാസത്തെ എത്രമാത്രം അപഹരിക്കുന്നുവെന്ന് നീ അറിയുന്നുണ്ടോ ?

തമാലിക. ഇതൊരു അസുലഭമായ ഭാഗ്യമാണ്.

മദലേഖ. എങ്ങനെ ?

കാദംബരി [പുരികം ചുളിച്ചുകൊണ്ട് തമാലികയെ നോക്കുന്നു.]

മദലേഖ [സ്വകാര്യമായി] തമാലികേ, മതിയാക്കൂ. ദേവി കോപിച്ചു നോക്കുന്നതു കണ്ടില്ലേ ?

തമാലിക [സ്വഗതം] ഇങ്ങനെ പറഞ്ഞു നില്ക്കാം. ഗന്ധർവ്വചക്രവത്തിയുടെ കുമാരി ആതിഥ്യം ആചരിക്കുന്നു. അതിഥിയോ ? മധ്യമലോകചക്രവത്തിയുടെ കുമാരനായ ഈ മഹാനുഭാവൻ ഈ സമാഗമത്തെ എങ്ങനെ അഭിനന്ദിക്കാതിരിക്കും !

ചന്ദ്രാപീഡൻ [സ്വഗതം] എൻെറ മനോരഥങ്ങൾ നിരവകാശങ്ങളല്ല. എന്തെന്നാൽ,

കളിച്ചു നികടസ്ഥയോടൊളിവിലാളി പേശുന്നവാ-
റുലച്ചു പുരികങ്ങളക്ഷമ നടിപ്പതുണ്ടിന്നിവൾ.
വളത്തിടുവൾ വിഭ്രമപ്പൊലിമ ലജ്ജ ചേർന്നീടിലും
കുളപ്പതു മനസ്സിവൾക്കിവനിലെങ്കിൽ ഞാൻ
ധന്യനായ്.

മഹാശ്വേത. കാദംബരി, ഫലതാംബൂലാദികൾ ഉപഹാരമായി സമർപ്പിച്ചു മാന്യാതിഥിയെ സംഭാവനം ചെയ്യൂ.

(തമാലിക ഫലതാംബൂലാദികൾ കനകത്താമ്പാളത്തിൽ കൊണ്ടുവന്ന് കാദംബരിയുടെ കയ്യിൽ കൊടുക്കുന്നു.)

കാദംബരി [മഹാശ്വേതയോട്] സഖി, രാജപുത്രനെ കൊടുക്കൂ.

മഹാശ്വേത. നാമെല്ലാം ഒന്നുപോലെ അതിഥിയെ ഉപചരിക്കേണ്ടതാണല്ലോ!

ചന്ദ്രാപീഡൻ എന്റെ മേന്മ കൂട്ടുവാൻ എന്തിന് ഇത്രയെല്ലാം ആയാസപ്പെടുന്നു?

(കാദംബരി ലജ്ജിച്ചു നില്ക്കുന്നു.)

മഹാശ്വേത. കാദംബരി, ലജ്ജിക്കേണ്ട. ഇദ്ദേഹത്തെ ചിരപരിചിതനെപ്പോലെ കരുതി സമുചിതമായ ആതിഥ്യം ആചരിക്കൂ.

മദലേഖ. ദേവി, ആര്യയുടെ അരുളപ്പാടിനെ അവഗണിക്കരുത്.

കാദംബരി [സ്വഗതം] എന്റെ ഹൃദയം പതറുന്നു. മഹാശ്വേതയും സഖിമാരും എന്റെ ഭാവഭേദം അറിഞ്ഞേക്കുമോ? ഈ രാജപുത്രൻ എന്നെക്കുറിച്ച് എന്തു വിചാരിക്കും? അതുകൊണ്ട് ഒരുവിധം ധൈര്യം അവലംബിച്ച് ആതിഥ്യം നിർവഹിക്കാം.

[കാദംബരി അവനതമുഖിയായി താമ്പൂലം നീട്ടുന്നു.]

ചന്ദ്രാപീഡൻ. ഗന്ധർവരാജകുമാരി, ഇതു നമ്മുടെ നേർക്ക് അവിടുന്ന് പ്രദർശിപ്പിക്കുന്ന ആദരാതിശയത്തിന്റെ നാന്ദിയാണ്. [കനകത്താമ്പാളം കയ്യിൽ വാങ്ങി സ്വഗതം] എന്റെ ഈ കൈത്തലം അസാധാരണമായ ഒരു ഭാഗ്യമാണ് ഇപ്പോൾ അനുഭവിച്ചത്.

പുളകങ്ങളാകുമണികേസരങ്ങളും
തെളിവാർന്ന ഘർമ്മമകരന്ദബിന്ദുവും

തരളാംഗുലീദളവുമുദഗ്രഹിപ്പൊര-
ക്കരപങ്കജത്തിലൊരുമട്ടു തൊട്ടു ഞാൻ. ൧൦

[കാദംബരിയുടെ വള ഊരി നിലത്തുവീഴുന്നതു കണ്ടിട്ട് വീണ്ടും വിചാരം] ഇപ്പോഴും ഞാൻ അസന്തുഷ്ടനായിരിക്കുന്നതെന്തു്?

വിറയ്ക്കും കൈത്താർവിട്ടഥഹ്രപതിതം രത്നവലയം
മറക്കുന്നു പേറാൻ തരുണി മതിമോഹപ്പെരുമയാൽ;
മുറയ്ക്കെന്നിൽ കാമൻ വികൃതികളുണയ്ക്കുന്നു; ഹൃദയം
തിരക്കുന്നു ശങ്കാതരളിതമിവൾക്കുള്ള നിലയും. ൧൧

തമാലിക [ചിരിച്ചുകൊണ്ട് സ്വകാര്യമായി] മദലേഖേ, ഗന്ധർവരാജപുത്രിയുടെ ഔദാര്യം കണ്ടില്ലേ? രാജകുമാരന് തൻെറ രത്നകങ്കണം കൂടി കാഴ്ച വെയ്ക്കുന്നു.

കാദംബരി [വള ഊരി വീണതറിഞ്ഞിട്ട് സ്വഗതം] എന്റെ ധൈര്യത്തിന് എങ്ങനെ ഇത്രമാത്രം മാററം സംഭവിച്ചു? കയ്യിൽനിന്ന് ഊരി വീഴുന്ന വളപോലും ഞാൻ അറിയുന്നില്ല. മഹാശ്വേത എൻെറ ഈ ചാഞ്ചല്യം മനസ്സിലാക്കിയോ എന്തോ? [പരിഭ്രമം മറച്ച് കോപം നടിച്ചിട്ട്] തമാലികേ, നിൻെറ തെററാണിതു്. എൻെറ കൈവള നീ വേണ്ടപോലെ മുറുക്കിത്തിരുകിയിരുന്നില്ല. നിലത്തു വീണുകിടക്കുന്ന ആ വള ഇങ്ങെടുത്തു തരൂ.

തമാലിക. ദേവിക്കുതന്നെ എടുക്കാമല്ലോ?

കാദംബരി. ഇരിക്കട്ടെ! ഈ ധിക്കാരമെല്ലാം ഞാൻ മറക്കുന്നതല്ല. [മദലേഖയോട്] മദലേഖേ, അസംബന്ധം പുലമ്പുന്ന ഈ തമാലിക ഒന്നും ചെയ്യേണ്ട. നീതന്നെ വള എടുത്തു് എൻെറ കയ്യിൽ ഇട്ടുതരൂ.

[മദലേഖ ചിരിച്ചുകൊണ്ടു് വള എടുത്തു് ഇട്വിക്കുന്നു.]

ചന്ദ്രാപീഡൻ [വിചാരം] ഇപ്പോഴം എന്റെ വിചാരം അസ്ഥാനത്തിലല്ലെന്നു തോന്നുന്നു.

ഭാവം വ്യഞ്ജിച്ചിട്ടുംമാറുടനിവനെ
നിരീക്ഷിച്ചു ദുഃഖം നടിച്ചും,
താവും രാഗം മറയ്ക്കുന്നതിനു വിരുതെഴും
വ്യാജമംഗീകരിച്ചും,
ക്രൂർ വാമ്യക്കം തോഴിയോടുത്കടകലുഷിതയാ-
യത്ഥഗർഭം വചിച്ചും,
പൂവേണിത്തയ്യലാൾ തൻഹൃദയമലർശരാ-
ക്രാന്തമെന്നോതിടുന്നു. ഫവ.

മഹാശ്വേത [സ്വഗതം] രാജപുത്രന്റെ ദർശനം മുതൽ കാദംബരിയിൽ ഒന്നിനുമേലൊന്നായി പ്രത്യക്ഷപ്പെടുന്ന ഭാവഭേദങ്ങൾ എനിക്കു് സന്തോഷത്തെ നല്കുന്നു. സാധ്വസംകൊണ്ടു് മണിവള ഊരി വീണപ്പോൾ ഇവളുടെ സംഭ്രമം നല്ലപോലെ വെളിപ്പെട്ടു. എന്നാൽ ഇതൊന്നും ഞാൻ മനസ്സിലാക്കിയില്ലെന്ന ഭാവത്തിൽ വർത്തിക്കാം.

ചന്ദ്രാപീഡൻ [സ്വഗതം] എന്റെ ഈ അവസ്ഥാന്തരം മറച്ചുവെയ്ക്കുവാൻ ഞാൻ ശക്തനല്ല.

ദീർഘശ്വാസങ്ങളധ്വക്ലമമെഴവതിനാ-
ലെന്നുരയ്ക്കാം; ദിനത്തിൻ
കാക്കശ്യം ചൊല്ലി മെയ്യാസകലമൊഴുകിടും
വേർപ്പുമിന്നാൾ മറയ്ക്കാം;
ഊരുക്കോട്ടുള്ളിൽ തറയ്ക്കും മദനശരതതി-
കളുള്ള പുംഖം കണക്കി-
ങ്ങേല്ക്കും രോമാഞ്ചമിക്കാണ്മതു നിഭൃതമൊളി-
ച്ചീടുവാനെന്തു മാഗ്ഗം?

കേയൂരകൻ [പ്രവേശിച്ചിട്ട്] ആര്യേ! മഹാശ്വേതേ! ചിരകാലത്തിനു ശേഷം ആശ്രമത്തിൽ നിന്നു മടങ്ങിയെത്തിയ ഭവതിയെ കാണുവാൻ ഗന്ധർവരാജനും മഹാദേവിയും കാത്തിരിക്കുന്നു.

മഹാശ്വേത. ഇതാ ഞാൻ വന്നുകഴിഞ്ഞു. [എഴുന്നേററിട്ട്] കാദംബരി, രാജപുത്രന് വിശ്രമത്തിനായുള്ള സ്ഥലം ഏതാണ്.

കാദംബരി [സ്വഗതം] എന്റെ ഹൃദയം തന്നെ. [പ്രകാശം] പ്രിയസഖി പറയുന്നതുപോലെ. സ്വന്തം രാജകുലത്തിലെന്നപോലെ രാജപുത്രന് ഇവിടെ എവിടെ വേണമെങ്കിലും യഥേഷ്ടം വിഹരിക്കാമല്ലോ?

മഹാശ്വേത. കേയൂരക, രാജപുത്രന് വസന്തോദ്യാനത്തിലേക്കു വഴികാണിക്കൂ. അവിടെയുള്ള 'മത്തമയൂരം' എന്ന ക്രീഡാശൈലത്തിൽ ഇദ്ദേഹം വിശ്രമിക്കട്ടെ.

കേയൂരകൻ. ആര്യയുടെ അഭിമതം പോലെ.

ചന്ദ്രാപീഡൻ. ദേവിയും മദ്ധ്യാഹ്നതാപംകൊണ്ട് ഏററവും തളന്നിരിക്കുന്നുവല്ലോ?

ഫാലത്തിങ്കലഴിഞ്ഞു കാണ്മു തിലകം;
  കൂമ്പുന്നു നേത്രങ്ങളി-
ക്കാലം കർണ്ണശിരീഷപുഷ്പമലവേ
  വാട്ടുന്നു; വാർകുന്തളം
വ്യാലോലം നെടുവീർപ്പിനാൽ; സമുദിതം
  സ്വേദാംബു ഗണ്ഡത്തില-
ബ്ഭ്രൂലാസ്യം തനിയേ നിലച്ചു തരളാ-
  പാംഗിക്കു താപത്തിനാൽ.

മഹാശ്വേത. ശരിയാണ്. കാദംബരി, നീയും അകത്തുചെന്നു വിശ്രമിക്കു.

(തരളികയോടുകൂടി മഹാശ്വേത പോകുന്നു.)

കാദംബരി [സ്വഗതം] ഈ സ്ഥലം വിട്ടുപോകുന്നതിന് എന്റെ കാലുകൾ ഒരടിപോലും മുന്നോട്ടു നീങ്ങുന്നില്ല. [പ്രകാശം] തമാലികേ, നീ യുവരാജാവിനു വഴികാണിക്കൂ.

തമാലിക. ദേവ, ഇതിലെ എഴുന്നള്ളാം.

(ചന്ദ്രാപീഡൻ കേയൂരകനൊന്നിച്ചു പോകുവാൻ തുടങ്ങുന്നു.)

കാദംബരി. മദലേഖേ, വരൂ. നമുക്കും അകത്തുപോയി വിശ്രമിക്കാം.

(കാദംബരി മദലേഖയോടുകൂടി പോകുന്നു.)

ചന്ദ്രാപീഡൻ [സ്വഗതം] കാദംബരിയിൽ ആദ്യം മുതൽ ഞാൻ സാക്ഷാത്കരിച്ച ഭാവവിലാസങ്ങൾ നൈസർഗ്ഗികങ്ങളോ അതല്ല എന്റെ ആശകളെ സഫലീകരിക്കുമാറു ഇപ്പോൾ ഉദയം ചെയ്തിട്ടുള്ളവയോ എന്നറിയാതെ ഞാൻ കുഴങ്ങുന്നു. എന്നാലും നാമശ്രവണമാത്രത്തിൽ ഈ ഗന്ധർവരാജപുത്രിയിൽ നിബദ്ധമായ എന്റെ ചിത്തം കൂടുതൽ അസ്വാസ്ഥമായിത്തീരുന്നതേയുള്ളൂ.

രതിയിജ്ജനത്തിലുയരുന്നതേതുമേ
ചിതമല്ല പാർക്കിലിവനെന്ന ചിന്തയാൽ
ഹൃദയം വലിച്ചു സതിയിങ്കൽ നിന്നതോ
ധൃതിവിട്ടു മോഹമിയലുന്നു സാമ്പ്രതം

കേയൂരകൻ. ദേവ, ഈ പ്രാസാദത്തിനുതൊട്ടു വലത്തുവശത്താണ് വസന്തവിലാസോദ്യാനം. അവിടെയുള്ള കേളീപർവതത്തിൽ വിശ്രമിക്കുന്ന അവിടുത്തേക്ക് കാദം

ബരീദേവിയുടെ നയനാകർഷകമായ വാസസ്ഥാനം അകലത്തായിരിക്കുകയില്ല. അതാ അക്കാണുന്നതാണു് ദേവിയുടെ നിദ്രാഗൃഹം. അവിടെയാകട്ടെ,

കതകിന്നരികെത്തൂങ്ങും മണിപഞ്ജരത്തിലുൾ-
ക്കൗതുകമിയലും പെൺപ്രാവുദഞ്ചിതവിഭ്രമം
രതിയിലഭിലാഷത്താൽ വിടങ്കപുടസ്ഥിതൻ
പതിയിലിതുപോതക്ഷിദ്വന്ദ്വം നിപതിപ്പൂതേ. എന്നു

ചന്ദ്രാപീഡൻ [സ്വഗതം] എന്റെ അഭിനിവേശം വിസ്മയാവഹം തന്നെ.

വിരഹം വളർത്തി ദയിതയ്ക്കുകാരണം
വിധുരത്വമെന്തു മനമേ! ഭജിപ്പു നീ
നരലോകമാന്ന മധുപത്തിനേററതോ
വരകല്പവൃക്ഷകുസുമത്തിലാഗ്രഹം. എ

[എല്ലാപേരും പോകുന്നു.]

# മൂന്നാം അങ്കം.

## പ്രവേശകം

തമാലിക. കാദംബരീദേവി എന്നോടു കല്പിച്ചിരിക്കുന്ന 'ആഭരണപ്പുരയിൽ നിന്നു് ദിവ്യമായ ആ ശേഷഹാരം എടുത്തുകൊണ്ടുവരു' എന്നു്. [ഒരു ഭാഗത്തേക്കു നോക്കിയിട്ടു്] അതാ ആര്യ്യമഹാശ്വേതയുടെ പ്രിയസഖിയായ തരളിക വരുന്നു. എന്തെങ്കിലും വിശേഷമുണ്ടായിരിക്കും.

(തരളിക പ്രവേശിക്കുന്നു.)

തമാലിക. തരളികേ, ആര്യ്യമഹാശ്വേതയെ വിട്ടിട്ടു് നീ ഇപ്പോൾ എങ്ങോട്ടേക്കാണു് പുറപ്പെട്ടതു് ?

തരളിക. മാതാപിതാക്കളായ ഗൗരീഹംസന്മാരെ കാണുന്നതിനു് ആര്യ്യ അവരുടെ മന്ദിരത്തിലേക്കു് പോയിരിക്കുകയാണു്. പുറപ്പെട്ട സമയം എന്നെ വിളിച്ചു് യുവരാജാവിനെ ഉപചരിക്കുന്ന വിഷയത്തിൽ ഒട്ടും ഉപേക്ഷ കാണിക്കരുതെന്നു് കാദംബരിയോടു പറയുവാനായി അരുളിച്ചെയ്തു. അതു നിർവഹിക്കുന്നതിനു് ഇങ്ങോട്ടു പോന്നതാണു്.

തമാലിക. ഒന്നു ചോദിക്കട്ടെ. നീ ഇവിടെ വിശേഷിച്ചു വല്ല വത്തമാനവും കേട്ടുവോ ?

തരളിക. കാദംബരീദേവിയുടെ പ്രതിജ്ഞാനിർബന്ധം തന്നെയാണു് എല്ലാപേരുടേയും സംഭാഷണ വിഷയം.

തമാലിക. ഗന്ധർവകുലത്തിനു മുഴുവൻ ഹൃദയശല്യമുണ്ടാക്കുന്നതാണല്ലോ ഈ കാര്യം. ആര്യ്യമഹാശ്വേത എന്തു വിചാരിക്കുന്നു ?

തരളിക. തമാലികേ, നീ ധരിച്ചിട്ടില്ലെന്നുണ്ടോ? ദിക്പാലകുമാരന്മാരെക്കൂടി തിരസ്കരിച്ച കാദംബരീദേവിയുടെ ഹൃദയത്തെ വശീകരിപ്പാനാണല്ലോ അതിസുഭഗനായ ഈ മദ്ധ്യമലോകരാജപുത്രനെ മഹാശ്വേത ഇങ്ങോട്ടേയ്ക്കു കൂട്ടിക്കൊണ്ടു വന്നിട്ടുള്ളതു്.

തമാലിക. കൊള്ളാം. മഹാശ്വേതയുടെ ആരംഭം മദിരാദേവിയുടെ ഹിതത്തിന്നു് പററിയതാണു്. ദേവിയാണല്ലോ കിന്നരമിഥുനത്തെ അയച്ചു് മൃഗയാവിഹാരിയായ ആ രാജപുത്രനെ ദിവ്യവനത്തിലേയ്ക്കു് ആകർഷിച്ചതു്.

തരളിക. തമാലികേ, കാദംബരിയുടെ ഹൃദയം നിന്നെപ്പോലെ അറിയുന്നവർ മററാരുമില്ല. യുവരാജാവിനെക്കുറിച്ചു് ദേവിയ്ക്കുള്ള അഭിപ്രായം എന്താണു്?

തമാലിക. ദേവിയുടെ നിയോഗം അനുസരിച്ചു് യുവരാജാവിനെ കേളീപർവതത്തിൽ വിശ്രമിപ്പാനാക്കിയിട്ടു് മടങ്ങി വന്നപ്പോൾ മദലേഖ പറഞ്ഞു "നിങ്ങൾ ഒക്കെ പോയതിനുശേഷം ദേവി ശയ്യയിൽ തന്നെ ഏതോ ചിന്തയിൽ മുഴുകി നിരുത്സാഹയായി കിടക്കുകയായിരുന്നു; ഞങ്ങളുടെ നിർബന്ധംകൊണ്ടു് ദിനകൃത്യങ്ങളെല്ലാം ഒരു വിധം അനുഷ്ഠിച്ചു് ഇപ്പോൾ കാററുകൊള്ളുവാനായി മട്ടുപ്പാവിൽ എഴുന്നള്ളിയിരിക്കുന്നു" എന്നു്.

തരളിക. ഉത്കണ്ഠ രാഗബന്ധത്തിന്റെ പ്രഥമസോപാനമാണല്ലോ? കാദംബരീഹൃദയചോരനായ അദ്ദേഹം ഇപ്പോൾ എവിടെയാണു്?

തമാലിക. പ്രമദവനത്തിലുള്ള ചന്ദ്രമണിപർവതത്തിൽ വിശ്രമസൗഖ്യം അനുഭവിക്കുന്നു.

തരളിക. നീ ഇപ്പോൾ എങ്ങോട്ടാണു് പോകുന്ന തെന്നു് പറഞ്ഞില്ലല്ലോ ?

തമാലിക. ദേവിയുടെ കല്പനപ്രകാരം ശേഷഹാരം എടുത്തുകൊണ്ടു വരുവാൻ ആഭരണപ്പുരയിലേക്കു് പോകു കയാണു്.

തരളിക. എന്നാൽ നീ പോക്കു. ഞാനും, യുവരാജാ വിൻെറ വിശ്രമസൗകര്യത്തെപ്പററി കാദംബരിയുടെ മുഖ ത്തിൽ നിന്നു തന്നെ കേട്ടിട്ടു് ആര്യമഹാശ്വേതയെ അറി യിക്കാം.

തമാലിക. കൊള്ളാം. [പോകുന്നു]

തരളിക വിശേഷപ്പെട്ട ശേഷഹാരംകൊണ്ടു് യുവ രാജാവിനെ ഉപചരിക്കുവാനായിരിക്കും കാദംബരിയുടെ അഭിലാഷം.

(തരളിക പോകുന്നു.)

അങ്കാരംഭം

(അനന്തരം മരതകശിലാസനത്തിൽ ഉപവിഷ്ടനായ ചന്ദ്രാപീഡൻ കേയൂരകനോടുകൂടി പ്രവേശിക്കുന്നു.)

ചന്ദ്രാപീഡൻ [ആത്മഗതം]

നിരുപമസുകൃതത്താൽ പ്രാപ്യയാം തന്വിയാളെ-
ങ്ങൊരു നരനിവനെങ്ങെന്നാലുമേറുന്നു രാഗം;
വിരളസുകൃതനാകും മർത്ത്യനും ഏത്തിലാശാ-
ഭരമലർസുതതന്നെപ്പൂണ്മതിന്നേല്പതില്ലേ ? ൧

കേയൂരകൻ [സ്വഗതം] ഭാഗ്യം കൊണ്ടു് ഇദ്ദേഹത്തി ന്നു് ദേവിയിൽ അഭിനിവേശം ഉളവായതുപോലെ തോ

ന്നുന്നു. ചൂതമഞ്ജരി വരിവണ്ടിനെ ആകൎഷിക്കുന്നതിൽ അദ്ഭുതപ്പെടുവാനില്ല.

ചിന്താകുലത്വമിവനേല്പതിന്നിന്നു നൂനം
ഗന്ധൎവ്വരാജതനയാപ്രണയം നിമിത്തം.
സ്വാന്തം സതിക്കിവനിലെവ്വിധമെന്നു തേറാ-
തേന്തുന്നു ദുഃഖമനവാപ്തമനോഭിലാഷൻ. ൨

[പ്രകാശം] ദേവന്റെ ഉൽകണ്ഠ സ്വജനങ്ങളെ പിരിഞ്ഞിരിക്കുന്നതു കൊണ്ടാവാം.

ചന്ദ്രാപീഡൻ. ഹേ! അതല്ല. സുകൃതികളോടുള്ള സമാഗമം ഇഷ്ടജനവിരഹത്തെ വിസ്മരിപ്പിക്കുന്നതാണല്ലോ?

കുന്നിക്കും സ്നേഹമെന്നിൽ കനിവൊടു ചൊരിയുന്ന
മഹാശ്വേത ചേടീ-
വൃന്ദം ചേൎന്നുള്ള കാദംബരിയുമിവിടെയെൻ-
പാകമോരോന്നു നോക്കാൻ
പിന്നെസ്സൗജന്യവാരാന്നിധികളിവിടമാൎന്നീടു-
വോരാന്നുകൊണ്ടും
തോന്നുന്നില്ലന്യനെന്നുള്ളൊരു നിനവകമേ
നിങ്ങൾതൻപത്തനത്തിൽ. ൩

കേയൂരകൻ. ഇതെല്ലാം അവിടുത്തെ സൌമനസ്യം കൊണ്ടു് തോന്നുന്നതാണു്. ദേവൻ അകലെ ആയതു കൊണ്ടു് സ്കന്ധാവാരത്തിന്റെ സുരക്ഷിതത്വത്തിനു് വല്ല ഹാനിയും നേരിട്ടേക്കാമെന്നു് ശങ്കിക്കുന്നുവോ?

ചന്ദ്രാപീഡൻ. പ്രിയസുഹൃത്തായ വൈശമ്പായനൻ ഉള്ളപ്പോൾ സ്കന്ധാവാരത്തിന്റെ കാൎയ്യത്തിൽ യാതൊരു

ശങ്കയ്ക്കും വകയില്ല. എന്നാലും എന്റെ പ്രിയമിത്രത്തിന്ന് ഞാൻ ഗന്ധർവലോകത്തിന്റെ ആതിഥ്യം സ്വീകരിച്ചു സുഖമായിരിക്കുന്നുവെന്ന് അറിയുവാൻ വഴിയില്ലല്ലോ? എനിക്കു വല്ല ആപത്തും നേരിട്ടിരിക്കാമെന്ന് വൈശമ്പായനൻ ദുഃഖിക്കുകയായിരിക്കാം എന്ന് ഓൎക്കുമ്പോൾ എന്റെ ഹൃദയം വിഷാദമഗ്നമാകുന്നില്ലെന്നില്ല.

കേയൂരകൻ. ദേവന്റെ ബാഹുബലം കുമാരവൈശമ്പായനന്ന് അറിഞ്ഞുകൂടാത്തതല്ലല്ലോ? അതിനാൽ അന്യഥാ സംശയിപ്പാനില്ല.

ചന്ദ്രാപീഡൻ [ആത്മഗതം] ഗന്ധൎവരാജകുമാരി ചന്ദ്രശാലയിലിരുന്നുകൊണ്ടു് എന്റെ നേൎക്കു പതിപ്പിച്ച നോട്ടമല്ലാതെ മറെറാന്നും എന്റെ ചിന്തയ്ക്കു് ഇപ്പോൾ ഗോചരമാകുന്നില്ല.

ചഞ്ചച്ചില്ലി പരത്തിടുന്ന കതിരിൻ
കാന്തിച്ഛടാവീചിയിൽ
തഞ്ചും പുഞ്ചിരികൊണ്ടു വെൺദ്യുതി വള-
ൎത്തീടുന്നവാറന്നവൾ
വഞ്ചിച്ചെൻഹൃദയം വലിച്ചു തന്നതായ്
തീൎത്താൾ സിതാംഭോരുഹം
രഞ്ജിക്കും മൃദുലോത്പലാകലിതമാം
ദാമത്തിനാലെന്നപോൽ. ൪

കേയൂരകൻ [സ്വഗതം] ഇദ്ദേഹത്തിന്റെ ഈ വിചാരം സ്വജനവിരഹത്തെക്കുറിച്ചല്ലെങ്കിൽ കാദംബരിയുടെ ഹൃദ്ഗതം അറിയാഞ്ഞിട്ടാവാം,

ചന്ദ്രാപീഡൻ [സ്വഗതം] അഹോ! ഇങ്ങനെയുമുണ്ടോ സൃഷ്ടിവൈഭവം!

ചന്ദ്രൻ നീലോത്പലം ശംഖസുലഭവിടപം
    ചക്രവാകങ്ങൾ വണ്ടിൻ-
വൃന്ദം വ്യോമത്തൊടാവർത്തകമുരപെരു-
    മാ രംഭ രാജീവസൂനം
എന്നല്ലുന്നിദ്രകാന്തിപ്രചുരിമ തിരളും
    സർവ്വവും ചേർത്തിണക്കി-
ക്കണ്ടാസ്ത്രൻ തീർത്തു കാദംബരിയെയഴ-
    ലെനിക്കേകുവാനിന്നു നൂനം. ൧

കേയൂരകൻ [സ്വഗതം] ഗന്ധർവ്വരാജകുമാരിയിലും ഈ മദ്ധ്യമലോകരാജപുത്രനിലും കാണുന്ന തുല്യമായ ഭാവവിപര്യയം ആരെയാണ് സമാകർഷിക്കാത്തത്?

ഇതരേതരപ്രണയമേന്തി നില്ക്കുമ-
സ്സുതിയെയുമിദ്ധഗുണനിപ്പുമാനെയും
ചിതമോടു ചേർക്കിലവ്വിധാശ്രമൻ തുലോം
കൃതകൃത്യതയ്ക്കു വിധി പാത്രമാം ദൃഢം. ൨

ചന്ദ്രാപീഡൻ. കേയൂരക, ഈ പ്രമദവനത്തിന്റെ സർവ്വാകാരമായ രമണീയതയെ പരിരക്ഷിക്കുന്നതിൽ നിങ്ങളുടെ ദേവിക്കുള്ള ശ്രദ്ധാതിരേകം അഭിനന്ദനാർഹം തന്നെ. മോഹനമായ ഇവിടത്തെ പ്രകൃതിവിലാസം ആസ്വദിക്കുന്ന ഞാൻ നേരം പോകുന്നതറിയുന്നില്ല.

കേയൂരകൻ. ദേവന്റെ ഈ അഭിനന്ദനം കാദംബരീദേവി ഏററവും വിലയേറിയതായി സ്വീകരിക്കും. [പുറം നോക്കിയിട്ട്] ഇതാ സായംസന്ധ്യയുടെ ആഗമനമായിക്കഴിഞ്ഞു.

കഞ്ജത്താർമുഖമൊട്ടു വാടി നെടുതാം
വീർപ്പിട്ടു വൻകാററിനാൽ
ചെഞ്ചോപ്പാം തളിർമെത്തയേറിയണയെ
സ്വേദാംബുതാരങ്ങളാൽ
തൻചിത്തത്തിലുദിച്ചുയന്ന കദനം
കോകപ്രലാപത്തിനാൽ
വ്യഞ്ജിക്കും പടിയന്തിവേള വിരഹം
പേറുന്ന പോൽ കാണ്മൂതേ. ൭

ചന്ദ്രാപീഡൻ. ഇത്രയും വേഗം സന്ധ്യയായോ? സമയം പോയതു് അറിഞ്ഞതേയില്ല.

(കാദംബരിയുടെ പ്രതീഹാരിയായ വിജയ പ്രവേശിക്കുന്നു)

വിജയ. യുവരാജാവേ, കാദംബരീദേവി ഇങ്ങോട്ടേയ്ക്കു് ഇതാ എഴുന്നള്ളുന്നു.

ചന്ദ്രാപീഡൻ [സന്തോഷത്തോടെ] ദേവിയെ എതിരേല്ക്കുവാൻ ഞാൻ സജ്ജനായിരിക്കുന്നുവെന്നു് അറിയിക്കൂ.

വിജയ. കല്പനപോലെ. [പോകുന്നു]

ചന്ദ്രാപീഡൻ. കേയൂരക, ദേവിയുടെ ഉന്നതസ്ഥിതിക്കു് ചേരാത്ത ഈ സൗജന്യം എന്നെ വിസ്മയാധീനനാക്കുന്നു.

അരയന്നത്തെപ്പദ്മിനി
വരിവണ്ടിനെ മാലതീലതയും
ചേരുവതുണ്ടോ സഹയമ-
പ്പരഭൃതനെച്ചൂതവല്ലരിയും. ൮

കേയൂരകൻ. ദേവൻെറ വിനയാതിരേകം മഹിതമായ ആഭിജാത്യത്തിനു ചേർന്നതുതന്നെ.

(അനന്തരം ദീപികാധാരിണികളായ കന്യകകളാൽ പരിവൃതയായി കാദംബരി പ്രവേശിക്കുന്നു.)

കാദംബരി. വിജയേ, പൊയ്ക്കൊള്ളുക. മഹാശ്വേത തിരിച്ചെത്തിയാൽ ഉടൻതന്നെ നീ ഇവിടെവന്നു് എന്നെ അറിയിക്കണം.

വിജയ. കല്പനപോലെ. [പോകുന്നു.]

ചന്ദ്രാപീഡൻ [കാദംബരിയെ നോക്കി സ്വഗതം]

പൊൻതാലപ്പൊലി കൈകളി-
ലേന്തും കാർവേണിമാർക്കു നടുവിലിവൾ
ചെന്തളിർ തിങ്ങിന ലതികാ-
വൃന്ദം ചൂഴും വസന്തദേവതയോ ?

കാദംബരി [ലജ്ജാഭിനയത്തോടെ സ്വഗതം] ഇദ്ദേഹത്തെ കാണാതിരിക്കുമ്പോൾ ഉണ്ടാകുന്ന അഭിലാഷങ്ങളെല്ലാം കണ്ട മാത്രത്തിൽ ഞാൻ മറന്നുപോകുന്നു.

ചന്ദ്രാപീഡൻ. ദേവി, ഈയുള്ളവന്റെ നേർക്കു് ഈ പ്രകാരം ഒരു ആദരാതിശയം അവിടുന്നു് പ്രദർശിപ്പിക്കുന്നതിന്നു് ഒരുങ്ങിയതെന്താണു് ?

അംഗം കൃശം, കൃശതരം ഭവതിക്കു മദ്ധ്യം,
തുംഗസ്തനങ്ങളഴലേററുവതുണ്ടു മെയ്ക്കും,
തങ്ങുന്നു മന്ദഗതി, ചേരുവതോ നിനക്കു
വൻക്ലാന്തി ചേർക്കുമൊരു കാല്നട കാതരാക്ഷി.

കാദംബരി [ജനാന്തികം] മദലേഖേ, രാജകുമാരനോടു് ഇരിക്കുവാൻ പറയൂ.

ചന്ദ്രാപീഡൻ. ഞാനിതാ ഇരുന്നുകഴിഞ്ഞു. ദേവിയും ഇരിക്കുകതന്നെ.

(എല്ലാംപേരും ഇരിക്കുന്നു.)

ചന്ദ്രാപീഡൻ. തരളികേ, ആര്യ്യമഹാശ്വേത എവിടെ ? കണ്ടില്ലല്ലോ !

തരളിക. തപോവൃത്തികൊണ്ടു് ആഹാരത്തിൽ വിമുഖനായ ആര്യ്യ ഇപ്പോൾ അച്ഛനമ്മമാരുടെ നിർബന്ധം അനുസരിച്ചു് ഫലമൂലങ്ങൾ മാത്രം ഭക്ഷിച്ചുകൊണ്ടു് അവരുടെ അടുക്കൽ ഇരിക്കുന്നു.

ചന്ദ്രാപീഡൻ. ആര്യ്യമഹാശ്വേതയുടെ അവസ്ഥ ഏററവും ശോചനീയംതന്നെ.

സതിയുടെയനുരാഗത്തെ-
പ്പുരകോടിയിലാക്കിയിന്നു കുസുമശരൻ
മതിസുഖമിവളാന്നീടാൻ
വിധിയുടെ കനിവെന്നുതാൻ വരുമോ ? ൧൭

കേയൂരകൻ. അവിടുത്തെപ്പോലുള്ള മഹാപുരുഷന്മാരുടെ അനുഗ്രഹംകൊണ്ടു് ആര്യ്യ സുഖാവസ്ഥയിൽ എത്തിച്ചേരും.

ചന്ദ്രാപീഡൻ. ദേവിക്കു് ആര്യ്യമഹാശ്വേതയോടുള്ള ബഹുമാനമാണു് ഇപ്പോൾ ഇവിടെ കാല്നടയായി എഴുന്നള്ളിയതിലും വെളിപ്പെടുന്നതു്.

കേയൂരകൻ. അതുമാത്രമല്ല, മഹാനുഭാവനായ അവിടുത്തോടുള്ള സൗഹാർദവും.

കുലമെന്നപോലെ വിമലം യശസ്സമു-
ജ്ജ്വലമായ വേഷമതുപോൽ പ്രതാപവും,
പൊലിയുന്ന ദാനരതിപോലെ വിദ്യയും
തെളിവാന്നു നിന്നിലകമാക്കഴിഞ്ഞിടാ ? ൧൮

(കാദംബരി മദലേഖയെ നോക്കുന്നു.)

മദലേഖ [ഏഴന്നോമ് അട്ടത്തുനിന്ന പരിചാരികയോടായി] ആ താമ്പാളം ഇങ്ങോട്ടേയ്ക്കു് എടുക്കൂ.

(പരിചാരിക താമ്പാളം കൊണ്ടുവന്നു് കൊടുക്കുന്നു.)

മദലേഖ [വാങ്ങിയിട്ടു്] യുവരാജാവേ, പ്രഥമദർശനത്തിൽ തന്നെയുണ്ടായ വിസ്രംഭംകൊണ്ടു് അവിടുത്തോടു് ദേവി ചെയ്യുന്ന അപേക്ഷ ക്ഷമിക്കേണമേ!

ചന്ദ്രാപീഡൻ. സഖി, ഇതു് അനുഗ്രഹമാണല്ലോ.

മദലേഖ [പുഷ്പഹാരവും കുറിക്കൂട്ടും കൊടുത്തിട്ടു്] തരളികേ, നീ ഈ ചെപ്പുതുറന്നു് ഏകാവലിയെ ദേവനു് കാണിച്ചു കൊടുക്കൂ.

(തരളിക ചെപ്പുതുറന്നു കാണിക്കുന്നു.)

ചന്ദ്രാപീഡൻ (മാല കണ്ടിട്ടു് ആശ്ചര്യത്തോടെ) ഈ മുത്തുമാലയുടെ ദീപ്തി ചന്ദ്രികയേയും അതിശയിക്കുന്നു.

തരളിക. ഇതു് കിരണജാലങ്ങളെക്കൊണ്ടു് പുളകം പൂശി യുവരാജാവിന്റെ മാറിടത്തോടുള്ള സ്പർശത്തിൽ കൊതിപൂണ്ടപോലെ കാണപ്പെടുന്നു.

(തരളിക മാല മദലേഖയുടെ കൈയിൽ കൊടുക്കുന്നു)

ചന്ദ്രാപീഡൻ. മദലേഖേ, ഇതിന്റെ ആവശ്യമെന്താണു്?

ഹന്ത ഹൃതൻ സുന്ദരിതൻ-
ബന്ധുരഗുണസഞ്ചയത്തിനാലീ ഞാൻ
എന്തീ മുക്താഗുണമിനി
ബന്ധിപ്പിപ്പാനെനിക്കു ലോകത്തിൽ. ൧൩

മദലേഖ. മഹാഭാഗ, അവിടത്തെ അനന്യസാധാരണമായ സൌജന്യം കൊണ്ടു് പ്രീതയായ ദേവി അറിയിക്കുന്നതാണു്; അല്ലാതെ ഐശ്വര്യമദം കൊണ്ടല്ല.

ചന്ദ്രാപീഡൻ. ദേവിയുടെ കല്പന എന്താണു്?

മദലേഖ. "അവിടുന്നു് എൻെറ ശരീരവും ഹൃദയവും ജീവിതവും എല്ലാം തന്നെ ഹരിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി പൂജനീയനായ അവിടുത്തേക്കു് എന്താണു് സമർപ്പിക്കുവാനുള്ളതു്? ദേവന്മാർ സമുദ്രം കടഞ്ഞു് എടുത്തുകൊണ്ടുപോയ രത്നങ്ങളിൽ ശേഷിച്ച 'ഏകാവലി' എന്ന ഈ ദിവ്യഹാരം വരുണൻ എൻെറ പിതാവിന് ഉപഹാരമായി നല്കിയിട്ടുള്ളതത്രേ. ഇതു് എൻെറ കണ്ഠാഭരണങ്ങളിൽ വെച്ചു് ഏററവും ശ്രേഷ്ഠമായിട്ടുള്ളതും ആണു്. ഇപ്പോൾ ഈ മാല അവിടുന്നു് ധരിച്ചു് ഇജ്ജനത്തെ അനുഗ്രഹിക്കണം" എന്നു്.

ചന്ദ്രാപീഡൻ [സ്വഗതം] ദേവിയുടെ അങ്ഗസംശ്ലേഷം കൊണ്ടു് ഉപലാളിതമായ ഈ മുത്തുമാലയുടെ സ്പർശംതന്നെ സ്പൃഹണീയമാണു്. [പ്രകാശം] ദേവിയുടെ അഭിമതം പോലെയാകാം. എന്നാൽ ഈ ഏകാവലി ദേവിയുടെ വക്ഷഃസ്ഥലത്തിൽ നിന്നുമുള്ള വേർപാടിനെ ഒരിക്കലും അർഹിക്കുന്നില്ല.

(കാദംബരി തരളികയെ നോക്കുന്നു.)

തരളിക. ദേവ, അവിടുന്ന് പ്രഥമപ്രണയത്തിനു ചേക്കുന്ന ഈ ഭങ്ഗം ദേവിയുടേയും അവിടുത്തേയും സൗഹാർദത്തിനു കാരണഭൂതയായ മഹാശ്വേതയെ അവഹേളിക്കുന്നതായിരിക്കും. ആര്യയെ ദുഃഖിപ്പിക്കാതിരിക്കുവാൻ അവിടുന്നു് ആഗ്രഹിക്കുന്നുവെങ്കിൽ ദേവിയുടെ ഉപഹാരത്തെ കൈക്കൊള്ളണം.

കാദംബരി [സ്വഗതം] തരളികയുടെ പരേംഗിതജ്ഞത അദ്ഭുതാവഹം തന്നെ.

ചന്ദ്രാപീഡൻ. അമൃതകിരണൻ ചന്ദ്രികകൊണ്ടു് നിശാദേവിയെ അലംകരിക്കുകയല്ലേ സ്വാഭാവികമായിട്ടുള്ളതു്.

കേയൂരകൻ. അങ്ങനെ പറയാനില്ല.

സുരാസുരക്ഷുദധി കടഞ്ഞു രത്നജാലം
നിരന്തരം ചിതറിന നീരജാക്ഷനെന്നും
ധരിക്കുവാൻ തിറമൊട്ട കൌസ്തുഭത്തെ മാറിൽ
ശരിക്കു താർമകളിലെഴും പ്രിയം നിമിത്തം. ൧൪

ചന്ദ്രാപീഡൻ [സ്വഗതം] കേയൂരകൻ നിപുണൻ തന്നെ.

തമാലിക. മദലേഖ, മുക്താവലിയെ ദേവിയുടെ കൈയിലേക്കുതന്നെ കൊടുക്കു. ദേവിതന്നെ നേരിട്ട് ഇദ്ദേഹത്തിൻെറ കണ്ഠത്തിൽ അണിയിക്കട്ടെ.

തരളിക. അങ്ങനെയായാലല്ലാതെ ഇദ്ദേഹം സ്വീകരിക്കുകയില്ല.

മദലേഖ. ഈ അഭിപ്രായം ശരിയാണു്.

(മദലേഖ ഏകാവലിയെ കാദംബരിയുടെ കൈയിൽ കൊടുക്കുന്നു. കാദംബരി അതുവാങ്ങി ലജ്ജാവനതമുഖിയായി ചന്ദ്രാപീഡൻെറ കണ്ഠത്തിൽ അണിയിക്കുന്നു.)

ചന്ദ്രാപീഡൻ [മാല സ്വീകരിച്ചിട്ട് സ്വഗതം] എൻെറ ജന്മം സഫലമായി. എന്തെന്നാൽ,

കുളിർകൊങ്ക കുലുങ്ങുമാറുമുത്ത്-
പുളകം ദോർയ്യുഗമൊട്ടുയർത്തിയും
കളഭാഷിണി മുത്തുമാലയെൻ-
ഗളമേററീ, ചരിതാർത്ഥനിന്നു ഞാൻ. ൧൫

[പ്രകാശം] ദേവിയുടെ ഏതൊരു സംഭാവനത്തിനും ഞാൻ വിധേയനാണു്.

മദലേഖ. ഇതുകൊണ്ടു് ഭർത്തൃദാരിക ഞങ്ങളേയും ബഹുമാനിച്ചു.

ചന്ദ്രാപീഡൻ. ദേവിയുടെ സൗഹാർദത്താൽ ക്രീതനായ ഞാൻ ഏതൊരാജ്ഞയാണു് നിർവഹിക്കേണ്ടതു്?

കേയൂരകൻ. ഞങ്ങൾ പറയേണ്ട വാക്കാണ് യുവരാജാവ് ഇങ്ങോട്ടരുളിച്ചെയ്യുന്നത്.

ചന്ദ്രാപീഡൻ [സ്വഗതം] കാദംബരിയുടെ കണ്ഠാശ്ലേഷം അനുഭവിച്ച ശേഷഹാരമേ!

വന്നീലാ നിൻപ്രതിദ്വന്ദ്വികളിതുവരെയും
ഭൂരിഭാഗ്യം ഭുജിച്ചു
തന്നെത്താൻ കാമ്യമെന്നുള്ളുലകിലിനി
നിനക്കില്ല തേടേണ്ടതൊന്നും ;
കന്ദർപ്പോത്തുംഗസമ്പത്സമുദയമളവേ
തൻകലേറവുല്ലസിക്കും
പൊന്നിൻപോർകൊങ്കപേറും സുലഭ-
രുചി നുകൎന്നുള്ള നീതന്നെ ധന്യൻ. ഹന്ത

കാദംബരി [തരളികയോട്] സഖി, രാജപുത്രനോടു ചോദിക്കൂ. ഉജ്ജയിനിയിലെ സ്കന്ധാവാരത്തിലുള്ള പ്രിയജനത്തെ സ്മരിച്ച് അദ്ദേഹം ഉത്കണ്ഠിതനാകുന്നുവോ എന്ന്.

തരളിക [ചിരിച്ചുകൊണ്ട്] ദേവിക്കുതന്നെ ചോദിക്കാമല്ലോ!

കാദംബരി [രഹസ്യമായി] നീ സംസാരിക്കേണ്ട. മദലേഖേ, എനിക്കുവേണ്ടി നീയെങ്കിലും ഒരു കാര്യം ചെയ്യൂ.

തരളിക. ഞാൻ ആര്യയുടെ അടുക്കൽ ചെന്ന് ദേവി കുമാരനെ വേണ്ടപോലെ ഉപചരിക്കുന്നില്ലെന്നു പറയും.

കാദംബരി [ആത്മഗതം] ഞാൻ ധൎമ്മസങ്കടത്തിലായി. [ധൈൎയ്യം അവലംബിച്ച്] യുവരാജാവേ, [അർദ്ധോക്തിയിൽ വിരമിക്കുന്നു.]

ചന്ദ്രാപീഡൻ [സ്വഗതം] അനങ്ഗനാൽ അവശകളെങ്കിലും കുലകന്യകകൾ ശാലീനതയെ കൈയ്‌വെടിയുന്നില്ല.

പ്രേമാർദ്രം നോട്ടമെന്നിൽ സതിയിവളഭിവാ-
ഞ്ഛരിപ്പു ചേപ്പാൻ; കൊതിപ്പൂ
സാമഞ്ജസ്യം തുളുമ്പും മൊഴികളഭിവഷി-
ച്ചീടുവാനും പ്രകാമം ;
കാമൻചൊല്ലാൽ കുനിഞ്ഞീടിലുമഖിലഷിതം
സാദ്ധ്യമാക്കാൻ പ്രയത്നം
ധീമങ്ങംമാരു നാണം കമനിയെ വിഫലതോദ്യോഗ-
യായ്ത്തീർപ്പൂ ചിത്രം! ൧൫

മദലേഖേ! ദേവിയെ നിങ്ങൾ ഖേദിപ്പിക്കരുത്.

മദലേഖ. വിശിഷ്ടാതിഥിയോട്ട് ഉപചാരവാക്കുകൾ പറയുന്നതിൽ എന്താണ് ഖേദത്തിനവകാശം ?

കാദംബരി [ലജ്ജാഭാവത്തിൽ] എന്നാൽ ഞാൻ പോകുന്നു.

തരളിക. മനസ്സിൽ കരുതിവന്നതു് അനുഷ്ഠിക്കാതെ നീ പോവുകയാണോ ?

കാദംബരി [സ്വകാര്യമായി തരളികയോട്] എന്റെ മനോരഥം എന്തായിരുന്നു ?

തരളിക. മറെറാന്നുമല്ല. യുവരാജാവിനെക്കുറിച്ചു തന്നെ.

ചന്ദ്രാപീഡൻ. ദേവി, ഇതിനു മേൽ ഒരുപചാരമുണ്ടോ ?

സ്മിതോല്ലസിതമാം മുഖം സുദതി! കാണ്മതിന്നും മുറ
യ്ക്കതന്ദ്രമുയരും ഭവത് കരുണ പേറുവാനും ശുഭേ!
സുധാമധുരഭാഷിതം ചെവിയിലേല്ക്കുവാനും ചിരം
നിതാന്തസുകൃതങ്ങൾ ഞാൻ ഗതജനുസ്സിലാണ്ടു ദൃഢം ൧൬

(കാദംബരി ലജ്ജ അഭിനയിച്ചുകൊണ്ട് മദലേഖയുടെ പാർശ്വത്തിൽ മറയുന്നു.)

മദലേഖ. ദേവ, ഇല്ലാത്ത ഗുണങ്ങളെ ആരോപിച്ചു് ചാടുവാക്കുകളാൽ മററുള്ളവരെ സംഭാവനം ചെയ്യുന്നതിന് അവിടുന്നു് നിപുണൻ തന്നെ എന്നു് ദേവി അഭിപ്രായപ്പെടുന്നു.

ചന്ദ്രാപീഡൻ. ദേവിയെപ്പററി എന്തുപറഞ്ഞാലും അതു് കൂടിപ്പോകുന്നതല്ല. എന്തെന്നാൽ,

ഗന്ധർവ്വന്മാർകുലത്തിൽ പിറവിയനുപമം
    രൂപസമ്പത്തു കാമൻ
സന്ധിച്ചീടും വയസ്സിൻ മധുരതയഖിലാ-
    ശാസ്യ സൗഭാഗ്യജാതം,
മന്ദിക്കാതുല്ലസിക്കും പ്രകൃതിസരസമാം
    സൗഹൃദം, സർവ്വവിദ്യാ-
ബന്ധുത്വം, തന്വി! നീയേ നിഖിലഗുണഗണ-
    ങ്ങൾക്കുമേകാവലംബം. ൧൯

(കാദംബരി വീണ്ടും അധോമുഖിയായി നില്ക്കുന്നു.)

കേയൂരകൻ. ഇതാ ചന്ദ്രൻ ഉദിച്ചുപൊങ്ങിക്കഴിഞ്ഞു

മാരൻതൻ വിരുതാന്ന വെൺകുട, വിയൽ-
    വാരാശിതൻശംഖകം,
പൂർവ്വക്ഷ്മാധരസൌധശൃംഗകലശം,
    പ്രാചീവധൂദർപ്പണം,
ശ്രീരഞ്ജിപ്പൊരു കൌമുദീലത വഹിച്ചീടുന്ന
    നവ്യം ഫലം,
താരാധീശ്വരപൂർണ്ണമണ്ഡലമിതാ ചേർക്കുന്നു
    നേത്രോത്സവം. ൨൦

കാദംബരി [സ്വഗതം] ഹൃദയമേ! ഇദ്ദേഹത്തിൻെറ സാന്നിധ്യത്തിൽ നീ അനുഭവിക്കുന്ന ആഹ്ലാദാതിരേകം

മേലാൽ വിരഹഹേതുകണ്ടുയ്ക്കു് ശക്തിവർദ്ധിപ്പിക്കുമെന്നു് അറിയുന്നില്ല.

വിജയ [പ്രവേശിച്ചിട്ടു്] ഇതാ ഇപ്പോൾ എഴുന്നള്ളം.

കാദംബരി [സംവേഗം] ആരു് ?

വിജയ. ആര്യമഹാശ്വേത.

മദലേഖ. ആര്യ എവിടം വരെ എത്തി ?

വിജയ. ശ്രീമണ്ഡപത്തിൽ ഭർത്തൃദാരികയെ പ്രതീക്ഷിച്ചു് നില്ക്കുകയായിരുന്നു. കാണാത്തതുകൊണ്ടു് അന്വേഷിച്ചു് ഇങ്ങോട്ടു വരുവാൻ ഒരുങ്ങുന്നതുകണ്ടു.

കേയൂരകൻ [ചന്ദ്രാപീഡനോടായിട്ടു്] ദേവനു് ഉറങ്ങുവാനുള്ള സമയമായെന്നു കരുതിയായിരിക്കാം ആര്യ ഇപ്പോൾ ഇങ്ങോട്ടു വരാത്തതു്.

കാദംബരി [സ്വഗതം] മഹാശ്വേത മറ്റൊന്നും ശങ്കിക്കുകയില്ല; അവളാണല്ലോ എന്നെ അദ്ദേഹത്തെ ഉപചരിക്കുവാൻ നിയോഗിച്ചതു്. എന്നാലും എന്റെ പ്രതിജ്ഞാനിർവഹണത്തിനുവേണ്ടി മനോരഥത്തെ തടയേണ്ടി വന്നിരിക്കുന്ന ഞാൻ മന്ദഭാഗ്യതന്നെ [പ്രകാശം] മദലേഖേ, നമുക്കു പോകാം.

തമാലിക. കുമാരൻ അയച്ചാലല്ലേ, ദേവിക്കു് എഴുന്നള്ളാവൂ.

കാദംബരി. മദലേഖേ, ആര്യമഹാശ്വേതയെ ഉടനെ കാണേണ്ടിയിരിക്കുന്നുവെന്നു് രാജപുത്രനെ അറിയിക്കൂ.

മദലേഖ. യുവരാജാവേ, ആര്യയെ കാണാൻ ഇച്ഛിക്കുന്ന ദേവിക്കു് വിട നല്കുക.

ചന്ദ്രാപീഡൻ. ദേവിക്ക് ആര്യയോടുള്ള സൌഹാർദം അഭംഗുരമായിരിക്കട്ടെ.

കാദംബരി [സ്വഗതം] ഇദ്ദേഹത്തെ വിട്ടിട്ട് ഞാൻ എവിടെ പോകുവാനാണ്? അല്ലെങ്കിൽ ഇദ്ദേഹം എന്റെ ഹൃദയത്തിൽ തന്നെയുണ്ടല്ലോ.

(കാദംബരി തോഴിമാരോടുകൂടി പോകുന്നു.)

ചന്ദ്രാപീഡൻ [സ്വഗതം] എന്റെ ഹൃദയഹാരിണി പൊയ്ക്കഴിഞ്ഞോ?

മുൻപേതിലും താപമിയററിടാനായ്
രംഭോരു വിട്ടാളവളിസ്ഥലത്തെ ;
വന്നിട്ടു പെയ്യാത്തതിലേറെ നല്ലൂ
വരാത്തതാം വൃഷ്ടികളെന്നു ഞായം. ൨൧

കേയൂരകൻ. ദേവന് നിദ്രയ്ക്കുള്ള സമയമായല്ലോ.

ചന്ദ്രാപീഡൻ [എഴുന്നേററിട്ട്] കേയൂരക, ശയ്യാഗൃഹത്തിലേക്ക് നമുക്കു പോവുകതന്നെ.

കേയൂരകൻ. ഇതിലേ എഴുന്നള്ളാം.

ചന്ദ്രാപീഡൻ [സ്വഗതം]

കാണാഞ്ഞവളെക്കണ്ണുകൾ
കദനം കോലുന്നു തീവ്രമാംവണ്ണം
കനിവിനൊടിവനായ് കാട്ടു
കാതരമിഴിയെക്കിനാവിൽ നീ നിദ്രേ! ൨൨

ചന്ദ്രാപീഡൻ [കാദംബരിയെ നോക്കി] ചന്ദ്രികാപ്രസരം ദേവിയുടെ ലാവണ്യത്തിന് മാററുകൂട്ടുന്നു.

മുത്തിൻകാന്തി ഗളസ്ഥലത്തുരസിജത്തിൽ
ചന്ദനാലേപഭാ-
സ്സുത്യത്ഥം സ്മിതശോഭ ചുണ്ടിലതുല-
ശ്രീ പൂണ്ട കേശങ്ങളിൽ
പുത്തൻ മല്ലികതൻവിലാസമുരപെററീ-
ട്ടന്ന ഗണ്ഡസ്ഥല-
ത്തെത്തിപ്പൂ ഹിമവാലുകാദ്യുതി നിലാവിൻ-
കാന്തി ദേവിക്കിതാ. ൨൩

---

# നാലാം അങ്കം

## വിഷ്കംഭം

(കഞ്ചുകി പ്രവേശിക്കുന്നു.)

കഞ്ചുകി. രാജസേവ ദുഃഖകരംതന്നെ. അതിലും വിശേഷിച്ച് അന്തഃപുരപരിചാരകന്മാരായ ഞങ്ങളുടെ സ്ഥിതി തുലോം കഷ്ടമാണ്.

ശുദ്ധാന്തത്തിൽ ചരിപ്പാനനുമതിയെഴവോരും
കടന്നിങ്ങുകാല-
ത്തെത്തീടുമ്പോൾ തടുത്തീടണമനവരതം
ഭൃത്യവൎഗ്ഗത്തിനോടായ്
പേൎത്തും കോപം നടിച്ചീടണമിളവുന്നമുക്കി-
ല്ലഹോ പാൎത്തുകണ്ടാൽ
ചിത്തോല്ലാസം തനിക്കും പരനുമപഹരി-
ക്കുന്നതേ കാഞ്ചുകീയൻ. ൧

അതിരിക്കട്ടെ. ഇന്നു രാവിലെ മദിരാദേവി എന്നെ വിളിച്ച് ഇങ്ങനെ കല്പിച്ചു. "ക്ഷീരോദ, കാദംബരിയുടെ പ്രതിജ്ഞാമോചനത്തിനുള്ള യത്നം കിന്നരമിഥുനപ്രയോഗം മുതൽ അങ്ങേയ്ക്കു് അറിയാമല്ലോ. ഇപ്പോൾ ഇന്ദ്രായുധത്തിൻെറ കുളമ്പടി നോക്കി പിൻതുടന്ന് അനുചരന്മാരെ കാണുവാനായി അച്ഛോദസരസ്തീരത്തിൽ എത്തിയിരിക്കുന്ന രാജകുമാരനെ തിരിയെ കൂട്ടിക്കൊണ്ടുവരുന്നതിലേക്കുവേണ്ടി മഹാശ്വേത എന്തെങ്കിലും ഉദ്യമം ചെയ്യുന്നുണ്ടോ എന്നറിഞ്ഞിട്ട് ഇവിടെ വന്നു പറയൂ" എന്ന്. അതുകൊണ്ടു് കന്യാന്തഃപുരത്തിലേക്കു പോവുകതന്നെ.

(കുറച്ചുനേരംനടന്നിട്ട് ഒരുവശത്തേക്കുനോക്കി)

കാദംബരീദേവിയുടെ ചാമരഗ്രാഹിണിയായ ഇരാവതി ഇതാ തിടുക്കത്തിൽ ഇങ്ങോട്ടുവരുന്നു. ഇവളോടു ചോദിക്കാം.

(ഇരാവതി പ്രവേശിക്കുന്നു)

ഇരാവതി. ആര്യ ക്ഷീരോദ, അങ്ങേയ്ക്കു് നമസ്കാരം.

കഞ്ചുകി. നിനക്ക് മംഗളം ഉണ്ടാകട്ടെ. ഇത്ര തിടുക്കത്തിൽ എങ്ങോട്ടു പോവുകയാണു് ?

ഇരാവതി. എനിക്ക് ഉടനെ ലീലോദ്യാനത്തിൽ എത്തേണ്ടിയിരിക്കുന്നു.

കഞ്ചുകി. അവിടെ എന്തു വിശേഷം ?

ഇരാവതി. ഉദ്യാനത്തിലുള്ള ഹിമഗൃഹത്തിൽ വേണ്ട ഒരുക്കങ്ങൾ ചെയ്യുവാൻ മദലേഖ എന്നോട്ട് പറഞ്ഞിരിക്കുകയാണു്.

കഞ്ചുകി. അകാരണമായുള്ള ഈ ഉദ്യമത്തിൻെറ അത്ഥമെന്തു് ?

ഇരാവതി. കാരണം ഇല്ലാതല്ല.

കഞ്ചുകി. പറയൂ, കേൾക്കട്ടെ.

ഇരാവതി. കാദംബരീദേവി സന്താപംകൊണ്ടു് പരവശയായിരിക്കുന്ന വിവരം ആയ്യൻ കേട്ടില്ലേ ?

കഞ്ചുകി. അതു ഞാൻ കേട്ടു. കാരണം അറിഞ്ഞില്ല.

ഇരാവതി. ആ മദ്ധ്യമലോകരാജപുത്രനെ [അർദ്ധോക്തിയിൽ വിരമിച്ച് സ്വഗതം] അയ്യോ ഞാൻ രഹസ്യമെല്ലാം വെളിപ്പെടുത്തുന്നല്ലോ ?

കഞ്ചുകി [ഇരാവതിയുടെ ഭാവം കണ്ടിട്ട്] മറവുള്ളവരെപ്പോലെ എന്നെക്കരുതി നീ എന്താണു് ഒളിക്കുന്നതു് ?

ഇരാവതി [സ്വഗതം] ഇദ്ദേഹം അടക്കമുള്ള ആളാണു്. പറയുന്നതിൽ ദോഷമില്ല. [പ്രകാശം] ആ രാജകുമാരനെക്കുറിച്ചു് ഉത്കണ്ഠിതയായ ദേവി തൻെറ പ്രതിജ്ഞയേ ഓത്തു് തോഴിമാരോടുപോലും മനോരഥം വെളിപ്പെടുത്താതെ അത്യന്തം സന്തപിക്കുന്നു.

കഞ്ചുകി. ആ രാജകുമാരനിലും എന്തെങ്കിലും അനുരാഗചിഹ്നം കാണുവാൻ കഴിഞ്ഞിട്ടുണ്ടോ ?

ഇരാവതി. ചന്ദ്രൻ ജോത്സ്നികയെ ഉപേക്ഷിക്കുമോ ?

കഞ്ചുകി. പിന്നെ എന്താണു് അദ്ദേഹം പൊയ്ക്കളഞ്ഞതു് ?

ഇരാവതി. അടുത്തെത്തിയ രാജഭടന്മാരെക്കൊണ്ടു് ആശ്രമത്തിനു് ഉപദ്രവം ഉണ്ടാകരുതെന്നു കരുതി മഹാശ്വേതതന്നെ രാജകുമാരനെ അങ്ങോട്ടയച്ചതാണു്.

കഞ്ചുകി. ഇനി എന്തുപായം കൊണ്ടാണു് മഹാശ്വേത വീണ്ടും അദ്ദേഹത്തെ ഇങ്ങോട്ടേയ്ക്കു് കൂട്ടിക്കൊണ്ടു വരുന്നതു് ?

ഇരാവതി. ദേവിയുടെ ഇപ്പോഴത്തെ ശരീരാസ്വാസ്ഥ്യം അറിയിച്ചു് രാജപുത്രനെ കൂട്ടിക്കൊണ്ടുവരുവാൻ കേയൂരകനെ അയച്ചിരിക്കുകയാണു്.

കഞ്ചുകി [സ്വഗതം] അറിയേണ്ടതറിഞ്ഞു. ഇനി കന്യകാന്തഃപുരത്തിൽ പോകേണ്ടതില്ലല്ലോ ? [പ്രകാശം]

ഗുണാതിശയപേശലപ്രകൃതിയേന്തുവോർ തമ്മിലുല്-
ബണാദരമെഴുന്നതുൾക്കൗതുകമാക്ക ചേപ്പീല ഹാ !
ഇണങ്ങുവതമന്ദമായിവർ വഹിച്ചിടും രാഗവാ-
യ്മുണഞ്ഞു കൃശഗാത്രിയാൾ സുകൃതശാഖി കോലും ഫലം. വ

എന്നാൽ ഇരാവതി ലീലോദ്യാനത്തിലേക്ക് പൊയ്ക്കൊള്ളൂ.

(ഇരാവതി പോകുന്നു)

കഞ്ചുകി. ഞാനും ചന്ദ്രാപീഡരാജകുമാരൻ താമസിയാതെ എത്തുമെന്നുള്ള വാർത്ത അറിയിച്ചു് മദിരാദേവിയെ സന്തോഷിപ്പിക്കട്ടെ. [പോയി]

അങ്കാരംഭം

(അനന്തരം ഹിമഗൃഹത്തിൽ കാദംബരിയും മദലേഖയും ഇരിക്കുന്നതായി കാണപ്പെടുന്നു)

കാദംബരി. മദലേഖേ, ആ രാജപുത്രൻ മടങ്ങി വന്നുവെന്നു് ആരാണു് കള്ളം പറഞ്ഞതു് ?

മദലേഖ. പരിജനങ്ങരം ഒരിക്കലും കള്ളം അറിയിക്കുകയില്ല.

കാദംബരി· പിന്നെ എന്താണു് അദ്ദേഹത്തിനെ കാണാത്തതു്?

തമാലിക. ശ്രീമണ്ഡപത്തിൽ വ്രതാനുഷ്ഠാനം ചെയ്തുകൊണ്ടിരിക്കുന്ന മഹാശ്വേതയെ കാണുവാൻ വേണ്ടി വൈകുകയാണെന്നു തോന്നുന്നു.

കാദംബരി. സഖി, ഈ സന്താപം എനിക്കു് സഹിക്കുവാൻ പ്രയാസമായിരിക്കുന്നു.

മദലേഖ. തളിർമെത്ത വല്ലാതെ ചിതറിപ്പോയല്ലോ? പാടലകുസുമം വിതറിയിട്ടുള്ള ഈ കുളിർകല്ത്തളത്തിൽ എഴുന്നള്ളി ഇരിക്കാം.

കാദംബരി. നിങ്ങരം എന്തിന് ഇപ്രകാരം എന്നെ ആയാസപ്പെടുത്തുന്നു?

മദലേഖ, തമാലികേ, വരൂ. ആ രാമച്ചവിശറി എടുത്തു് പനിനീരിൽ മുക്കി ദേവിയെ വീശൂ.

(തമാലിക വീശുന്നു)

കാദംബരി. നിങ്ങളുടെ ശീതോപചാരങ്ങരം എന്റെ സന്താപത്തെ വർദ്ധിപ്പിക്കുന്നതേയുള്ളു.

(സഖിമാർ അന്യോന്യം നോക്കുന്നു)

തമാലിക [സാകാംക്ഷമായി] മദലേഖേ, ദേവിയുടെ പ്രതിജ്ഞാനിർബന്ധം ആശ്ചര്യം തന്നെ ഈ നിലയിലെത്തിയിട്ടും നമ്മോടു് ഹൃദ്ഗതത്തെ പറയുന്നില്ലല്ലോ? അതുകൊണ്ടു് നാം തന്നെ യഥാവസരം വേണ്ടതു ചെയ്യണം.

(കേയൂരകനോടുകൂടി ചന്ദ്രാപീഡനും പത്രലേഖയും പ്രവേശിക്കുന്നു)

മദലേഖ [സ്വഗതം] ആവൂ! ദേവിക്ക് ആശ്വാസത്തിനു വഴിയായി. [പ്രകാശം] ഇതാ യുവരാജാവ് എഴുന്നള്ളിയിരിക്കുന്നു.

(കാദംബരി സംഭ്രമത്തോടെ എഴുന്നേല്ക്കുവാൻ ഭാവിക്കുന്നു)

ചന്ദ്രാപീഡൻ. ദേവി, ഈ അവസ്ഥയിൽ ശരീരത്തെ ഒട്ടും ക്ലേശിപ്പിക്കേണ്ട.

ചെന്തളിരെതിർമൃദുഗാത്രം
സന്താപം താങ്ങുമീ നിലയിൽ
ഉപചാരായാസത്തെ-
സ്സുമുഖി! പൊറുപ്പാൻ പ്രഗല്ഭമല്ലേതും. ൩

കേയൂരകൻ [പത്രലേഖയെ ചൂണ്ടിക്കാണിച്ചുകൊണ്ട്] ദേവി, ഈ കന്യക യുവരാജാവിന്റെ വാത്സല്യഭാജനമായ പത്രലേഖയാണ്.

പത്രലേഖ. ദേവന്റെ താംബൂലകരങ്കവാഹിനിയായ ഇവൾ ഇതാ അവിടുത്തെ നമസ്കരിക്കുന്നു.

കാദംബരി [സ്വഗതം] ദേവന്റെ നിത്യസാഹചര്യം അനുഭവിക്കുന്ന ഈ കന്യകയോട് എനിക്ക് അത്യന്തം പ്രീതി തോന്നുന്നു.

മദലേഖ. ഈ കർപ്പൂരവേദികയെ കുമാരൻ അലംകരിച്ചാലും!

(എല്ലാംപേരും യഥാർഹം ഇരിക്കുന്നു)

കാദംബരി [കേയൂരകനോടായി] ആര്യമഹാശ്വേതയുടെ വ്രതാനുഷ്ഠാനങ്ങൾ കഴിഞ്ഞുവോ എന്നു നോക്കി യുവരാജാവിനെ സത്കരിക്കുന്ന വിഷയത്തിൽ വേണ്ടപോലെ ഉത്സാഹിപ്പിക്കുക.

കേയൂരകൻ. അവിടുത്തെ ഹിതം പോലെ [പോകുന്നു]

ചന്ദ്രാപീഡൻ [സ്വഗതം] സന്താപാതിശയംകൊണ്ടു് ക്ലേശിക്കുന്നുവെങ്കിലും ഇവളുടെ അംഗലാവണ്യം പൂർവ്വാധികം വർദ്ധിച്ചിട്ടേയുള്ളു. [പ്രകാശം] മദലേഖേ, ദേവിയുടെ ഈ സന്താപത്തിനു് കാരണം എന്താണു് ?

മദലേഖ. ദേവിയുടെ അസ്വാസ്ഥ്യത്തിനുള്ള കാരണം അവിടുത്തേക്ക് നേരിട്ടുതന്നെ ഗ്രഹിക്കാമല്ലോ.

ചന്ദ്രാപീഡൻ. ഇക്കാര്യത്തിൽ തുല്യമായ ദുഃഖം എനിക്കുമുണ്ടു്.

തമാലിക. മഹാനുഭാവനായ അവിടുത്തെ പ്രകൃതിക്ക് ഇതു് യോജിച്ചതുതന്നെ.

ചന്ദ്രാപീഡൻ. നിങ്ങളുടെ ദേവി ഈ സന്താപത്തിനു് കാണുന്ന ഉപശമനം എന്താണു് ?

തമാലിക. എല്ലാം അവിടുത്തെ പ്രീതിയെ ആശ്രയിച്ചിരിക്കുന്നു.

ചന്ദ്രാപീഡൻ. ദേവിക്ക് പ്രിയംകരനാകുവാൻ എനിക്ക് ഭാഗ്യമുണ്ടാകുമോ ?

കാദംബരി [സ്വഗതം] തമാലിക ഇദ്ദേഹത്തിനോടു് അറിയിക്കേണ്ടതു് അറിയിച്ചുവല്ലോ !

(അണിയറയിൽ ശബ്ദം കേൾക്കുന്നു)

മദലേഖ [ചെവിയോർത്തിട്ടു്] അയ്യോ ! എന്താണ് ആ കേൾക്കുന്നതു്? ദേവിയുടെ പ്രിയശാരികയായ കാളിന്ദിയുടെ കരച്ചിലാണല്ലോ! അതിനു് എന്താപത്തു് സംഭവിച്ചുവോ ! തമാലികേ, നീയും വരു. എന്താണെന്നു നോക്കാം.

പത്രലേഖ. ഞാനും കൂടി വരാം.

കാദംബരി. നിങ്ങൾ എല്ലാവരുംകൂടി പോയാലോ ? എൻെറ അടുക്കൽ ആരുണ്ടു് ?

തമാലിക. സൌജന്യനിധിയായ ഈ രാജപുത്രൻ അരികിലുള്ളപ്പോൾ ദേവിക്കു് ഒന്നുകൊണ്ടും ദുഃഖത്തിനു് അവകാശമില്ല.

(മദലേഖയും തമാലികയും പത്രലേഖയും പോകുന്നു.)

കാദംബരി [സംവേഗം] തോഴിമാർ പൊയ്ക്കളഞ്ഞോ?

ചന്ദ്രാപീഡൻ. ദേവി, എന്തിനു പരിഭ്രമിക്കുന്നു. ഈയുള്ളവൻ അരികിലുണ്ടല്ലോ. അരുളിച്ചെയ്യുവാൻ മടിക്കേണ്ട. ഞാൻ എങ്ങനെയാണു് ഉപചരിക്കേണ്ടതു്?

വ്യാകീർണ്ണാലകപംക്തിയെൻകരതലത്താൽ
ചെമ്മുവായ്ക്കും വിധം
ചീകിച്ചിക്കിയതിൽ പ്രസൂനനികരം
കൂറോടണയ്ക്കാവതോ ?
ആകമ്രാംഗകമൊട്ടിടും സുമരജഃ-
പുഞ്ജം തുടച്ചിട്ടു നിൻ-
ശോകം പൂങ്കുളിർതാലവൃന്തകമല-
ച്ചൻപോടു തീർക്കാവതോ ? ൪

കാദംബരി [ആത്മനിയന്ത്രണത്തോടെ] അവിടുന്നു് വിനയത്തെ അതിക്രമിക്കരുതു്.

ചന്ദ്രാപീഡൻ. പ്രിയേ, കാദംബരി !

കൊണ്ടൽച്ചേർച്ചയെഴാത്ത മിന്നലൊളി-
പൂണ്ടീടുന്നതില്ലമ്പിളി-
ക്കുണ്ടാം ബന്ധമൊഴിച്ചു സംസ്ഥിതി
നിലാവിന്നേശിടാ നിർണ്ണയം;

തെണ്ടിസ്സിന്ധുവിനെപ്പുണർന്നപൊഴുതിൽ
താനേല്ലു മോദം നദി—
ക്കിണ്ടല് പാട്ടു ലതയ്ക്കു ബാലതരുവിൻ—
വേർപാടിലത്യുച്ചമാം. ൫

(ആശ്ലേഷിക്കുവാൻ ഭാവിക്കുന്നു)

കാദംബരി [ഒഴിഞ്ഞുനിന്നിട്ട്] ദേവ, ക്ഷമിക്കണം. ഞാൻ ഒരിക്കലും പ്രതിജ്ഞാലംഘനം ചെയ്യുകയില്ല. മന്മഥന് മരണത്തിനുമേൽ എന്തുചെയ്യാൻ കഴിയും ?

(അണിയറയിൽ)

ആര്യ്യ ! ഇതിലെ, ഇതിലെ.

കാദംബരി [ശ്രവിച്ചിട്ട്] രാജപുത്ര, ആര്യ്യമഹാശ്വേത ഇങ്ങോട്ടേയ്ക്കു വരുന്നുവെന്ന് തോന്നുന്നു.

(അനന്തരം മഹാശ്വേതയും സഖിമാരും പത്രലേഖയും പ്രവേശിക്കുന്നു.)

മഹാശ്വേത [സ്വഗതം] കാദംബരി ഇത്രയായിട്ടും പ്രതിജ്ഞാനിർബന്ധംകൊണ്ട് മനോരഥം പൂരിപ്പിക്കുന്നില്ല. ആകട്ടെ. ഞാൻ തന്നെ ഇവളുടെ ശാഠ്യം തീർക്കാം. [ചന്ദ്രാപീഡനോട്] കുമാരന് കുശലം തന്നെയാണല്ലോ ?

(ചന്ദ്രാപീഡൻ എഴുന്നേററു വന്ദിക്കുന്നു.)

മഹാശ്വേത. കാദംബരി, ഇപ്പോൾ നിൻെറ സന്താപത്തിന് കുറവുണ്ടോ ?

തമാലിക. യുവരാജാവിൻെറ സൗഹാർദ്ദം നോക്കു. അദ്ദേഹം രാജ്യകാര്യ്യങ്ങളെക്കൂടി ഉപേക്ഷിച്ച് അസ്വസ്ഥശരീരയായ ദേവിയെക്കരുതി ഇങ്ങോട്ടേയ്ക്ക് എഴുന്നള്ളിയിരിക്കുന്നു.

ചന്ദ്രാപീഡൻ. ആൎയ്യമഹാശ്വേതയുടെ സഖിയായ കാദംബരീദേവിക്കു സുഖമില്ലെന്നറിയുമ്പോൾ എങ്ങനെ മററാരിടത്തു ഇരിക്കുവാൻ കഴിവുള്ളവനാകും ?

സുഖത്തിലും മാലിലുമററവൎക്കു
കൂട്ടായി വൎത്തിപ്പതു മിത്രധൎമ്മം ;
ഇസ്സാധ്വിതൻ ദുഃഖമിളപ്പതിന്നാ-
യാളാകിലലോ ഞാനവ്വഥാശ്രമൻതാൻ. ൩൮

(കേയൂരകൻ പ്രവേശിക്കുന്നു.)

കേയൂരകൻ. യുവരാജാവേ, ഉജ്ജയിനിയിൽ നിന്നു് മഹാരാജാവിൻെറ ദൂതന്മാർ എത്തിയിരിക്കുന്നതായി അറിയിക്കുവാൻ സമയം കാത്തു് മേഘനാദൻ ദ്വാരഭൂമിയിൽ നില്ക്കുന്നു.

ചന്ദ്രാപീഡൻ. അച്ഛൻെറ ഏതൊരു സന്ദേശമാണു് മേഘനാദൻ അറിയിക്കുവാൻ വന്നിരിക്കുന്നതു് ?

(മഹാശ്വേതയെ നോക്കുന്നു)

മഹാശ്വേത. വിധി അനുകൂലമാണെങ്കിൽ വീണ്ടും രാജപുത്രൻ വന്നു് കാദംബരിയുടെ പാണിഗ്രഹണകൎമ്മം നിൎവ്വഹിക്കും.

മദലേഖ [സാകാംക്ഷമായി] തമാലികേ, യുവരാജാവിനെ കണ്ടതുമുതല്ക്കാണു് ദേവിക്കു് അല്പം ആശ്വാസമുണ്ടായതു്.

മഹാശ്വേത. കാദംബരി, ഇദ്ദേഹത്തിനു് ഇപ്പോൾ പോകുവാൻ അനുമതി നല്കൂ.

കാദംബരി [സ്വഗതം] എൻെറ ഹൃദയം ഇതു് എങ്ങനെ നിൎവ്വഹിക്കും? [പ്രകാശം] രാജകാൎയ്യങ്ങൾ നിൎവ്വിഘ്നം നടക്കേണമല്ലോ ?

കേയൂരകൻ [സ്വഗതം] ദേവിയുടെ വൈമനസ്യം അളവററതാണ്. അനുരാഗത്തിൻെറ പ്രഥമഘട്ടങ്ങളിൽ എന്തെല്ലാം പ്രതിബന്ധങ്ങൾ നേരിടുന്നു !

ഏറുന്ന ശാലീനതകൊണ്ടു ഹൃദ്ഗതം
നേരേ ഗ്രഹിക്കുന്നതിനപ്രഗല്ഭരായ്,
പൂരിച്ചിടാതാശ, സുദീർഘമാം വ്യഥാ-
ഭാരം വഹിപ്പീല യുവാക്കളെത്രപേർ ? ൭

ചന്ദ്രാപീഡൻ [സ്വഗതം] പ്രണയിനിയുടെ സമാഗമം ലഭിച്ചിട്ട് എൻെറ അഭിലാഷങ്ങളൊന്നും നിറവേറാതെ തന്നെ വീണ്ടും ദുസ്സഹമായ വിരഹദുഃഖം അനുഭവിക്കേണ്ടതായി വന്നിരിക്കുന്നു. [പ്രകാശം] ദേവിയുടെ സുഹൃത്സംഭാഷണങ്ങളിൽ ഈയുള്ളവനെക്കൂടി സ്മരിക്കേണമേ ! ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ ദേവിയുടെ പുനർദർശനം എനിക്കു് അചിരേണ ഉണ്ടാകും.

(ചന്ദ്രാപീഡൻ പത്രലേഖയോടുകൂടി പോകുവാൻ ഭാവിക്കുന്നു)

കാദംബരി [പത്രലേഖയോട്] പ്രിയസഖി, നീയെങ്കിലും ഇവിടെ ഇരിക്കൂ. പിന്നെപ്പോകാം.

ചന്ദ്രാപീഡൻ. പത്രലേഖേ, നീയാണ് ധന്യ. എനിക്കുവേണ്ടി നീ ദേവിയെ ശുശ്രൂഷിക്കൂ.

(പത്രലേഖ ചന്ദ്രാപീഡനെ വണങ്ങിയിട്ട് കാദംബരിയുടെ അടുക്കലേക്കു പോകുന്നു.)

മഹാശ്വേത. കാദംബരി, നമുക്കു് അന്തഃപുരത്തിലേക്കു പോകുവാനുള്ള സമയമായല്ലോ. [ചന്ദ്രാപീഡനോട്] രാജകുമാര, ഞങ്ങൾ യാത്ര ചോദിച്ചു കൊള്ളുന്നു. എത്രയും

വേഗത്തിൽ അവിടുത്തെ പുനർദർശനസൗഖ്യം ഞങ്ങൾക്കുണ്ടാകട്ടെ.

കാദംബരി [സ്വഗതം] ഇത്രത്തോളമേ ഈ മഹാനുഭാവനുമായുള്ള സംഗമസൗഭാഗ്യത്തിനു് ഞാൻ സുകൃതം ചെയ്തുള്ളൂ.

(മഹാശ്വേതയും കാദംബരിയും സഖിമാരൊന്നിച്ചു് പോകുന്നു.)

ചന്ദ്രാപീഡൻ [ചുററിനടന്നു്]

ഹൃതയെന്നാലും സ്മരനാൽ
ധൃതയിവൾ ദൃഢമാം പ്രതിജ്ഞയാലിന്നാൾ
മാരുതധുതമെങ്കിലുമഗ-
പച്ചതം മേഖല തടയും വലാഹകാവലിപോൽ.
മേഘം

(എല്ലാവരും പോയി)

—ശ്രീ—

# അഞ്ചാം അങ്കം

## വിഷ്കംഭം

(അനന്തരം സേനാപതിയായ വലാഹകൻ പ്രവേശിക്കുന്നു)

വലാഹകൻ. അഹോ മഹാരാജതാരാപീഡൻെറ ഭാഗ്യം! കുമാരചന്ദ്രാപീഡൻ സ്വഭുജബലത്താൽ ഭാരതവർഷം മുഴുവൻ ജയിച്ചു കീഴടക്കി. അത്രയുമല്ല, ഇതാ ഇപ്പോൾ സൗഹാർദം കൊണ്ടു് ഗന്ധർവലോകത്തേയും വശീകരിച്ചിരിക്കുന്നു. [ആലോചിച്ചിട്ടു്] ചിത്രരഥരാജധാനിയിൽ നിന്നും പത്രലേഖ മടങ്ങിവന്നിരിക്കുന്ന വാർത്ത ദ്വിതീയാമാത്യനായ ആര്യ്യവൈശമ്പായനനെ അറിയിച്ചു് ഉടനെ മേഘനാഥനോടുകൂടി അവളെ ഉജ്ജയിനിലേക്കു് അയയ്ക്കുവാൻ വേണ്ടതു് ഏർപ്പാടുചെയ്യട്ടെ [ശബ്ദംകേൾക്കുന്നതായി നടിച്ചിട്ടു്] യുവരാജാവിൻെറ വിയോഗംകൊണ്ടു് ഉൽകണ്ഠിതനായ ആര്യ്യ വൈശമ്പായനനെ പ്രീണിപ്പിക്കുന്നതിനായി നിശ്ചയിച്ചിരുന്നതുപോലെ ദിവ്യദേശനടന്മാരുടെ നാട്യപ്രയോഗം തുടങ്ങിക്കഴിഞ്ഞുവെന്നു് തോന്നുന്നുവല്ലോ. ഞാനും നാട്യശാലയിലേക്കു ചെല്ലാം.

(വലാഹകൻ പോയി)

---

## അങ്കാരംഭം

(അനന്തരം വൈശമ്പായനൻ ആസനസ്ഥനായ നിലയിൽ പ്രവേശിക്കുന്നു.)

വൈശമ്പായനൻ [സ്വഗതം]

ഇസ്ഥലം പ്രിയജനത്തൊടാദ്യമാം
നല്സമാഗമവിധിക്കു സാക്ഷിപോൽ

പാത്തപോതിലകൃതാത്ഥതാഭരം
ചേത്തിടുന്നു ഹൃദയത്തിലെത്രയും ! ൧

[ആലോചിച്ചിട്ടു്] അല്ലെങ്കിൽ ഈ ഔത്സുക്യം സുഹൃദ്വത്സലനായ ചന്ദ്രാപീഡദേവൻെറ വിരഹംകൊണ്ടു തോന്നുന്നതായിരിക്കാം. [ഒരു വശത്തേക്കു നോക്കീട്ടു്] സേനാപതി വലാഹകൻ ഇങ്ങോട്ടേക്കു വരുന്നുവല്ലോ.

വലാഹകൻ [പ്രവേശിച്ചിട്ടു്] അമാത്യൻ വിജയിച്ചാലും !

വൈശമ്പായനൻ. സേനാപതേ, ഇരിക്കൂ.

വലാഹകൻ. [ഇരുന്നിട്ടു്] ഈ വിനോദാവസരത്തിൽ അവിടുന്നു് ഉത്കണ്ഠിതനായിരിക്കുന്നതു് എന്തുകൊണ്ടാണാവോ ?

വൈശമ്പായനൻ. സേനാപതേ, അങ്ങറിയുന്നില്ല.

വിരഹവിധുരതചത്തിന്നൊന്നേ
നിമിത്തമതെൻസഖാ-
വരതിജനകം മോഹം തിങ്ങും
പ്രകാരമിതെന്തുവാൻ ?
ഗുരുജനലയം താനോത്തീടാത-
കാണ്ഡമെഴുന്നതാം
കരണവിഗമം താൻ ചേരതീടും
വ്യഥാഭരമേല്പ്പതേ. ൨

വലാഹകൻ. കുമാരനും അവിടുത്തേക്കും തമ്മിലുള്ള സൗഹാർദാതിരേകം കൊണ്ടാണ് ഈ അല്പകാലവിരഹം ദുസ്സഹമായിത്തോന്നുന്നതു്. [സ്വഗതം] ഇദ്ദേഹത്തിൻെറ മനസ്സിനെ ഞാൻ എങ്ങനെയാണ് വിഷയാന്തരത്തിലേക്കു് നയിക്കുന്നതു് ? [പ്രകാശം] അമാത്യ, ഇതാ നാട്യം ആരംഭിച്ചുകഴിഞ്ഞു.

(സൂത്രധാരൻ പ്രവേശിക്കുന്നു)

സൂത്രധാരൻ [അഞ്ജലിബന്ധം ചെയ്തു്]

ഫലവും മൂലവുമൊരുപോ-
ലലർശരനാം ഭവമഹീരുഹം വെല്വൂ ;
ഉലകതിനെഴുമാ മധുരിമ-
യലവേ കാംക്ഷിപ്പൂ കൌതുകാകുലമായ്. ൩

വലാഹകൻ. നാന്ദിയിലെ പദബന്ധനരീതി അഭിനന്ദനീയം തന്നെ.

വൈശമ്പായനൻ. അഹോ! ആശയഗാംഭീര്യത്തോടുകൂടിയ പ്രതിപാദനം

സൂത്രധാരൻ.

ചാതുർവിധ്യമെതിർന്ന നന്മറയിൽ
നിന്നേകി വിധാതാവെതോ
ഭൂതം ഭാവിയുമൊന്നുപോലെ
നയനത്തിൻമുൻപണപ്പാൻ ക്ഷമം,
സ്ഫീതാനന്ദരസം കലാവലി നക-
ന്നീടുന്നു കീഴ്പെട്ടെന്നി-
ന്നാനാകക്ഷിതി നാട്യമാക്കു ഹൃദ-
യോല്ലാസത്തിനാകാത്തതും? ൪

രസജ്ഞരായ സാമാജികന്മാരുടെ മുൻപിൽ ഞങ്ങൾ ഇന്നു് അഭിനയിക്കുവാൻ പോകുന്നതു് കാദംബരീനിർമ്മിതമായ 'മഹാശ്വേതാപുണ്ഡരീകം' എന്ന രൂപകമാണു്.

വൈശമ്പായനൻ [സ്മരണം നടിച്ചിട്ടെന്നപോലെ സ്വഗതം] എന്തു് മഹാശ്വേതയോ ? ആകട്ടെ കാണാം.

സൂത്രധാരൻ [അണിയറയിലേക്കു നോക്കിയിട്ടു്] കഥാസന്ദർഭത്തിനു ചേർന്ന വസന്തർത്തുവിനെക്കുറിച്ചു് ഗാനം ആരംഭിക്കട്ടെ.

(അണിയറയിൽ പാട്ടു കേൾക്കുന്നു)

അഭിനവമധുലോലുപനാ-
യളിവരനെത്രയ്ക്കു ചൂതമഞ്ജരിയെ
അണയുവതത്രയ്ക്കതിബല-
മനിലനടിച്ചോട്ടിടുന്നു നിഷ്കൃപമായ്. ൭

വൈശമ്പായനൻ [സ്വഗതം] ഈ ഗീതിവിശേഷത്തിൽ ഉപക്ഷിപ്തമായ ഇതിവൃത്തം എന്നെ അത്യന്തം ആകർഷിക്കുന്നു.

സൂത്രധാരൻ. ഇതാ എൻെറ സഹധർമ്മിണിതന്നെ മഹാശ്വേതയുടെ വേഷം ധരിച്ചു് അരങ്ങത്തേക്കുവന്നു കഴിഞ്ഞു. ഞാനും അനന്തരപരിപാടികൾക്കു് സന്നദ്ധനാകട്ടെ. [പോയി]

(അനന്തരം മഹാശ്വേത സഖിയോടുകൂടി പ്രവേശിക്കുന്നു.)

മഹാശ്വേത. സഖി, തരളികേ, അമ്മ ദേവാലയത്തിൽ ആരാധനം മുഴുവനാക്കുന്നതിന്നിടയ്ക്കു് നമുക്കു് ഇവിടെ ചുററിസ്സഞ്ചരിക്കാം.

തരളിക. അവിടുത്തെ ഇഷ്ടം പോലെ

(രണ്ടുപേരും ചുററി നടക്കുന്നു.)

വൈശമ്പായനൻ [മഹാശ്വേതയെ നോക്കിയിട്ടു്]

ഉൾഭ്രാന്തി ചേർക്കുന്ന മഹേന്ദ്രജാല-
ശില്പത്തിലോ പൂർവ്വജന്മസ്സിലോതാൻ
സ്വപ്നത്തിലോ കണ്ടതുപോലെയെൻഹൃ-
ത്തിപ്പെൺകൊടിപ്പൂൺപു മയക്കിടുന്നു. ൮

വലാഹകൻ [ആശ്ചര്യം നടിച്ചിട്ടു്] അംഗങ്ങൾക്കു ഇങ്ങനെയുമുള്ള ശൈത്യം ഉണ്ടാകുമോ ? മഹാശ്വേത എന്ന പേരു് ഇവൾക്കു് അന്വർത്ഥം തന്നെ.

തരളിക. ഭർത്തൃദാരികേ, അച്ഛോദസരസ്സിന്റെ പരിസരത്തിലുള്ള ഈ ഉദ്യാനത്തിലെ വസന്തവിലാസം നോക്കൂ.

മഹാശ്വേത. തരളികേ. നമുക്കു് ആ രക്താശോകവാടിയിൽ ചെന്നു് മദനപൂജയ്ക്കുള്ള പുഷ്പങ്ങൾ ശേഖരിക്കാം.

[രണ്ടുപേരും പുഷ്പാപചയം നടിക്കുന്നു.]

മഹാശ്വേത. ഇതിനു മുൻപു് ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത ഒരു സൗരഭ്യം ഈ അന്തരീക്ഷത്തിൽ പ്രസരിക്കുന്നല്ലോ! ഇതു് എവിടെ നിന്നു് ഉദ്ഗമിക്കുന്നതായിരിക്കാം?

തരളിക. വണ്ടുകൾ കൂട്ടം കൂട്ടമായി പറക്കുന്നതു് ആ ലക്ഷ്യത്തിലേക്കാവാം.

മഹാശ്വേത. നമുക്കും ഈ വണ്ടുകളെ പിൻതുടരാം.

[രണ്ടുപേരും ചുററി നടക്കുന്നു.]

വലാഹകൻ. ഇതാ ഏതോ ഒരു ദിവ്യർഷികുമാരൻ കൂട്ടുകാരനോടൊന്നിച്ചു് വരുന്നു. ഇദ്ദേഹത്തിൽ ശാന്തിശൃംഗാരങ്ങൾ ഒത്തിണങ്ങി പ്രശോഭിക്കുന്നതു് ഏവരുടേയും ഹൃദയത്തെ ഹരിക്കുന്നതാണു്.

ഈ മുനികുമാരൻ,

തടിത്പടലപാടലം ജട വഹിച്ചു ഹേമദ്യുതി-
യ്ക്കുടപ്പിറവി പൂണ്ടതാമമലവല്ക്കലം ചാർത്തിയും
മട്ടസ്രവസുഗന്ധിയാമമരദാരുപുഷ്പം ചെവി-
ക്കിടയ്ക്കു തിരുകുന്നതേ നവവിലാസലക്ഷ്മീകനായ്. ൧

(അനന്തരം പുണ്ഡരീകൻ കപിഞ്ജലനോടുകൂടി പ്രവേശിക്കുന്നു.)

പുണ്ഡരീകൻ. സഖേ കപിഞ്ജല, ഗൗരീപതിയുടെ വിഹാരസൗധമായ ആ പർവ്വതം ഇനിയും അടുത്തില്ലല്ലോ?

കപിഞ്ജലൻ. പുണ്ഡരീക, ഈ ചൈത്രരഥോദ്യാനത്തിൽ കുറച്ചുനേരം വിശ്രമിച്ചിട്ട് പിന്നീടു യാത്ര തുടരാം.

(രണ്ടുപേരും ചുററി നടക്കുന്നു)

വൈശമ്പായനൻ [പുണ്ഡരീകനെ നോക്കിക്കൊണ്ട് സ്വഗതം] ആശ്ചര്യം. ഈ മുനികുമാരന്റെ നേക്ക് തോന്നുന്ന പരിചയാധിക്യത്തിനു കാരണമെന്തായിരിക്കാം? ഞാൻ തന്നെ മറെറാരു ശരീരം ധരിച്ചാലെന്നപോലുള്ള ഒരു അനുഭൂതിയാണു് എനിക്ക് ഇപ്പോൾ ഉണ്ടാകുന്നതു്.

കപിഞ്ജലൻ. സഖേ, ഈ ഉദ്യാനത്തിനു വസന്തശ്രീയാലുള്ള സവിശേഷമായ രാമണീയകം നോക്കൂ.

പുണ്ഡരീകൻ [ചുററും കണ്ണോടിച്ചിട്ട്] ഈ വസന്തകാലത്തിൽ തിര്യക്കുകൾപോലും മന്മഥന്റെ ശാസനത്തെ ചതുരമാകുംവണ്ണം അനുവർത്തിക്കുന്നു.

ബകുളകുസുമപാത്രത്തിങ്കലച്ചഞ്ചരീകം
സഹചരിയൊടു മാധ്വീസാരമുണ്മാൻ കൊതിപ്പൂ;
വിഹിതമധുരകേകാരാവനായ് ബർഹിവര്യൻ
സുകൃതിനി ദയിതയ്ക്കുൾപ്രീതി നല്കുന്നു ബാഢം. വ

വലാഹകൻ [വൈശമ്പായനനേയും പുണ്ഡരീകനേയും മാറിമാറി നോക്കിയിട്ട് സ്വഗതം] ഈ മുനികുമാരന്റേയും അമാത്യ വൈശമ്പായനന്റേയും ആകൃതിപ്രകൃതികൾക്കുള്ള സാമ്യം ഏററവും അദ്ഭുതാവഹംതന്നെ.

വൈശമ്പായനൻ.

നടവിലസിതമാത്രം കാണ്മതെന്നാലുമിന്നേ-
പ്പെട്ടമൊരു ദൃഢമാകും താത്ത്വികപ്രത്യയത്താൽ
ഇടരനനിമിഷം മച്ചിത്തമുൾപ്പൂക്കിടാനെ-
ന്തിട, തടയുവതിന്നാളല്ല ചേതോഽഭിഷംഗം. ൻ

മഹാശ്വേത [മുൻപിൽ നോക്കിയിട്ട്] വസന്തനാൽ അനുഗതനായ മന്മഥനെന്നപോലെ അനുരൂപനായ വയസ്യനോടുകൂടി വരുന്ന ഈ മുനികുമാരൻ ആരായിരിക്കും ?

തരളിക. ഇദ്ദേഹം കണ്ണുങ്ങളിൽ ധരിച്ചിരിക്കുന്ന പുഷ്പമഞ്ജരിയുടെ സൗഗന്ധ്യമാണ് നമ്മെ ഇങ്ങോട്ടേക്ക് ആകർഷിച്ചത്.

മഹാശ്വേത [സ്വഗതം] എനിക്കു ചോദിക്കുവാൻ കെല്പില്ല. ആകട്ടെ വഴിയുണ്ടാക്കാം [പ്രകാശം] തരളികേ, ഈ പുഷ്പമഞ്ജരിയുടെ ഉത്പത്തിസ്ഥാനമായ ആ വിശിഷ്ട പാദപം ഏതാണ് ?

തരളിക. ഭർത്തൃദാരികേ, നമുക്ക് ഇദ്ദേഹത്തിന്റെ കൂട്ടുകാരനോട് ചോദിച്ച് കാര്യം മനസ്സിലാക്കാം. മുനിജനത്തെ വേണ്ടപോലെ ആദരിക്കേണ്ടത് അവിടുത്തേയും കടമയാണല്ലോ ?

(രണ്ടുപേരും മുനികുമാരനെ സമീപിക്കുന്നു)

പുണ്ഡരീകൻ [മഹാശ്വേതയെ കണ്ടിട്ട്]

ആരിവളമരസ്ത്രീജന-
സാരസ്യം ദൂരെയാക്കിടുവോൾ ?
സ്മരശരദേവതതാനോ
വരതനു വനദേവതാധിനായികയോ ? ൧൦

മഹാശ്വേത [സ്വഗതം] ഇദ്ദേഹത്തിന്റെ ദർശനത്തിൽ ഞാൻ കന്യകാജനവിരുദ്ധമായ ഭാവത്തിന് വശംവദയാകുന്നുവോ ?

തരളിക. ഭർത്തൃദാരികേ, ഈ രക്താശോകകുസുമങ്ങൾ കാഴ്ച വെച്ച് മുനിജനത്തെ പ്രണമിക്കൂ.

[മഹാശ്വേതയുടെ കൈയിൽ തരളിക പൂക്കൾ കൊടുക്കുന്നു.]

മഹാശ്വേത [സ്വഗതം] പുഷ്പസമർപ്പണവേളയിൽ എൻെറ ഭാവഭേദം സ്പഷ്ടമായിത്തീൎന്നിരിക്കുമോ ?

(ശൃംഗാരലജ്ജ അഭിനയിച്ചുകൊണ്ട് പുഷ്പങ്ങൾ പുണ്ഡരീകൻെറ പാദങ്ങളിൽ അർപ്പിക്കുന്നു.)

പുണ്ഡരീകൻ [സ്വഗതം] ഈ കന്യകയുടെ ദർശനത്തിൽ എൻെറ ഹൃദയം ഇതിനുമുൻപൊരിക്കലും ഇല്ലാത്തവണ്ണം ചഞ്ചലമാകുവാൻ കാരണം എന്തായിരിക്കാം ? [പ്രകാശം] അഭീഷ്ടസിദ്ധിയുണ്ടാകട്ടെ !

തരളിക. ഭഗവൻ, ഈ ആശംസയാൽ ഈയുള്ളവർ അനുഗൃഹീതരായി.

(മഹാശ്വേതയും പുണ്ഡരീകനും പരസ്പരം കടാക്ഷിക്കുന്നു)

തരളിക [(മഹാശ്വേതയുടേയും പുണ്ഡരീകൻെറയും ഭാവം വീക്ഷിച്ചിട്ട് സ്വഗതം] വിധിയുടെ സൃഷ്ടിനൈപുണി സഫലമായി. ഇവർ രണ്ടുപേരും ഒരേ കാലത്തിൽ മദനൻെറ പ്രഭാവത്തിന് അധീനരായിരിക്കുന്നു. [കപിഞ്ജലനോട്) ഭഗവൻ, ഒരു കാര്യം അറിയുവാൻ ആഗ്രഹിക്കുന്ന ഇവളുടെ അപരാധം ക്ഷമിച്ചാലും !

കപിഞ്ജലൻ. നിങ്ങളുടെ ആഗ്രഹം എന്താണ് ? ധൈര്യമായി ചോദിക്കാമല്ലോ !

തരളിക. അവിടുത്തെ സഖാവായ ഈ മഹാനുഭാവൻ ആരാണ് ? ഏതൊരു തപസ്വിയോടുള്ള ബന്ധമാണ് ഇദ്ദേഹത്തിൻെറ ആജാനപാവനതയ്ക്കു് നിദാനം ?

കപിഞ്ജലൻ ഭദ്രേ ! ഇതോ ഭവതിക്ക് അറിയുവാനുള്ളതു് ? പറയാം.

മഹാശ്വേത (സ്വഗതം) ഹൃദയമേ. അവധാനത്തോടെ ശ്രവിക്കൂ.

കപിഞ്ജലൻ. ഇദ്ദേഹം ദിവ്യലോകനിവാസിയായ ശ്വേതകേതുമഹർഷിക്ക് ലക്ഷ്മിയിൽ ജനിച്ച സുഗൃഹീതനാമധേയനായ പുണ്ഡരീകനാണ്.

വൈശമ്പായനൻ [ആദരാതിശയത്തോടെ] അഹോ, ത്രൈലോക്യപാവനങ്ങളും ചിരകാലപരിചിതങ്ങളും ആയ അക്ഷരങ്ങളാണല്ലോ ഞാൻ കേൾക്കുന്നത്.

കപിഞ്ജലൻ. എന്റെ സഖാവ് ഇപ്പോൾ ചതുർദശി സംബന്ധിച്ച് ശ്രീപരമേശ്വരനെ വന്ദിക്കുവാനായി കൈലാസത്തിലേക്ക് പുറപ്പെട്ടിരിക്കുകയാണ്.

തരളിക. നിങ്ങളുടെ ആഗമനത്തിൽ ചുററുപാടുമുള്ള അന്തരീക്ഷം ഇത്രത്തോളം സൌഗന്ധ്യപൂരിതമായിത്തീരുവാൻ കാരണമെന്തായിരിക്കുമോ ?

കപിഞ്ജലൻ. ഭദ്രേ, ഭവതിയുടെ ആശങ്ക സമുചിതമാണ്. ഞങ്ങൾ വരുംവഴിക്ക് നന്ദനവനദേവത ലക്ഷ്മീനന്ദനനായ ഇദ്ദേഹത്തിന് കർണ്ണാവതംസമായി ഒരു കല്പകപ്പൂങ്കുല സമ്മാനിച്ചു.

മഹാശ്വേത [ആത്മഗതം]

ലംബിച്ചു കർണ്ണത്തിലഹോ, കപോലം
ചുംബിച്ചു ലോലംബകുലാരവത്താൽ,
ചെമ്മേ രഹസ്യം പറയുന്ന നീ താൻ
സമ്മാന്യയാം, മഞ്ജരി ! മന്നിലിന്നാൾ. ൧൧

വൈശമ്പായനൻ. വിസ്മൃതിയിലാണ്ടിരുന്ന വൃത്താന്തങ്ങൾ ഓരോന്നായി എന്റെ സ്മൃതിപഥത്തിൽ ആരോഹണം ചെയ്യുന്നു.

വലാഹകൻ. ജന്മാന്തരത്തിലെ അനുഭൂതിവിശേഷങ്ങൾ തുല്യവസ്തുദർശനത്താൽ സ്മരിക്കപ്പെടുന്നതു് സ്വാഭാവികമാണു്.

പുണ്ഡരീകൻ [മഹാശ്വേതയോടു്] കൗതുകമുണ്ടെങ്കിൽ ഈ മഞ്ജരിയെ സ്വീകരിക്കാം. [പുഷ്പമഞ്ജരിയെ മഹാശ്വേതയുടെ ചെവിയിൽ അണിയിച്ചുകൊണ്ടു് സ്വഗതം] ആവൂ ! ഞാൻ ധന്യനായി.

പുളകിതമായ് ഘർമ്മജലം
പൊടിയും ഗണ്ഡസ്ഥലത്തിലെൻകൈയാൽ
അലഘുസുഖം വളരുംമാ-
റൊരു കുറി തൊട്ടേൻ പ്രഥമഭാഗ്യത്താൽ. ഫവ

മഹാശ്വേത [പുണ്ഡരീകന്റെ ഭാവം വീക്ഷിച്ചിട്ടു് ആത്മഗതം] അഹോ ! കരതലത്തിൽ നിന്നു ഗളിക്കുന്ന അക്ഷമാലയെപ്പോലും ഇദ്ദേഹം അറിയുന്നില്ല. ആകട്ടെ. ഞാൻ ഇതിനെ ഗ്രഹിക്കാം. [എടുത്തു കഴുത്തിൽ ധരിക്കുന്നു.]

തരളിക. സഖി, വരൂ. ദേവാലയത്തിലുള്ള ആരാധന കഴിഞ്ഞു് അമ്മതമ്പുരാട്ടി തിരിച്ചെഴുന്നള്ളുന്ന സമയമായി.

മഹാശ്വേത [സ്വഗതം] ഇദ്ദേഹത്തിനെ വിട്ടു് ഞാൻ എങ്ങനെ പോകുന്നു ? അല്ലെങ്കിൽ ഇത്രത്തോളമേയുള്ളു എന്റെ കണ്ണുകൾ ചെയ്ത പുണ്യം [പണിപ്പെട്ടു് കുറച്ചുദൂരം നടക്കുന്നു.]

തരളിക [സ്വഗതം] പ്രിയസഖിയുടെ മുഖം വല്ലാതെ വിളറിയിരിക്കുന്നു.

കപിഞ്ജലൻ [മഹാശ്വേതയേയും പുണ്ഡരീകനേയും നോക്കിയിട്ടു് കോപത്തോടെ] പുണ്ഡരീക, നീ ഇത്രകൊണ്ടു് അനാത്മജ്ഞനോ ?

വ്യാജത്തിനാൽ സത്യമിരുട്ടിനാൽതാൻ
തേജസ്സു, പുണ്യം ബഹുദുഷ്കൃതത്താൽ,
ഹാ! ജയ്യമാം കാമശരത്തിനാൽ നി-
ന്നാജാനപൂതം നിയമം നശിക്കിൽ. ൧൩

പുണ്ഡരീകൻ. സഖേ കപിഞ്ജല, പറയൂ. എന്നിൽ എന്താണു് തെററു് ?

കപിഞ്ജലൻ. ഈ ദുർവ്വിനീതയായ കന്യക അക്ഷമാലയെ ഹരിച്ചതുകൂടി അങ്ങു് അറിയുന്നില്ലല്ലോ ? മതി അങ്ങയുടെ സതീത്ഥ്യഭാവം. [പോയി]

പുണ്ഡരീകൻ [സ്വഗതം] ഇവളുടെ കണ്ഠാലങ്കാരമായപ്പോഴാണു് ഈ അക്ഷമാലയ്ക്കു് യഥാർത്ഥമായ ശോഭ കൈയ്‌വന്നതു്. [കപടകോപം അഭിനയിച്ചുകൊണ്ടു് പ്രകാശം] ഞാൻ നോക്കിക്കൊണ്ടിരിക്കവേതന്നെ എന്റെ അക്ഷമാലയെ അപഹരിക്കുന്നുവോ ?

മഹാശ്വേത [പിൻതിരിഞ്ഞു നോക്കിയിട്ടു് സ്വഗതം] ഇദ്ദേഹം കുപിതനായിരിക്കുന്നുവെന്നു തോന്നുന്നു. [പ്രകാശം] ഭഗവൻ, ക്ഷമിക്കണം. നിലത്തുവീഴുവാൻപോയ ഈ അക്ഷമാല പൊടിപററുമെന്നു കരുതി ഞാൻ ഗ്രഹിച്ചതാണു്. ഇതു് തിരികെ തരാമല്ലോ ? [കണ്ഠത്തിൽനിന്നും ഏകാവലിയെ ഊരി കൊടുത്തിട്ടു് തോഴിയോടുകൂടി പോകുന്നു.]

പുണ്ഡരീകൻ [ഏകാവലിയെ ധരിച്ചിട്ടു്] എന്റെ അക്ഷമാലയ്ക്കു പകരം അവൾ എനിക്കു നല്കിയതു് അവളുടെ മുത്തുമാലയാണല്ലോ ! [മഹാശ്വേത പോയ വഴി നോക്കിയിട്ടു്]

ഭാസുരാംഗിയവളെങ്ങുപോയ് സ്മരോ-
ല്ലാസിയാം ഹൃദയമെങ്കലേററിയോരം ?
ഹാ ! സുഗുപ്തമിവനുള്ളവും പ്രതി-
ന്യാസമെന്നപടി കൊണ്ടുപോയിതേ. ൨൪

വൈശമ്പായനൻ. മിന്നല്പിണർപോലെ അവരം എവിടെയോ പോയ് മറഞ്ഞു.

പുണ്ഡരീകൻ.

സൈന്യം തന്വീകദംബം, രതി സഹചരിയാം,
നല്സുഹൃത്തോ വസന്തൻ,
കന്നല്ക്കാണ്ഡം ധനുസ്സുജ്ജ്വലസുമനികരം
താനമോഘം ശരൗഘം,
പിന്നെക്കൈക്കൊള്ളുമാന്നോൻ പനിമതി, പവനൻ
സേവകൻ ശ്ലാഘ്യമേററം
നിന്നിൽ തങ്ങുന്നതെല്ലാം സ്മര! വിരഹിജന-
ത്തോടു നീയേററിടായ്കിൽ. ൨൫

ഇവളെ പിൻതുടൎന്നു് വൃത്താന്തങ്ങളെല്ലാം ഗ്രഹിക്കുവാൻ കഴിയുമോ എന്നു നോക്കാം. [മുൻപിൽ നോക്കിയിട്ടു്] എൻെറ ഹൃദയഹാരിണിയുടെ തോഴിതന്നെ കൂട്ടുവിട്ടിട്ടു് ഇങ്ങോട്ടു വരുന്നുവല്ലോ !

(തരളിക പ്രവേശിക്കുന്നു.)

പുണ്ഡരീകൻ [തരളികയെ സമീപിച്ചിട്ടു്] എൻെറ ആശയ്ക്കു് അവലംബം നല്കുമാറു് ആ മഹാഭാഗയുടെ തോഴിയെ വീണ്ടും കാണുവാൻ സാധിച്ചതിൽ എനിക്കു് നിസ്സീമമായ ആഹ്ലാദമുണ്ടു്. ഭദ്രേ ! ഭവതിയുടെ സ്വാമിനി ഏതൊരു വിശിഷ്ടമായ നാമധേയത്താലാണു് അറി

യപ്പെടുന്നതു് ? ജനനംകൊണ്ടു് അംഗനാരത്നാകരമാക്കി ത്തീൎക്കപ്പെട്ട ആ കുലം ഏതാണു് ?

തരളിക [സ്വഗതം] സഖിയുടെ ആഗ്രഹം നിൎവഹി ക്കുവാനുള്ള മാൎഗ്ഗം തന്നിയേ തുറന്നുകിട്ടി. [പ്രകാശം] എന്റെ പ്രിയസഖിയെക്കുറിച്ചുള്ള അവിടുത്തെ ഏതൊരു ജിജ്ഞാ സയും പരിപൂരിപ്പിക്കുന്നതു് എത്രയും സന്തോഷാവഹമാ യ ഒരു കൃത്യമായി ഞാൻ കരുതുന്നു. ഇവൾ ചന്ദ്രകിരണോ ദ്ഭവയായ ഗൌരി എന്ന അപ്സരസ്സിൻെറ ഏകപുത്രി യായ മഹാശ്വേതയാണു്. ഇവളുടെ പിതാവാകട്ടെ, ഗന്ധൎവ്വരാജസോദരനായ ഹംസനുമത്രേ. ഇപ്പോൾ ഇവൾ ഹേമകൂടത്തിലുള്ള സ്വഗൃഹത്തിലേക്കു് അമ്മയോടൊന്നി ച്ചു് തിരിച്ചിരിക്കുകയാണു്.

വലാഹകൻ. യുവരാജാവു് രണ്ടുപ്രാവശ്യം പോയി വന്നതായ ആ ഹേമകൂടപൎവ്വതം തന്നെയായിരിക്കാം ക ഥാനായികയുടെ വാസസ്ഥാനമായി നാടകത്തിൽ പ്രതി പാദിതമായിരിക്കുന്നതു്.

പുണ്ഡരീകൻ. അനന്യശരണനായ എൻെറ ഒരു അഭ്യൎത്ഥന നിറവേററുവാൻ ഭവതിക്കു് സന്മനസ്സുണ്ടാ കുമോ ?

തരളിക. അവിടുത്തെ ഹിതം അനുവൎത്തിക്കുന്നതു് ഒരു മഹാനുഗ്രഹമായി ഞാൻ കരുതുന്നു.

പുണ്ഡരീകൻ [ആലോചിച്ചിട്ടു്] ഭവതിയുടെ സ്വാമി നിയോടു് എൻെറ ഒരു സന്ദേശം യഥാവസരം അറിയി ക്കണം.

തരളിക [സ്വഗതം] പ്രിയസഖിയുടെ തപ്തഹൃദയ ത്തിനു് ഏകമായ ഉപശമനൌഷധമായിരിക്കുമല്ലോ, ഇദ്ദേ

ഹത്തിൻെറ മുഖത്തിൽ നിന്നും നിർഗളിക്കുന്ന ഓരോ വാക്കും.

വൈശമ്പായനൻ [ആത്മഗതം] ഇപ്രകാരം ഉത്കൃഷ്ടമായ അനുരാഗത്തിന് സമുചിതമായ ഒരു സന്ദേശം എന്തായിരിക്കും ?

പുണ്ഡരീകൻ. അക്ഷമാലയോടുകൂടിത്തന്നെ എൻെറ ഹൃദയവും നിങ്ങളുടെ സ്വാമിനിക്ക് അധീനമായിരിക്കുന്നുവെന്ന് അറിയിക്കുക. ആ മഹാഭാഗയോടുള്ള പ്രഥമസമാഗമത്തിന് സാക്ഷിയായ ഈ സരസ്തീരം വിട്ടു പോകുവാൻ ഞാൻ ശക്തനല്ല. എൻെറ പ്രാത്ഥനയ്ക്കു് നിങ്ങളുടെ സ്വാമിനി ആഭിമുഖ്യം നല്കുന്നില്ലെങ്കിൽ ജീവസന്ധാരണം തന്നെ എനിക്ക് അസാദ്ധ്യമായി ഭവിക്കും.

തരളിക. പ്രിയസഖിയോടുള്ള പ്രതിപത്തിയെ സൂചിപ്പിക്കുന്ന അവിടുത്തെ സന്ദേശം യാതൊരു ലോപവും വരുത്താതെ ഞാൻ അറിയിക്കാം. എനിക്ക് പോകുവാൻ വിടനല്കുക.

പുണ്ഡരീകൻ. ഭദ്രേ! ഭവതിയുടെ സാനുകമ്പമായ പ്രവത്തനം എൻെറ പ്രാണരക്ഷണത്തിന് തുല്യമാണ്.

(തരളിക പോകുന്നു.)

പുണ്ഡരീകൻ.

ഹൃദയമപഥത്തിങ്കൽ തങ്ങിത്തകന്നതുപോലെയാം,
വിഗതവിഷയൗത്സുക്യത്താൽതാൻ നിരുന്മിഷദിന്ദ്രി-
[യൻ;
അതിവികലമാം ഗാത്രം പേറാൻ പടുത്വമെഴാതെയാ-
യിതുപൊഴുതിലെൻപ്രാണങ്ങൾക്കും വിനാശമടുത്തു-
[തേ. ഹന്ത

എവിടെയാണു് ഉത്കണ്ഠിതമായ ആത്മാവിനെ വിനോദിപ്പിക്കേണ്ടതു്? ഈ സരസ്തീരത്തിലുള്ള രക്താശോകലതാഗൃഹത്തിൽ സന്ദേശസാഫല്യത്തെ പ്രതീക്ഷിച്ചുകൊണ്ടു് നിമിഷങ്ങൾ കഴിച്ചുകൂട്ടാം.

(കപിഞ്ജലൻ പ്രവേശിക്കുന്നു.)

കപിഞ്ജലൻ. ഞാൻ കോപിച്ചു് പ്രിയസുഹൃത്തിനെ വിട്ടുപോയതു് ഒട്ടും നന്നായില്ല. ലോകത്തിൻെറ കാപട്യം എന്തെന്നറിഞ്ഞിട്ടില്ലാത്ത ആ നിർമ്മലചിത്തനെ പരിരക്ഷിക്കുവാൻ ഗുരുവിനാൽ നിയുക്തനായ എന്റെ അപരാധം അക്ഷന്തവ്യമാണു്. സുഹൃത്തു് തെററായ മാർഗ്ഗത്തിൽ പ്രവർത്തിച്ചാലും ഉപേക്ഷണീയനല്ലെന്നുള്ള ആപ്തവാക്യത്തെ ആദരിച്ചു് വീണ്ടും പുണ്ഡരീകകുമാരനെ അന്വേഷിക്കുക തന്നെ. [ചുററും നോക്കിയിട്ടു്] ഇവിടെയെങ്ങും അദ്ദേഹത്തെ കാണുന്നില്ലല്ലോ! സന്ധ്യാസമയമായതുകൊണ്ടു് നിത്യകർമ്മാനുഷ്ഠാനത്തിനു് സരസ്തീരത്തിലേക്കു പോയിരിക്കാം. [ചെവിയോർത്തിട്ടു്] എന്തു് അത്യുച്ചത്തിൽ കേൾക്കുന്ന ആ വിലാപം എൻെറ സുഹൃത്തിൻെറതാണെന്നു് തോന്നുന്നുവല്ലോ.

(അണിയറയിൽ)

ദുരാത്മാവായ ചന്ദ്രചണ്ഡാല! വിരഹിയായ എന്നിൽ നിർദയം ചണ്ഡകിരണങ്ങളെ പതിപ്പിക്കുന്ന നീയും ഭൂജാതനായി ഇതുപോലെ പ്രേയസീവിയോഗദുഃഖം അനുഭവിക്കുവാൻ ഇടവരട്ടെ.

കപിഞ്ജലൻ [സാവേഗം] അഹോ! സുഹൃത്തു് ഉന്മത്താവസ്ഥയെ പ്രാപിച്ചിരിക്കുന്നു. വേഗം അടുക്കലേക്കു ചെല്ലാം. [പോയി]

വൈശമ്പായനൻ. സൗഹാർദത്തിന്ന് സർവ്വും അധീനമാണ്. ഇതാ! കപിഞ്ജലൻ ആപത്കാലത്തിൽ സഖാവിനെ രക്ഷിക്കുവാനായി വന്നുചേർന്നു.

വലാഹകൻ. അമാത്യന്റെ അഭിപ്രായം യുക്തം തന്നെ. സജ്ജനങ്ങൾ ദുർമ്മാർഗ്ഗത്തിൽ പ്രവേശിച്ച മിത്രത്തെ ആദ്യം യുക്തികൊണ്ടു തടയുവാൻ ശ്രമിക്കുന്നു. അതു സാധിക്കാതെ വരുമ്പോൾ സ്വാനിശ്ചയത്തെ വെടിഞ്ഞും മിത്രകാര്യത്തിന്ന് സന്നദ്ധരാകുന്നു.

(മഹാശ്വേത തരളികയോടുകൂടി പ്രവേശിക്കുന്നു)

മഹാശ്വേത. തരളികേ, നാം കുറെ അധികം താമസിച്ചുപോയി. നിന്നോട്ട് സന്ദേശം പറഞ്ഞയച്ച ആ മുനികുമാരനെ ഇവിടെ എങ്ങും കാണുന്നില്ലല്ലോ ?

തരളിക. ഭർത്തൃദാരികേ, ഒട്ടും സംശയിക്കേണ്ട. അദ്ദേഹം അവിടുത്തെത്തന്നെ പ്രതീക്ഷിച്ചുകൊണ്ട് ഇതിനടുത്ത് എവിടെയെങ്കിലും തന്നെയുണ്ടാകും.

വൈശമ്പായനൻ. ആര്യ വലാഹക, എന്റെ ഇപ്പോഴത്തെ അവസ്ഥ അങ്ങ് അറിയുന്നില്ല.

ഒരുമിച്ചെന്നൊടെതിർപ്പു യാതനാ-
ഭരമാണ്ടെന്നിരുളിൽ പ്രഗാഢമായ് ;
ദുരിതത്താലകൃതാർത്ഥനായി ഞാൻ
പുരുമോഹത്തിനു കീഴ്പ്പെടുന്നതാം. ൧൪

വലാഹകൻ. സംസ്കൃതമതിയായ അവിടുന്ന് ധൈര്യം വെടിയുകയോ ? നാട്യാദിപ്രയോഗത്തിൽ ഭാവുകന്മാർക്ക് തന്മയീഭാവം സ്വാഭാവികമാണെന്നല്ലേ ധ്വനിപ്രസ്ഥാനസിദ്ധാന്തികൾ വ്യവസ്ഥാപനം ചെയ്തിരിക്കുന്നത്?

ഭാവാന്തരത്താൽ മറവാൻ സൂക്ഷ്മ-
ഭാവത്തൊട്ടുള്ളിൽ സ്ഥിരമെന്നപോലെ,
മേവുന്ന ഭാവം പ്രതിപത്തിയോഗ്യ-
മാവുന്നു, സത്കാവ്യനിഷേവണത്താൽ. ൧൨

മഹാശ്വേത. അയ്യോ! എന്തു് അനിഷ്ടം സംഭവിക്കുവാൻ പോകുന്നു? എന്റെ വലത്തുകണ്ണു് തുടിക്കുന്നുവല്ലോ?

തരളിക [സ്വഗതം] പ്രിയസഖിയുടെ സ്നേഹസർവ്വസ്വമായ ആ മുനികുമാരന് എന്തെങ്കിലും അത്യാഹിതം സംഭവിച്ചിരിക്കുമോ ? [പ്രകാശം] ഭർത്തൃദാരികേ, യാതൊരു അശുഭവും ആശങ്കിക്കേണ്ടതില്ല. കുലദൈവതങ്ങളുടെ അനുഗ്രഹം അവിടുത്തേക്കു പൂർണ്ണമായിട്ടുണ്ടല്ലോ! [ഒരു ഭാഗത്തേക്കു നോക്കിയിട്ടു്] നോക്കു, അതാ വരുന്നതു് അദ്ദേഹത്തിന്റെ സഹചാരിയായ മുനികുമാരനാണല്ലോ.

(കപിഞ്ജലൻ ചിന്താമഗ്നനായി പ്രവേശിക്കുന്നു.)

ശരിക്കിപ്പോൾ പുഷ്പായുധ! ഫലിതമായ്നിൻവ്യവസിതം;
ധരിപ്പോൻ രാകേന്ദോ ! മുനിവധമഹാപാതകഭരം;
തിരിക്കുന്തു നീയെങ്ങിവനെ വിഗണിച്ചിന്നയി സഖേ ?
മരിക്കാനെൻതോഴൻ വഴിയരുളി നീ ഹംസതനയേ! ൧൩

മഹാശ്വേത തരളികേ ! എന്റെ ഭാഗ്യങ്ങളെല്ലാം അസ്തമിച്ചുവോ ?

കപിഞ്ജലൻ.

അമ്മേ ലക്ഷ്മി, സുതൻ പ്രിയൻ ഹതവിധി-
ക്കയ്യാലഹോ ! നീതനായ് ;
കാണ്മാനില്ല ഭവാന്റെ വത്സലതയും
ഹാ! ശ്വേതകേതോ മുനേ!

വന്മാലാൽ പ്രലപിക്കുമെന്നൊട്ടരിയാ-
ടാതെന്തു നീ തോഴ ? ന-
ല്ലൻപാവിദ്ധ്യ തപസ്സിവയ്ക്കുചിതമാ-
മാധാരമിന്നസ്തമായ് ൧൦

വലാഹകൻ. അഹോ ! കവികൾ ഉച്ഛൃംഖലന്മാരാണ്. പുണ്ഡരീകനെപ്പോലുള്ള മഹാനുഭാവന്മാരിൽ പോലും ജീവിതവിച്ഛേദം നിബന്ധിക്കുന്നുവല്ലോ!

കപിഞ്ജലൻ [മഹാശ്വേതയെ കണ്ടിട്ട്] ഭദ്രേ ! ഗന്ധർവ്വരാജപുത്രി, പുണ്ഡരീകമനോരഥപ്രിയതമേ ! മഹാശ്വേതേ ! ഞാൻ എന്തു പറയട്ടെ. ഒരിക്കൽമാത്രം കാണുവാൻ ഇടയായ ഭവതിയെ ധ്യാനിച്ചുകൊണ്ടുതന്നെ ആ പുണ്യചരിതൻ ദുഃഖമയമായ ഈ ലോകത്തെ വെടിഞ്ഞു.

മഹാശ്വേത. അയ്യോ ! ഞാൻ എന്താണ് കേൾക്കുന്നത്? [മോഹാലസ്യപ്പെടുന്നു. തരളിക താങ്ങുന്നു.]

തരളിക. ഭർത്തൃദാരികേ, സമാശ്വസിക്കൂ.

മഹാശ്വേത [ഉണർന്നിട്ട്] ഹാ ! നാഥ ! പാപയായ ഇവൾ നിമിത്തം അവിടുത്തെ പാവനജന്മം അവസാനിച്ചുവല്ലോ! [ആലോചിച്ചിട്ട്] അല്ലെങ്കിൽ നിരർത്ഥകങ്ങളായ ഈ പ്രലാപങ്ങളെക്കൊണ്ട് എന്തു ഫലം ? തരളികേ, ചിത തയ്യാറാക്കൂ. ഞാൻ നാഥനെ പിൻതുടരട്ടെ.

തരളിക [ദുഃഖാതിരേകത്തോടുകൂടി] ഈ ദാരുണമായ കർമ്മത്തിനോ ദുർവിധി എന്നെ ധന്യശീലയായ അവിടുത്തെ സഖിയാക്കിത്തീർത്തത്? [സ്വഗതം] എന്റെ സ്വാമിനിയുടെ ഹിതം അനുവർത്തിച്ചിട്ട് ഞാനും ജീവിതത്തെ പരിത്യജിക്കാം.

വലാഹകൻ [വൈശമ്പായനനെ നോക്കിയിട്ട്] അമാത്യൻ ഇപ്പോഴും ചിന്തയിൽ നിന്നും ഉണൎന്നില്ലല്ലോ. ഇദ്ദേഹത്തെപ്പോലുള്ള മൃദുലഹൃദയന്മാൎക്ക് സഹ്യമായ ശോകമല്ല ഇവിടെ പ്രകടിതമായിട്ടുള്ളതു്.

(തരളിക ചിതകൂട്ടി അഗ്നികൊളുത്തുന്നു.)

മഹാശ്വേത. നിഷ്കരുണനായ വിധി ഈ ജന്മത്തിൽ എനിക്ക് പ്രിയസംഗമത്തിന് ഇടവരുത്തിയില്ല. ഇനിയും ഒരു ജന്മം ഉണ്ടാകുന്നപക്ഷം ജീവത്യാഗംകൊണ്ടു് പ്രേമമാഹാത്മ്യം പ്രത്യക്ഷമാക്കിയ ആ പുണ്യശ്ലോകൻെറ സഹധൎമ്മിണീപദം ലഭിക്കുവാൻ ഇടയാകട്ടെ. തരളികേ, നമ്മുടെ ചിരകാലസഖ്യത്തിന് സമുചിതമാകും വണ്ണം അന്ത്യമായി എന്നെ ഒന്നു് ആശ്ലേഷിക്കൂ.

(മഹാശ്വേതയും തരളികയും ആശ്ലേഷിക്കുന്നു)

മഹാശ്വേത. ഹാ നാഥ! [ചിതയിൽ ചാടുവാൻ ഒരുങ്ങുന്നു.]

(അണിയറയിൽ)

വത്സേ മഹാശ്വേതേ! നീ പ്രാണങ്ങളെ ത്യജിക്കരുതു്. വീണ്ടും പ്രിയസമാഗമം നിനക്കുണ്ടാകുക തന്നെ ചെയ്യും. കാലം പ്രതീക്ഷിക്കുക.

മഹാശ്വേത [ഭയത്തോടും ശോകത്തോടും ആശ്ചൎയ്യത്തോടും കൂടി] ആൎയ്യകപിഞ്ജല, ഞാൻ കേട്ടതു് സത്യമാകുമോ? അതല്ല എൻെറ ഹൃദയത്തിൻെറ പ്രതിധ്വനി തന്നെയാണോ എന്നെ ഭ്രമിപ്പിക്കുന്നതു്?

കപിഞ്ജലൻ. ഭദ്രേ! നാം കേട്ടതു് അശരീരിയായ ദിവ്യവചനമാണു്. അതു് ഒരിക്കലും അന്യഥാ ഭവിക്കുകയില്ല. എൻെറ സുഹൃത്തു് ഏതു ലോകത്തിലേക്കെങ്കിലും

നീതനാകട്ടെ. എന്നാലും ഞാൻ ഭവതിയെ വീണ്ടും അദ്ദേഹത്തോട്ട് ചേർപ്പിക്കും എന്ന് ഇതാ ശപഥം ചെയ്യുന്നു.

വലാഹകൻ. കഷ്ടം ! മഹാശ്വേതയുടെ അവസ്ഥ അതിദയനീയം തന്നെ.

പ്രേമം തന്നോടനുപധി കലന്നീടുവോൻ
 തൻവിപത്തിൽ
പ്രാണത്യാഗം സമുചിതമിവൾക്കിന്നു
 വിശ്രാന്തിയേകാൻ
പ്രൗഢോദഞ്ചദ്വിധിവശഗയാ-
 യാശകോലുന്നതാമോ?
പ്രാപ്തം ശോകപ്രസരമളവേ
 പേറുവാനായ് മതിന്നോ? വ. ഥ

തരളിക [മഹാശ്വേതയുടെ കാല്ക്കൽ വീണിട്ട്] ഭർത്തൃദാരികേ, ഈ ഉദ്യമം ഉപേക്ഷിക്കൂ; അശരീരിവചസ്സിലും ദയാലുവായ കപിഞ്ജലകുമാരൻെറ ശപഥത്തിലും വിശ്വസിച്ച് പ്രാണധാരണം നിർവഹിക്കൂ.

മഹാശ്വേത. തരളികേ ! നീ എന്തുപറയുന്നു? ആ മഹാനുഭാവനെ കാണാതെ എങ്ങനെ ഞാൻ പ്രാണധാരണം ചെയ്യും?

തരളിക. അവിടുത്തെ പ്രിയൻ ദൈവവിലാസത്താൽ പുനരുജ്ജീവിതനാകുന്നപക്ഷം ഇപ്പോൾ അവിടുന്ന് ജീവപരിത്യാഗം ചെയ്യുന്നതു് അസ്ഥാനത്തിലാകുകയില്ലേ?

മഹാശ്വേത മന്ദഭാഗ്യയായ എനിക്ക് അദ്ദേഹത്തെ പിൻതുടരുവാൻ അസാധ്യമായിരിക്കുന്നു. അതിനാൽ എൻെറ നാഥൻെറ തപശ്ചരണോപകരണങ്ങൾ തന്നെ സ്വീകരിച്ച് അദ്ദേഹത്തിൻ്റെ പുനസ്സമാഗമമുണ്ടാ

കുന്നതുവരെ ഈ അച്ഛോദസരസ്തീരത്തിൽ വ്രതം അനുഷ്ഠിക്കാം. അദ്ദേഹത്തിന്റെ അക്ഷമാലിക എനിക്ക് നേരത്തെതന്നെ സിദ്ധിച്ചിട്ടുമുണ്ടല്ലോ !

തരളിക. ഭർത്തൃദാരികേ, അവിടുന്ന് മാതാപിതാക്കളെ ഉപേക്ഷിക്കുന്നുവോ ?

മഹാശ്വേത. തരളികേ, ഇക്കാര്യത്തിൽ എന്നെ ആരും നിരോധിക്കരുത്.

തരളിക എന്നാലും അവിടത്തെ പ്രിയസഖിയെ ത്യജിക്കരുതേ ! ഞാൻ അവിടത്തെ തപശ്ചര്യയിലും കൂട്ടുകാരിയായി വർത്തിച്ചുകൊള്ളുവാൻ അനുവദിച്ചാലും.

കപിഞ്ജലൻ. മഹാശ്വേതേ, ഭവതി ഒരു വിധത്തിലും അധീരയാകരുത്. ഞാൻ എല്ലാ വൃത്താന്തങ്ങളും ദിവ്യപ്രഭാവനായ ശ്വേതകേതുമഹർഷിയെ അറിയിച്ച് ഭവതിയുടെ ഭാവിസൌഖ്യത്തിന് വഴിയുണ്ടാക്കാം.

മഹാശ്വേത. ഭഗവൻ, അവിടത്തെ പ്രാണമിത്രത്തിന്റെ മനോരഥവല്ലഭയായ ഈയുള്ളവളെ വിസ്മരിക്കരുതേ !

(കപിഞ്ജലൻ പോകുന്നു.)

മഹാശ്വേത. തരളികേ, നമുക്കും അച്ഛോദസരസ്തീരത്തിൽ ചെന്ന് ആര്യപുത്രന്റെ വല്ക്കലങ്ങൾ ധരിച്ച് തപസ്വിനീഭാവം അവലംബിക്കാം.

[തരളികയോടുകൂടി പോകുന്നു.]

വലാഹകൻ. അമാത്യവൈശമ്പായനാ, കല്പിതമായ നാട്യവസ്തുവിൽ യാഥാർത്ഥ്യബുദ്ധികൊണ്ടുള്ള ഈ വൈക്ലബ്യം പരിത്യജിക്കൂ.

[അണിയറയിൽ ശംഖധ്വനി കേൾക്കുന്നു.]

വലാഹകൻ. നേരം വളരെയായി. സൈന്യസങ്കേതത്തിൽ നിന്ന് പാതിരാവിനെ സൂചിപ്പിക്കുന്ന ശങ്ഖധ്വനി മുഴങ്ങുന്നു.

വൈശമ്പായനൻ [മോഹത്തിൽ നിന്നും ഉണർന്നവനെന്നപോലെ] ഞാൻ അഗാധമായ സങ്കടത്തിൽ ആഴുന്നു.

മാറന്നെന്തോ ചിന്തിച്ചിട്ടുവരു കണക്കെന്റെ ഹൃദയം
നിരീക്ഷിപ്പൂ സർവം പരിചിതവുമജ്ഞാതമതുപോൽ ;
പരം പ്രച്ഛന്നാംഹഃപ്രകൃതിസമനായാർത്തിനിവഹം
ഭരിക്കുന്നൂ ഞാനല്ലിതുപൊഴുതു ഞാനെന്ന നിനവും. 22

വലാഹകൻ [അണിയറയിലേക്കു നോക്കിയിട്ടു്] അല്ലയോ ദിവ്യദേശനടന്മാരേ, ഇപ്പോൾ നാട്യപ്രയോഗം അവസാനിപ്പിക്കാം. ശേഷം നാളെയാകട്ടെ [വൈശമ്പായനനോട്] അമാത്യ ഉറങ്ങുവാനുള്ള സമയമായി. വരൂ, പോകാം.

വൈശമ്പായനൻ [എഴുന്നേററ് ആത്മഗതം] എന്റെ ഈ വൈക്ലബ്യം നാട്യദർശനംകൊണ്ടുമാത്രം ഉണ്ടായിട്ടുള്ളതാണെന്നു് തോന്നുന്നില്ല.

ചിത്തവൈകൃതമതിന്നു ഹേതുവെ-
ന്തുത്തരോത്തരമെഴുന്ന മോഹമോ ?
പേർത്തുതിങ്ങിന മനോരഥങ്ങളോ ?
മെത്തിടുന്ന ഗതജന്മചിന്തയോ ? 23

[ചിന്താമഗ്നനായി പരിക്രമിക്കുന്നു.]

വലാഹകൻ [സ്വഗതം] അമാത്യൻ ഇപ്പോൾ ഏററവും അസ്വസ്ഥഹൃദയനായിരിക്കുന്നു. അതിനാൽ നാളെ രാവിലെയാകാം പത്രലേഖയെ ഉജ്ജയിനിയിലേക്ക് അയയ്ക്കുന്ന കാര്യം അറിയിക്കുന്നതു്. [പ്രകാശം] അമാത്യ, ഇനി അമാന്തിക്കേണ്ട.

(രണ്ടുപേരും പോയി)

# ആറാം അങ്കം

(മഹാശ്വേത ചിന്താമഗ്നയായി പ്രവേശിക്കുന്നു)

മഹാശ്വേത. കുമാരചന്ദ്രാപീഡൻ കാദംബരിയുടെ അടുക്കൽനിന്നും പെട്ടെന്നു് ഉജ്ജയിനിയിലേക്കു് പോയതിനുശേഷമുള്ള വർത്തമാനങ്ങൾ ഒന്നും അറിയുന്നില്ല. മദിരാംബയുടെ അഭിലാഷം ഇപ്പോഴും സഫലമാകാതെ തന്നെ അവശേഷിക്കുന്നു. ഏതൊന്നിലുള്ള ആശയാലാണോ ഞാൻ ജീവിതം ധരിക്കുന്നതു് ആ കാന്തസമാഗമം എപ്പോൾ എങ്ങനെ ഉണ്ടാകുമോ എന്തോ ? എന്നോടു് അകൃത്രിമമായ സൌഹാർദ്ദം പ്രദർശിപ്പിച്ച ആ മദ്ധ്യമലോകരാജപുത്രനു് പ്രിയംചെയ്വാൻ കഴിയായ്കയാൽ ഞാൻ അധന്യ തന്നെ. ഹൃദയവല്ലഭൻെറ സമാഗമംകൊണ്ടു് സന്തുഷ്ടയാകുന്ന പ്രിയസഖി കാദംബരിയുടെ മുഖകമലം ഞാൻ എപ്പോഴാണു് കാണുന്നതു് ? ഇങ്ങനെ ഓക്കുന്തോറും അസംതൃപ്തികൾ ഒന്നിനൊന്നിനു് ഏറിവരുന്നു. കാദംബരിയോടുള്ള സുദൃഢമായ സ്നേഹശൃംഖലയെത്തന്നെയും ഛേദിച്ചു് പൂർവ്വാധികം കഠോരമായ തപസ്സിൽ വർത്തിക്കുന്നതിനുള്ള മനഃസ്ഥൈര്യം എനിക്കു് ഉണ്ടാകട്ടെ.

(വൈശമ്പായനൻ വ്യാകുലചിത്തനായി പ്രവേശിക്കുന്നു)

വൈശമ്പായനൻ.

വിമുക്തൻ ചിത്തത്താലിതുപൊഴുതിലെ-
ന്നാലുമറിവാൻ
ശ്രമിപ്പോൻ പൊലെന്തോ മറിവിയലുടി-
ഞ്ഞുള്ളതളവേ ;

പ്രമോദോന്മിശ്രം വൻഭയമരുളുവോ-
ന്നിപ്പരിസരം;
പ്രമത്തൻ ഞാൻ കാലക്കെട്ടെതിയിലകം-
പ്പെട്ടു നിയതം. ൧

ദിവ്യദേശനടന്മാർ രംഗപ്രയോഗം ചെയ്ത നാടകം കണ്ടതുമുതൽ എന്റെ മനസ്സിന് വലുതായ മാററം സംഭവിച്ചിരിക്കുന്നു. ഹൃദയഹാരിണിയായ ആ കോമളാംഗിയെ കാണാത്തുള്ള ഓരോ നിമിഷവും ഓരോ യുഗമെന്നപോലെ ദീർഘമായത്രേ എനിക്ക് അനുഭവപ്പെടുന്നത്. [മഹാശ്വേതയെ നോക്കിയിട്ട് വിചാരം] അഹോ! ഈ താപസകുമാരി ആരാണ്? മുൻപ് കണ്ടിട്ടുള്ളതുപോലെ തോന്നുന്നുവല്ലോ. തിരിഞ്ഞു നോക്കുന്നതുപോലുമില്ലെങ്കിലും, എന്റെ ഹൃദയം ഇവളുടെ നേർക്ക് ഗാഢമായ പ്രണയം ആവഹിക്കുന്നു. [പ്രകാശം] അല്ലയോ! തരുണീരത്നമേ, വയസ്സിനും ആകൃതിക്കും ചേരാത്ത ഈ വിരസഭാവം വരിച്ചിരിക്കുന്നതെന്താണ്?

മഹാശ്വേത [എഴുന്നേററ് ആഗതനെ വീക്ഷിച്ചിട്ട് സ്വഗതം] വയസ്സുകൊണ്ട് ചന്ദ്രാപീഡരാജകുമാരനോട് തുല്യനായ ഈ യുവാവ് ആരായിരിക്കാം? എന്റെ നേർക്ക് ഇത്രത്തോളം വേഴ്ച നടിക്കുവാൻ യാതൊരു കാരണവും കാണുന്നില്ല. ഏതായാലും അതിഥിസംഭാവനം തപോനിഷ്ഠയിൽ വർത്തിക്കുന്നവർക്ക് ഒഴിച്ചുകൂടാത്തതാണല്ലോ. [പ്രകാശം] മഹാഭാഗ, ഈ ആശ്രമത്തിൽ അതിഥിയായി വന്നിരിക്കുന്ന അങ്ങേയ്ക്കു ഞാൻ ഇതാ സ്വാഗതം പറഞ്ഞുകൊള്ളുന്നു. ഇതാ ഈ പീഠത്തിൽ ഇരുന്നാലും. അർഘ്യപാദ്യാദികൾ കൊണ്ടുവരട്ടെ.

വൈശമ്പായനൻ. തപസ്സുകൊണ്ടു് ഇപ്പോഠംതന്നെ ശോഷിച്ചിരിക്കുന്ന ഈ സുകുമാരശരീരത്തെ അതിഥിസത്കാരത്തിനുവേണ്ടി ക്ലേശിപ്പിക്കുന്നതു് യുക്തമല്ല. താപാത്തമായ ഒരു ഹൃദയത്തിൻെറ ദീനദീനമായ പ്രാർത്ഥന കേഠക്കുവാൻ ഭവതി കനിയുമെങ്കിൽ ഞാൻ ധന്യനായി. ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ. രൂപഗുണം അല്പംപോലുമില്ലാത്തവക്കു കൂടി ലൗകികസുഖാനുഭവത്തിനു ശേഷമേ പാരത്രികസൗഖ്യത്തിനുള്ള തപോനുഷ്ഠാനക്ലേശം യുക്തമാകുന്നുള്ളൂ. ആ സ്ഥിതിക്കു് സൗന്ദര്യസാരസവ്വസ്വമായ ഭവതിയുടെ നില പറയുവാനുണ്ടോ ? അതിനാൽ

പ്രാലേയദ്യുതിപിഞ്ഛമഞ്ജുമിരുളിൻ ദപ്പം—മുടിക്കുന്നതാം
വ്യാലോലത്കചഭാരമുന്നതകുചദ്വന്ദ്വം സുവർണ്ണപ്രഭം
ശ്രീലാസ്യത്തിനു രങ്ഗമാം പുരികമപ്പീയൂഷസാരദ്രവം
കോലുന്നോരധരം കൃശാംഗി, നിഖിലം വ്യത്ഥം തപോ
[നിഷ്ഠയാൽ. ൨

മഹാശ്വേത. ആകൃതികൊണ്ടു് ഒരു ബ്രാഹ്മണനായി തോന്നുന്ന അങ്ങു് ഇത്തരത്തിൽ അനുചിതങ്ങളായ വാക്കുകഠം പറയുവാൻ ധൈയ്യപ്പെട്ടതിൽ ഞാൻ അദ്ഭുതപ്പെടുന്നു. അങ്ങയുടെ അന്തർഗതം എൻെറ തപശ്ചയ്യയെ ദുഷിപ്പിക്കുവാനാണെങ്കിൽ വേഗത്തിൽ ഈ സ്ഥാനം വിട്ടുപോകുന്നതു് ഉചിതമായിരിക്കും. ആഗതന്മാരോടു് ദുർഭാഷണം ചെയ്യുന്ന അവിനയത്തിനു് പാത്രമാകാതിരിക്കുവാൻ എനിക്കു് മോഹമുണ്ടു്.

വൈശമ്പായനൻ. ദശ്നമാത്രത്തിൽ ഭവതിയിൽ ആസക്തമായിരിക്കുന്ന എൻെറ ഹൃദയത്തെ പിൻവലി

ച്ചുകൊണ്ടു് മററൊരു സ്ഥാനത്തിലേക്കു് പോകുവാൻ ഞാൻ ശക്തനല്ല. സൗഭാഗ്യനിലയനമായ ഭവതി മദന വിരോധിയായ ഈ വ്രതത്തിലുള്ള നിർബന്ധം വെടിയാതിരിക്കുന്നതു് ഈയുള്ളവൻെറ ദൗർഭാഗ്യമത്രേ. അത്രയുമല്ല,

രാഗത്തിൻനവവിഭ്രമത്തിനരുമം
കേദാരമാം മേനിയെ-
ബ്ഭോഗാസക്തി വെടിഞ്ഞു നിഷ്ഠൂര
തപസ്സിന്നായുഴിഞ്ഞീടിൽ നീ
മാകന്ദാസ്ത്രനപാസ്തവീര്യനഴകിന്നായ്
മാത്രമക്കാമ്മുകം
പൂകിക്കുന്ന കരത്തിലുത്കടപരീഹാസം
പെട്ടമ്മാറഹോ! ൩.

മഹശ്വേത. അവിനീതനായ ബ്രാഹ്മണയുവാവേ, ധമ്മമാഗ്ഗത്തെ ഉല്ലംഘിച്ചിട്ടുള്ള അങ്ങയുടെ വ്യവഹാരം എൻെറ ക്ഷമയെ മേല്ക്കുമേല് പരീക്ഷിക്കുന്നു. നല്ലവണ്ണം നിരൂപണം ചെയ്തുള്ള എൻെറ വ്രതനിഷ്ഠയെ കുറവപ്പെടുത്തുവാനോ അന്യഥാകരിക്കുവാനോ ഉള്ള അങ്ങയുടെ സമാരംഭം അസ്ഥാനത്തിലത്രേ. ശാന്തമായ ഈ ആശ്രമപദത്തെ വിടഭാഷണം കൊണ്ടു് മലിനീകരിക്കുന്ന അങ്ങയുടെ ചാപലത്തെ കുലാഭിമാനം കൊണ്ടെങ്കിലും നിരോധിച്ചാലും.

വൈശമ്പായനൻ. അശരണനും, അനാഥനും, ആത്തനും ആയ ഇവനെ പരിത്യജിക്കുന്നതു് ധമ്മമല്ല. എൻെറ ജീവിതം ഭവതിക്കു് അധീനമാണു്. അതിനാൽ

ഭവതി എന്നെ അനുഗ്രഹിക്കുന്നില്ലെങ്കിൽ നമ്മുടെ ഇരുവരുടേയും ജീവിതം ഹതമായിത്തീരും. ശരണാഗതപരിത്രാണത്തെക്കാൾ വലുതായ ധർമ്മം വേറെയുണ്ടോ?

വീണ്ടും വീണ്ടും മദനനദയം തുകമമന്ത്രെപ്പെലമേററി-
ട്ടിണ്ടലപ്പെട്ടോനിവനെയലിവില്ലാതെ നീ സന്ത്യജിക്കിൽ
ഉണ്ടാം ധർമ്മത്തിന്നു കുറവഹോ! തങ്ങമംഹസ്സുമേററം
കൊണ്ടാടുന്നു ബുധർ സുകൃതമായാത്മസംരക്ഷണത്തെ. ൪

മഹാശ്വേത [സ്വഗതം] ഈ ദശാവിപരിണാമം വിചിത്രം തന്നെ. എത്രതന്നെ ആലോചിച്ചിട്ടും ഈ യുവാവിനോട്ട് എനിക്ക് എന്തെങ്കിലും ഒരു ബന്ധം ഉണ്ടായിട്ടുള്ളതായി തോന്നുന്നില്ല. എന്നിട്ടും അകൃത്രിമപ്രണയം ആവഹിക്കുന്നതുപോലുള്ള വചനങ്ങൾ ഈ അപരിചിതന്റെ മുഖത്തിൽ നിന്നും പുറപ്പെടുന്നതിന്റെ ഔചിത്യം എന്തായിരിക്കുമോ? ശ്വേതകേതുവിന്റെ പുത്രനായ ആ മുനികുമാരനിൽ ലയിച്ചിരിക്കുന്ന എന്റെ മനസ്സ് ഇത്തരം പ്രേമാലാപങ്ങളെ ഒരിക്കലും സഹിക്കുകയില്ല. അതിനാൽ ഈ ധൃഷ്ടനെ അകററി എന്റെ പതിദേവതാത്വത്തെ രക്ഷിക്കുകതന്നെ. [പ്രകാശം] ഒരു തപസ്വിനിയോട്ട് കാമാതുരനായി അസംബന്ധം പുലമ്പുന്ന ഒരുവൻ ആരെങ്കിലുമാകട്ടെ, അവന്റെ സാമീപ്യം പാപകരമാണ്. [തിരിഞ്ഞുപോകുവാൻ ഭാവിക്കുന്നു].

വൈശമ്പായനൻ. പ്രിയേ, എന്നെ നിരാശതാഗർത്തത്തിൽ തള്ളിയിട്ട് ഭവതി പോകുന്നുവോ?

(മഹാശ്വേതയെ തടഞ്ഞുനിർത്തുവാൻ ഒരുമ്പെടുന്നു)

മഹാശ്വേത [കോപത്തോടുകൂടി തിരിഞ്ഞുനിന്ന്] ദുഷ്ട! അക്ഷമാല ധരിക്കുന്ന ഈ കൈയ്കളെ സ്പർശിക്കുവാൻ

മതിന്ന നീ ആത്മനാശം തന്നെ വരിക്കുന്നു. [കൈകൂപ്പി കൊണ്ടു്] ഭഗവൻ! ഗിരിജാവല്ലഭ! ഞാൻ ആര്യപുണ്ഡരീകനെ ഒഴിച്ചു് മററൊരു പുരുഷനെ മനസ്സുകൊണ്ടുപോലും സ്പർശിച്ചിട്ടില്ലെന്നുള്ളതു് വാസ്തവമാണെങ്കിൽ ഈ അസ്ഥാനകാമുകൻ ഇനിയൊരു സൂര്യോദയം കാണുവാൻ ഇടയാകാതിരിക്കട്ടെ.

(മഹാശ്വേത പെട്ടെന്നു് അകത്തേക്കു് പോകുന്നു).

വൈശമ്പായനൻ [വിഷണ്ണഭാവത്തിൽ] ഹാ! ഭാഗ്യങ്ങളെല്ലാം ഒടുങ്ങി. എന്റെ അവസ്ഥ പാടേ മാറിയിരിക്കുന്നു.

ഉരത്ത മദനജ്വരം മതിയിളേറവുമുന്മാദമോ ?<br>
ചിരാപതിതദുഷ്കൃതം ദ്രുതമെഴും പരിപാകമോ?<br>
തിരസ്കൃതിവചോവിഷം ഝടിതി ചേർപ്പതാം മൂർച്ഛയോ?<br>
നിരുദ്ധനിഖിലേന്ദ്രിയൻ, മൃതിയടുത്തമട്ടെന്തുവാൻ ? ൭

(പോയി)

# ഏഴാം അങ്കം

## വിഷ്കംഭം

(കാഞ്ചുകീയൻ പ്രവേശിക്കുന്നു.)

കാഞ്ചുകീയൻ. വിലാസവതീദേവിയോടും അമാത്യ ശുകനാസനോടുംകൂടി 'ഇഷ്ടാവിഹാര' മണ്ഡപത്തിൽ എഴുന്നള്ളിയിരിക്കുന്ന താരാപീഡമഹാരാജാവു് എന്നെ വിളിച്ച് ഇപ്രകാരം കല്പിച്ചിരിക്കുന്നു. "ആര്യ കൈലാസ, ദിഗ്വിജയം കഴിഞ്ഞു് തിരിച്ചുവന്ന കുമാരൻ ആഹ്ലാദഭരിതനായിരിക്കേണ്ടതിനു പകരം രാജ്യകാര്യങ്ങളിൽ വേണ്ടപോലെ ആസ്ഥ പ്രദർശിപ്പിക്കാതെ സദാ ചിന്താവിഷ്ടനായി കാണപ്പെടുന്നു. അനുയാത്രികനായിരുന്ന വൈശമ്പായനൻ സേനയോടുകൂടി ഇതേവരെ വന്നുചേർന്നിട്ടുമില്ല. അതിനാൽ ഞാനും അമാത്യശുകനാസനും കുമാരനെ കാണുവാൻ കാത്തിരിക്കുന്നുവെന്നു് അറിയിക്കൂ." ഇപ്പോൾ ചന്ദ്രാപീഡൻ എവിടെയായിരിക്കുമോ ? [ഒരുവശത്തേക്കു നോക്കിയിട്ടു്] അതാ വരുന്നതു് കുമാരൻെറ താംബൂലകരങ്കവാഹിനിയായ പത്രലേഖയാണല്ലോ! ഇവളോടു ചോദിച്ച് മനസ്സിലാക്കാം.

(പത്രലേഖ പ്രവേശിക്കുന്നു)

പത്രലേഖ. ആര്യ കൈലാസ, ഇപ്പോൾ എങ്ങോട്ടേക്കാണ് പുറപ്പെട്ടിരിക്കുന്നതു് ? കൊട്ടാരത്തിൽ വിശേഷമൊന്നുമില്ലല്ലോ ?

കാഞ്ചുകീയൻ. തരളികേ, നിന്നെക്കണ്ടതു് വലിയ ഭാഗ്യമായി. കുമാരചന്ദ്രാപീഡൻ അതിപ്രശസ്തമായ വി

ജയം നേടി തിരിച്ചുവന്നു് സ്വജനങ്ങളോടൊന്നിച്ചു് കഴിയുമ്പോഴും വ്യാകുലചിത്തനായി കാണുന്നതിനുള്ള കാരണം അവിടുത്തെ വിശ്വാസഭാജനമായ നിനക്കു് അറിവില്ലാതെ വരുകയില്ല. വൃദ്ധനായ മഹാരാജാവിന്റെ ആശങ്കയ്ക്കു് നിദാനമായിരിക്കുന്നു ഇക്കാര്യം.

പത്രലേഖ. ആര്യ, കുമാരൻ ഇപ്പോൾ എല്ലാ പരിജനങ്ങളേയും അകററിയിട്ടു് സിപ്രാനദിയുടെ തീരത്തുള്ള ഉദ്യാനഭൂമിയിൽ ഏകാന്തജീവിതം നയിക്കുന്നു. ഞാൻ ഗന്ധർവ്വകുമാരനായ കേയൂരകന്റെ ആഗമനവൃത്താന്തം അറിയിക്കുന്നതിനു് കുമാരന്റെ അടുക്കലേക്കു് പോവുകയാണു്.

കാഞ്ചുകീയൻ. കുമാരൻ സൗഹാർദ്ദശൃംഖലയാൽ ഗന്ധർവ്വലോകവും വശീകരിച്ചുവെന്നു് പ്രസിദ്ധമായിട്ടുണ്ട്. എന്നാൽ ഇത്ര പെട്ടെന്നു് ഒരു ഗന്ധർവ്വകുമാരൻ ഇങ്ങോട്ടു പോരത്തക്കവണ്ണം കുമാരചന്ദ്രാപീഡനു് എന്തൊരു ബന്ധമാണു് അവിടെ ഉണ്ടായിട്ടുള്ളതു് ?

പത്രലേഖ. അതെല്ലാം ഇന്നത്തെ നിലയ്ക്കു് ഒരു പരമരഹസ്യമാണു്. നാം സേവിക്കുന്ന രാജവംശത്തിന്റെ ഉയർച്ചയ്ക്കു് കാരണമായിത്തീരുമെന്നു് നിസ്സംശയം പ്രതീക്ഷിക്കാവുന്ന ആ ബന്ധം യഥാകാലം ആര്യനും അറിയാറായിത്തീരും. അതുവരെ അങ്ങയിൽ നിന്നും ഇക്കാര്യം മറച്ചുവെയ്ക്കുന്നതിനു് നിർബന്ധിതയായ എന്റെ അവിനയം ക്ഷമിക്കണം.

കാഞ്ചുകീയൻ [സാഗതം] ലോകോത്തരങ്ങളായ ഗുണങ്ങൾ കൊണ്ടു് വിരാജിക്കുന്ന യുവരാജാവിനു് അനുരൂപയായ ഒരു ദയിതയെ സംഭാവനം ചെയ്യുവാനുള്ള ഭാഗ

ധേയം ഗന്ധൎവ്വലോകത്തിന് ഉളവായിരിക്കാം. പരിജനങ്ങൾ രഹസ്യഭേദനത്തിന് സന്നദ്ധരാകുന്നില്ലെങ്കിലും ഇതിനുമുൻപൊന്നുമില്ലാത്തവണ്ണം കുമാരൻ വിജനവാസത്തിൽ പ്രദൎശിപ്പിക്കുന്ന അഭിരുചി എന്റെ സംശയത്തെ ബലപ്പെടുത്തുന്നു. [പ്രകാശം] പത്രലേഖേ, യുവരാജാവിന്റെ പരിജനമായ നിനക്കുള്ള അഗാധസത്തപാത്രത അഭിനന്ദനീയം തന്നെ. ഞാൻ വന്നതു് മഹാരാജാവുതിരുമനസ്സുകൊണ്ടു് അമാത്യശുകനാസനോടുകൂടി ആസ്ഥാനമണ്ഡപത്തിൽ എഴുന്നള്ളി യുവരാജാവിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന വിവരം അറിയിക്കുവാനാണു്.

പത്രലേഖ [സ്വഗതം] യുവരാജാവിനെ കാദംബരീദേവിയുടെ വിരഹം കൊണ്ടു് ഉദ്വിഗ്നമാനസനായ നിലയിൽ ഇദ്ദേഹം കാണാതിരിക്കുകയാണു് നല്ലതു്. അതുകൊണ്ടു് ഇങ്ങനെ പറയാം. [പ്രകാശം] ആൎയ്യ, മഹാരാജാവുതിരുമനസ്സിലെ കല്പന ഞാൻ തന്നെ കുമാരനെ അറിയിച്ചുകൊള്ളാം.

കാഞ്ചുകീയൻ. എന്നാൽ ഞാൻ പോയി കുമാരൻ താമസിയാതെ എഴുന്നള്ളുമെന്നു് മഹാരാജാവു തിരുമനസ്സിനെ ഉണൎത്തിക്കാം.

പത്രലേഖ. അങ്ങനെയാകട്ടെ.

(രണ്ടുപേരും പോയി)

(അനന്തരം താരാപീഡൻ വിലാസവതീദേവിയോടും അമാത്യശുകനാസനോടും കൂടി പ്രവേശിക്കുന്നു)

താരാപീഡൻ. കുമാരന്റെ നിരുന്മേഷം വൈശമ്പായനനെ പിരിഞ്ഞിരിക്കുന്നതുകൊണ്ടായിരിക്കാം. അവരുടെ മൈത്രി അത്രത്തോളമുണ്ടു്.

ശുകനാസൻ. വൈശമ്പായനൻ സേനയോടുകൂടി തിരിച്ചെത്തുന്നതിന് കാലവിളംബം വരുത്തി സൗജന്യനിധിയായ കുമാരചന്ദ്രാപീഡന്ന് മനഃക്ലേശം വരുത്തുന്നതു് ഒരപരാധം തന്നെ.

വിലാസവതി. വൈശമ്പായനൻ, അമാന്തിക്കുന്നതു് കാരണം കൂടാതെ ആയിരിക്കുകയില്ല.

(ചന്ദ്രാപീഡൻ കഞ്ചുകീയനോടുകൂടി പ്രവേശിക്കുന്നു)

ചന്ദ്രാപീഡൻ.

മാനിച്ചു വത്സലത മെത്തിന മാനസത്തോ-
ടാനന്ദമുള്ളിലിവനേകിയനുഗ്രഹിച്ചോൻ
ആ നന്ദ്യനായ്‌ജനകൻെറ പദം വണങ്ങി-
ടാനായി വന്നളവുമുണ്ടവളെൻെറ ഹൃത്തിൽ. ൧

കാഞ്ചുകീയൻ. ഇതാ മഹാരാജാവുതിരുമനസ്സുകൊണ്ടു് ദേവിയോടും ആര്യശുകനാസനോടും കൂടി എഴുന്നള്ളിയിരിക്കുന്നു. അടുക്കലേക്കു ചെല്ലാം.

(ചന്ദ്രാപീഡൻ എല്ലാവരേയും വന്ദിക്കുന്നു)

താരാപീഡൻ. വത്സ, ഇരിക്കൂ.

ശുകനാസൻ. ദേവ, കുമാരൻെറ അഭ്യുദയപരമ്പരകൾ നമ്മെ ആനന്ദതുന്ദിലരാക്കുന്നു.

നാനാവിദ്യകളിൽ പ്രഗല്ഭത,
തെളിഞ്ഞീടുന്ന ദോർവ്വിക്രമം,
സ്ഥാനത്തിൻ മഹിമയ്ക്കൊത്ത വിനയം,
ചാരിത്രമക്കീർത്തിയും

പ്രീണിപ്പിക്കുവതുണ്ടു നമ്മെയിവനിൽ
തങ്ങുന്നതെല്ലാമിനി
പ്രാണപ്രേയസിയോടു ചേരണമതേ
ശേഷിപ്പു ഭാഗ്യങ്ങളിൽ. ൨.

വിലാസവതി. എന്റെ ആഗ്രഹം തന്നെയാണു് അമാത്യൻ പ്രകാശിപ്പിച്ചതു്.

ചന്ദ്രാപീഡൻ [ആത്മഗതം] ഗുരുജനങ്ങളുടെ മനോരഥത്തിനുള്ള പൊരുത്തം ആശ്ചര്യാവഹം തന്നെ. എന്നാൽ പ്രിയമിത്രമായ വൈശമ്പായനനെ കാണുന്നതുവരെയ്ക്കും മറെറാരു മനോരഥത്തിനും അവകാശമില്ല. ഇനിയും വൈശമ്പായനൻ തിരിച്ചുവരുവാൻ താമസിക്കുന്നതെന്താണു് ? ഒരു വിവരവും അറിയുന്നില്ല.

താരാപീഡൻ. കുമാര, ഛായപോലെ അനുവർത്തിക്കുന്ന വൈശമ്പായനനെ കൂടാതെ നിന്നെക്കാണുമ്പോൾ ഉണ്ടാകുന്ന മനോവ്യഥ പറഞ്ഞറിയിക്കാവുന്നതല്ല.

(വലാഹകൻ പ്രവേശിക്കുന്നു.)

വലാഹകൻ [സ്വഗതം] അഹോ! അപ്രതീക്ഷിതമായ അശനിപാതം പോലെ ദാരുണമായ ഈ വൃത്താന്തത്തെ ഞാൻ എങ്ങനെ അറിയിക്കുന്നു ?

(എല്ലാവരേയും വന്ദിക്കുന്നു.)

താരാപീഡൻ. സേനാപതേ! വൈശമ്പായനൻ എവിടെ ?

വലാഹകൻ [നെടുവീർപ്പിട്ടിട്ടു്] യുവരാജാവു് പുറപ്പെട്ട ദിവസംതന്നെ ദിവ്യദേശകുശീലവന്മാർ അഭിനയിച്ച ഒരു രൂപകം കാണുവാൻ ഇടയായ അമാത്യവൈശമ്പായനൻ

അല്പം ചഞ്ചലഹൃദയനായി കാണപ്പെട്ടു. അടുത്തദിവസം രാവിലെ ഞങ്ങളോടുകൂടി ചൈത്രരഥോദ്യാനത്തിലുള്ള ശിവക്ഷേത്രത്തിൽ ആരാധനയ്ക്കു് ആഗ്രഹിച്ചു പോകുന്ന വഴിക്കു് 'അച്ഛോദകം' എന്ന ദിവ്യസരസ്സിന്റെ തീരത്തിലെത്തി. അപ്പോൾ,

അദ്ദേശത്തളിവൃന്ദഗീതസുഭഗത്വം
　　വാച്ച പൂമഞ്ജുള-
പ്രത്യഗ്രദ്യുതി ചിന്തിടും വളർനികുഞ്ജത്തിൽ
　　സുബദ്ധേക്ഷണൻ
ചിത്രത്തിൽ പെട്ടവോൻ കണക്കു വിഗത-
　　വ്യാപാരനായശ്രുവാ-
ത്ത്യത് സംസ്മരണങ്ങളുള്ളിലെഴവോൻ പോൽ
　　പോക്കിനാൻ വാസരം. ൩

ശുകനാസകൻ [സ്വഗതം] ഹാ കുമാരനു് എന്തു് അനിഷ്ടം സംഭവിച്ചിരിക്കുമോ ?

ലളിതവിഹൃതിയോഗ്യം തത്സ്ഥലം പാർത്തുകണ്ടാൽ
സുലഭബഹുവികാരം യൗവനത്തിൻസ്വഭാവം
അകമതുലമലപ്പാൻ മൂലമാം ബുദ്ധിദാർഢ്യം
പുലരുമവനുമേറെയാരെപ്പിരിഞ്ഞുള്ള വാസം. ൪

വിലാസവതി. പിന്നെ എന്തുണ്ടായി ? വേഗം പറയൂ.

വലാഹകൻ. ഉജ്ജയിനിയിലേക്കു് പുറപ്പെടുന്നതിനു വേണ്ടി വീണ്ടും വീണ്ടും ഉള്ള അഭ്യർത്ഥനകൾ നിഷ്ഫലങ്ങളായപ്പോൾ ഞങ്ങൾ അമാത്യവൈശമ്പായനന്റെ രക്ഷയ്ക്കുവേണ്ടതായ പരിവാരങ്ങളെ അവിടെത്തന്നെ പാർപ്പിച്ചിട്ടു് രാജ്യകാര്യഗൗരവമോർത്തു് ഇങ്ങോട്ടുപോന്നു.

ചന്ദ്രാപീഡൻ [സ്വഗതം] സ്വപ്നത്തിൽപോലും ഞങ്ങളുടെ സഖ്യത്തിന്ന് ഒരു പ്രമാദം സംഭാവ്യമല്ല. പിന്നെ എന്താണ് അസന്ദർഭത്തിൽ വൈശമ്പായനന്ന് ഈ വൈരാഗ്യബുദ്ധി ? അല്ലെങ്കിൽ കാദംബരീദർശനത്തിന്ന് വീണ്ടും ഇടയാകുന്ന ഒരു ഉപകാരമത്രേ, അച്ഛോദസരസ്തീരത്തിൽ വാസമുറപ്പിച്ച ആ പ്രിയസുഹൃത്ത് ചെയ്തത്. കേയൂരകൻവഴി അയച്ച പ്രതിസന്ദേശത്തിന്ന തക്കവണ്ണം ഉടനെ ഉജ്ജയിനിയിൽ നിന്ന് പുറപ്പെടുവാൻ ഇത് അനുകൂലമായല്ലോ !

താരാപീഡൻ. മറെറാന്നും പറയേണ്ട; ചന്ദ്രാപീഡനാണ് ഇക്കാര്യത്തിൽ അപരാധി.

ദൂരത്തു ബാലനെയടുത്തു തുണയ്ക്കൊരുത്തൻ
ചേരാത്തവണ്ണമെഴുവാനിടയാക്കയാലേ
തീരാത്ത ദുഃഖമകതാരിലുദിപ്പു കഷ്ടം !
പോരായ്മയായിതു കുമാരനുമെന്തുചൊല്വൂ ? ൩

ശുകനാസൻ. മഹാരാജാവേ, കുമാരചന്ദ്രാപീഡനിൽ അപരാധം ആരോപിക്കുന്നത് ഒട്ടും തന്നെ യുക്തമല്ല. ഗുരുജനങ്ങളോടും സുഹൃത്തിനോടും ഉള്ള കടമയെ ഒരേ സമയത്ത് ഉല്ലംഘിച്ച ആ ഹതാത്മാവിനെപ്പററിയുള്ള വ്യവഹാരം നമുക്ക് ഉപേക്ഷിക്കാം. അവൻ ഈ പാപത്തിന്ന തക്കഫലം......

താരാപീഡൻ [ഇടയ്ക്കു തടഞ്ഞിട്ട്] ആര്യ, അരുതരുത്. അമർഷിതരായിട്ടുള്ള ഗുരുജനങ്ങളുടെ കടുവചനങ്ങൾ സന്താനങ്ങളിൽ ശാപമായി പരിണമിക്കും.

ചന്ദ്രാപീഡൻ [സ്വഗതം] അഹോ ! ഈ അപവാദത്താൽ എൻെറ ഹൃദയം പിളരുന്നതുപോലെ തോന്നുന്നു.

[എഴുന്നേററിട്ട് പ്രകാരം] അച്ഛാ, എനിക്ക് സുഹൃത്തിനെ പ്രത്യാനയിക്കുവാൻ പുറപ്പെടുന്നതിന് ഉടൻതന്നെ അനുവാദം നല്കിയാലും.

ശുകനാസൻ. കയത്തിൽ വീണ പിച്ചളപ്പണ്ടത്തെ ഉദ്ധരിക്കുന്നതിന് രത്നമാലയെ ഉപകരണമാക്കുന്നവരുണ്ടോ ?

താരാപീഡൻ. ആര്യ, ഇക്കാര്യത്തിൽ അങ്ങയുടെ വാക്കിനെ നാം ആദരിക്കുവാൻ വഴികാണുന്നില്ല. [വിലാസവതിയോട്] ദേവിയുടെ അഭിപ്രായമെന്തായിരിക്കുമോ ?

വിലാസവതി [സശോകം] കുറച്ചു ദിവസത്തേക്ക് എനിക്ക് കുമാരനെ കാണാതിരിക്കുവാൻ കഴിഞ്ഞുവെന്ന് വന്നേക്കാം. എന്നാലും പ്രിയമിത്രത്തിൻെറ വേർപാടുകൊണ്ട് ദുഃഖിക്കുന്ന ഇവൻെറ മുഖം കാണുവാൻ ഞാൻ ആളല്ല.

താരാപീഡൻ. ശോകാതുരയാണെങ്കിലും ദേവി ഔചിത്യം വെടിയുന്നില്ലെന്നുള്ളത് അഭിനന്ദനീയമാണ്.

(ചന്ദ്രാപീഡൻ പുറപ്പെടുവാൻ ഒരുങ്ങി എല്ലാവരേയും വന്ദിക്കുന്നു.)

താരാപീഡൻ [ആലിംഗനം ചെയ്ത്]

ദാരസംഗ്രഹണമാന്നനിന്നിലെൻ-
ഭാരമേററി മുനിവൃത്തി കോലുവാൻ
ക്രൂരിൽ ഞാൻ തടവുമാ മനോരഥം
നേരിട്ടും കൊടിയ വിഘ്നമൊന്നിതേ. ൩൰

വലാഹകൻ. ദേവ, പ്രസ്ഥാനവേളയിൽ ഇപ്രകാരം കണ്ണീർ പൊഴിക്കരുത്.

വിലാസവതി. അവന്തികുലദേവതകളുടെ പ്രസാദത്താൽ കുഞ്ഞുങ്ങളുടെ മുഖകമലത്തെ വീണ്ടും കാണുവാൻ ഇടയാകണമേ !

വലാഹകൻ [ആത്മഗതം] കുമാരചന്ദ്രാപീഡൻെറ പുനദർശനത്തിൻെറ കഥ അറിഞ്ഞുകൂടാ. എന്നാൽ വൈശമ്പായനൻെറ പുനർദർശനം ഉണ്ടാകയില്ലെന്നുള്ളതു് നിശ്ചയം തന്നെ.

ചന്ദ്രാപീഡൻ [കൈകൂപ്പിക്കൊണ്ടു് ഗുരുജനങ്ങളോടായി] നിങ്ങളുടെ അനുജ്ഞയോടുകൂടി ഇതാ ഞാൻ പുറപ്പെടുന്നു.

ശുകനാസൻ. എന്തുചെയ്യട്ടെ. യുവരാജാവിൻെറ നിർബന്ധബുദ്ധി അസ്ഥാനത്തിലാണു്. [വലാഹകനോടു്] സേനാപതേ, ദേശജ്ഞരായ അനുചരന്മാരെത്തന്നെ യുവരാജാവിൻെറകൂടെ അയയ്ക്കുവാൻ ഏർപ്പാടു ചെയ്യൂ.

വലാഹകൻ. അമാത്യന്റെ ആജ്ഞപോലെ. [പോയി]

ചന്ദ്രാപീഡൻ [മുന്നോട്ടു നടന്നിട്ടു്]

സുഹൃത്തിനുടെ വാർത്തയാലതിവിഷണ്ണമെന്നാൽ പ്രിയാ-
മുഖാംബുജവിലോകനോത്സുകമെന്നിക്കെഴും മാനസം
വികർത്തനതുഷാരഭാസ്സുകൾ നടുക്കു വർത്തിപ്പതാം
ചകോരിക വഹിച്ചിടും ദശയിലായിതേ സാമ്പ്രതം. ൭

വലാഹകൻ [പ്രവേശിച്ചിട്ടു്] യുവരാജാവേ, ഇതാ ഇന്ദ്രായുധവും അനുചരന്മാരായ ഭടന്മാരും സന്നദ്ധരായിരിക്കുന്നു.

ചന്ദ്രാപീഡൻ. സേനാപതേ, ഞാൻ ഇതാ വന്നുകഴിഞ്ഞു.

(എല്ലാവരും പോയി)

---

## എട്ടാം അങ്കം.

(മഹാശ്വേത ചിന്താവിഷ്ടയായി പ്രവേശിക്കുന്നു.)

മഹാശ്വേത. മന്ദഭാഗ്യയായ ഞാൻനിമിത്തം ആരെല്ലാം തീവ്രദുഃഖം അനുഭവിക്കേണ്ടതായി വന്നിരിക്കുന്നു. കാദംബരി എൻെറ നിർബന്ധംകൊണ്ട് പ്രതിജ്ഞ പരിത്യജിച്ച് അഭിമതവരപ്രാപ്തിക്ക് ഉത്സുകയായി ത്തീൎന്നപ്പോൾ അവിചാരിതമായ ഒരു വിപത്താണ് ഇടയ്ക്കുവന്നുകൂടിയതു്. എന്നാൽ തിരസ്കൃതനായി അച്ഛോദസരസ്സിൽ ദേഹത്യാഗം ചെയ്ത ആ ബ്രാഹ്മണയുവാവ് കുമാരചന്ദ്രാപീഡൻെറ ഉററമിത്രമായ വൈശമ്പായനനായിരുന്നുവെന്ന് വനദേവതമാരിൽ നിന്നും അറിഞ്ഞതോടുകൂടി യുവരാജാവിൻെറ മുഖദർശനത്തിനുപോലും ഞാൻ അനൎഹയായിത്തീൎന്നിരിക്കുന്നു. കാദംബരിക്കുവേണ്ടി നടത്തിവന്ന സൗഭാഗ്യദേവതാപൂജ കാലംകൂടുന്നതു് ഇന്നാണല്ലോ. ചന്ദ്രാപീഡകുമാരൻ പിതൃജനാനുമതിയോടുകൂടി ഇന്നുതന്നെ ഇവിടെ എത്തിച്ചേരുമെന്നാണു് ഉജ്ജയിനിയിൽ നിന്നും മടങ്ങിവന്ന കേയൂരകൻ പറഞ്ഞതു്. 'തോഴൻ എവിടെ' എന്നു ചോദിക്കുന്ന ആ രാജപുത്രനോട് ഞാൻ എന്തുത്തരം പറയും? [കരയുന്നു]

തരളിക (പ്രവേശിച്ചിട്ടു് വിചാരം) ദാരുണമായ ഈ വൃത്താന്തം സഖിയോടു് ഞാൻ എങ്ങനെ അറിയിക്കും? ആശ്രമപ്രാന്തത്തിൽ ഒരു രാജപുത്രൻ നഷ്ടപ്രജ്ഞനായി കിടക്കുന്നുവെന്നു് താപസകന്യകകൾ വന്നു പറയുന്നു. ഭർത്തൃദാരിക അനുനിമിഷം പ്രതീക്ഷിക്കുന്ന ചന്ദ്രാപീഡരാജ

കുമാരൻ തന്നെയായിരിക്കുമോ ഈ വിപത്തിന്ന് അധീനനായത്ത്. [പ്രകാശം] ഭർത്തൃദാരികേ, ആശ്രമദ്വാരത്തിൽ ഏതോ ഒരു രാജപുത്രൻ നിശ്ചലഗാത്രനായി കിടക്കുന്നു വത്രേ. ആരെന്നറിഞ്ഞില്ല. നമുക്കു പോയി നോക്കാം.

മഹാശ്വേത [ചിന്തയിൽ നിന്നും ഉണർന്നിട്ട്] എന്ത്? രാജപുത്രനോ? ഹാ! കുമാരചന്ദ്രാപീഡ! പ്രിയസഖി കാദംബരി! ഞാൻ നിങ്ങൾ രണ്ടുപേരോടും എന്തൊരന്നേക്കം ദ്രോഹം അനുഷ്ഠിച്ചു. [മൂർച്ഛിക്കുന്നു]

തരളിക [മഹാശ്വേതയെ താങ്ങിക്കൊണ്ട്] ഭർത്തൃദാരികേ, സമാശ്വസിക്കൂ. ഗന്ധർവ്വകുലദേവതകളുടെ ആരാധനം വിഫലമാകുമോ?

മഹാശ്വേത. തരളികേ, ഞാൻ ഇപ്പോൾ ഓർമ്മിക്കുന്നു—ആ ബ്രാഹ്മണകുമാരന്റെ അവിനയത്തിലുള്ള സംക്ഷോഭംകൊണ്ട് മേലാൽ അപ്രകാരം ഒരു സംഭവം ഉണ്ടായിക്കൂടാ എന്നു കരുതി ഞാൻ ഒരു ശപഥം ചെയ്തു.

തരളിക. എന്തായിരിക്കുമോ ആ ശപഥം? ശാപം

മഹാശ്വേത. സ്ത്രീകാമുകനായി ഇവിടെ പ്രവേശിക്കുന്നവൻ തത്ക്ഷണം തന്നെ സ്ഥാവരനിർവിശേഷനായി തീരട്ടെ എന്ന്. മഹാപാപിയായ എന്റെ ആ ശപഥം കാദംബരീകാമുകനായ ചന്ദ്രാപീഡകുമാരനിൽ ഫലിക്കുമെന്ന് ആരു കണ്ടു?

തരളിക. ഏതായാലും നമുക്ക് ആശ്രമദ്വാരത്തിലേക്കു പോകാം. വിധിയുടെ ക്രൂരത നമ്മിൽ പ്രദർശിതമാകുന്നത് ഇത്ത് ആദ്യമായിട്ടല്ലല്ലോ.

(മഹാശ്വേത തരളികയോടുകൂടി പോകുന്നു)

(അനന്തരം കേയൂരകനോടും പത്രലേഖയോടും കൂടി കാദംബരി പ്രവേശിക്കുന്നു)

കാദംബരി. പത്രലേഖേ, രാജപുത്രൻ ഇന്ന് ഈ പ്രദേശത്തെ അലങ്കരിക്കുമെന്ന് നീ പറഞ്ഞതു് വാസ്തവം തന്നെയാണോ?

പത്രലേഖ. കേയൂരകനോടൊന്നിച്ച് എന്നെക്കൂടി ഇങ്ങോട്ടയച്ചതു് ദേവിയുടെ വിശ്വാസത്തിനായിട്ടാണല്ലോ. എന്തിനു സംശയിക്കുന്നു? യുവരാജാവു് ഇപ്പോൾ തന്നെ ദേവിക്കു് ദർശനസൗഖ്യം നല്കും.

കേയൂരകൻ. ഇതാണു് ആശ്രമത്തിന്റെ പശ്ചിമദ്വാരം. ഇതിലെ പ്രവേശിക്കാം. [ചുററും നോക്കിയിട്ടു്] ആ പ്രദേശം ആകെപ്പാടെ മാറിക്കാണുന്നുവല്ലോ!

ധ്യാനം കൈക്കൊണ്ടപോൽത്താനവസിത-
ശുകസംരാവമൂകം ദ്രുമൗഘം;
വേനല്ക്കെത്തുന്ന വാട്ടത്തൊടു ലതകൾ
മലർച്ചാർത്തണപ്പീല തെല്ലും;
ആനീലസ്നിഗ്ദ്ധദൂർവ്വാങ്കുരതതികളശിക്കാതെ
ദുഃഖിപ്പു മാനും;
ദൂനതാപം നിഷ്കുടശ്രീക്കിതുപൊഴുതുയരെക്കാണ്മു,
വീതാഭമെല്ലാം. ൧

കാദംബരി [സ്വഗതം] ചിരകാലം ഉത്കണ്ഠാഭാരം കൊണ്ടു് ക്ലേശിക്കുന്ന ആര്യ്യ അസ്വാസ്ഥശരീരയായിത്തീന്നിരിക്കുമോ?

പത്രലേഖ. ആര്യ്യമഹാശ്വേതയെ ഇവിടെയെങ്ങും കാണുന്നില്ലല്ലോ!

കേയൂരകൻ. യുവരാജാവിൻെറ പ്രിയവയസ്യനായ ആര്യവൈശമ്പായനൻ ഉന്മത്തനായി മഹാശ്വേതയുടെ ആശ്രമത്തിൽ കടന്ന് അനുചിതങ്ങളായ പ്രേമാലാപങ്ങൾ ചെയ്യവെന്നും ആൎയ്യയുടെ തിരസ്കാരത്താൽ ഹതാശനായി ദേഹത്യാഗം ചെയ്യുവാൻ ഇടയായി എന്നും ഹേമകൂടത്തിൽവെച്ച് കിന്നരമിഥുനം എന്നോട് പറയുകയുണ്ടായി. ആ സംഭവത്തിൻെറ പരിണാമം ആയിരിക്കാം ആൎയ്യയുടെ ആശ്രമപാദത്തിൽ ഇപ്പോൾ കാണുന്നതു്.

കാദംബരി [പത്രലേഖയോടു്] പത്രലേഖേ, രാജാവിൻെറ പ്രിയവയസ്യനായ അദ്ദേഹം ആരാണു് ?

പത്രലേഖ. കേയൂരകൻ പറയുന്നതു് വാസ്തവമാണെങ്കിൽ യുവരാജാവിൻെറ ബഹിശ്ചരപ്രാണനാണു് നഷ്ടപ്പെട്ടതു്. വജ്രപാതം പോലുള്ള ഈ വൃത്താന്തം കേൾക്കുമ്പോൾ യുവരാജാവിൻെറ ഹൃദയം പിളൎന്നുപോകയില്ലേ ?

കേയൂരകൻ. അമാത്യവൈശമ്പായനനു് ഇങ്ങിനെ ഒരു ദുൎമ്മൃതി വരുമെന്നു് ആരുതന്നെ കരുതി ? ഇദ്ദേഹമാകട്ടെ,

നൎമ്മഗോഷ്ഠികളിലുററമിത്രമായ്,
ധൎമ്മയുദ്ധമതിലഗ്രഗണ്യനായ്,
ശൎമ്മകാങ്ക്ഷി യുവഭൂപനെത്രയും
കൎമ്മദക്ഷനിവനൊത്ത മന്ത്രിതാൻ. ൨.

കാദംബരി [സ്വഗതം] എൻെറ ദുൎവ്വിധിയാണു് രാജപുത്രനു് ഇപ്രകാരം സുഹൃദ്വിയോഗം വരുത്തിക്കൂട്ടിയതു്.

കേയൂരകൻ. ഈ അവസ്ഥ എത്രയും ശോചനീയം തന്നെ.

മന്ദാനിലന്നെ വസന്തം
മധുവിനെ മലരമ്പനും വെടിഞ്ഞീടിൽ
പൊന്തും പരിതാപത്തെ-
ബ്ബന്ധുവിയോഗം പിണച്ചു നൃപനിതുനാം. 3

പത്രലേഖ. യുവരാജാവ് ഇന്ന് ഇവിടെ വരുമെന്നായിരുന്നല്ലോ എല്ലാവരുടേയും പ്രതീക്ഷ. [ശങ്കയോടെ] വരുംവഴിക്ക് ഈ ദാരുണവാർത്ത അറിയുവാൻ ഇടയായാൽ വനദേവതകളല്ലാതെ ആരുണ്ട് സമാശ്വാസമരുള്ളവാൻ ?

കാദംബരി. എന്റെ വലത്തുകണ്ണ് തുടിക്കുന്നുവല്ലോ! ഇതിൽ ക്രൂരതലായി എന്ത് അശുഭവർത്തമാനമാണ് കേൾക്കുവാൻ പോകുന്നത് ?

(തരളിക പ്രവേശിക്കുന്നു.)

പത്രലേഖ. തരളികേ, മഹാശ്വേത എവിടെ ?

(തരളിക ഒന്നും പറയാതെ നില്ക്കുന്നു)

കാദംബരി. തരളികേ, നിന്റെ ഈ മൗനം ഏതൊരു മഹാദുഃഖത്തെയാണ് ഞങ്ങളിൽ നിന്നും മറച്ചുവെയ്ക്കുന്നത് ? എന്തുണ്ടായി ? ഉള്ളതു തുറന്നുപറയൂ.

തരളിക. ദേവി, എന്നെ കഠിനഹൃദയയെന്നു വിചാരിക്കരുതേ. കുറച്ചു മുൻപ് ആശ്രമത്തിന്റെ പൂർവ്വദ്വാരത്തിലായി നമ്മുടെ എല്ലാവരുടേയും പ്രീതിക്കും ആദരത്തിനും പാത്രീഭൂതനായ ആ മദ്ധ്യമലോകരാജപുത്രൻ നിലത്ത് നിശ്ചലഗാത്രനായി കിടക്കുന്നത് താപസകുമാരികളുടെ ദൃഷ്ടിയിൽ പെട്ടു.

കാദംബരി. ഹാ ! ജീവിതേശ്വര ! (മൂർച്ഛിക്കുന്നു)

(പത്രലേഖ താങ്ങുന്നു.)

കേയൂരകൻ.

ഹാ! ഹാ! നീണ്ടാരം പ്രതീക്ഷിച്ചഖിലജന-
മനോഹാരിയായംബരത്തെ-
പ്പൂകും രാകേന്ദുബിംബം ത്സടിതിയണയുമ-
സ്സൈംഹികേയൻ ഗ്രസിക്കിൽ
ഈഹയ്ക്കൊത്തുള്ള വണ്ണം പൊലിയുമമൃതു
കണ്ടാത്തട്ടക്കം ചകോരി-
ക്കുന്നാതീതം വിഷാദം തടവിയെഴവതില്ലെ-
ന്നവസ്ഥാവിശേഷം? ൮

പത്രലേഖ. യുവരാജാവിൻെറ നിത്യസഹചാരിണിയായ എനിക്ക് ആ മഹാഭാഗൻെറ പ്രേമഭാജനത്തെ സമാശ്വസിപ്പിക്കുന്ന കൃത്യമാണോ ഈ ജീവിതത്തിൽ അവശേഷിക്കുന്നതു്? [പ്രകാശം] തരളികേ, വേഗം പോയി എല്ലാ ദുഃഖങ്ങളുടേയും സീമ ദർശിച്ചിട്ടുള്ള ആയ്യമഹാശ്വേതയെത്തന്നെ ഈ അവസരത്തിൽ ഇങ്ങോട്ടേക്ക് കൂട്ടിക്കൊണ്ടുവരൂ.

(തരളിക പോകുന്നു.)

കേയൂരകൻ. യുവരാജാവിന്ന് ഇങ്ങനെ ഒരു അവസ്ഥ വരുവാൻ ഒരു കാരണവും കാണുന്നില്ല. പാവനമായ പ്രണയം പ്രതിബന്ധങ്ങൾ ഉണ്ടായാലും സാഫല്യത്താൽ അനുഗൃഹീതമാകുമെന്നുള്ളതു് മറിച്ചുവരുമോ?

പുരഹരനയനാഗ്നിജ്വാലയിൽ താർശരൻതൻ-
തിരുവുടലുരുകീട്ടും ഭാഗധേയത്തിനാലേ
വരതനു രതി വീണ്ടും കാന്തനെച്ചേന്നതില്ലേ?
നിരതിശയിതരാഗം വ്യർത്ഥമാകില്ല നൂനം. ൯

കാദംബരി [കണ്ണുതുറന്നിട്ട്] മന്ദഭാഗ്യയായ എൻെറ പ്രാണങ്ങളെക്കൂടി ദുർവ്വിധി അപഹരിച്ചില്ലല്ലോ ? [വീണ്ടും ശോകനിമഗ്നയാകുന്നു.]

(മഹാശ്വേത തരളികയോടുകൂടി പ്രവേശിക്കുന്നു.)

മഹാശ്വേത. അഹോ ! ഞാൻ മാത്രം ദുഃഖങ്ങൾ അനുഭവിക്കുന്നതുകൊണ്ടു് പോരാഞ്ഞിട്ടാണോ ദുർവ്വിധി പ്രിയസഖിയെക്കൂടി അപൂർണ്ണമനോരഥയാക്കി ജീവിതസംശയം പ്രാപിപ്പിച്ചിരിക്കുന്നതു്. [കാദംബരിയോടായി] കാദംബരി, നീ ഒന്നു കൺമിഴിച്ച് നിൻെറ ദുഃഖങ്ങൾക്കൊക്കെയും ഏകനിദാനമായ ഇവളെ നോക്കൂ.

(കാദംബരി ധൈര്യം അവലംബിച്ച് എഴുന്നേല്ക്കുന്നു.)

കാദംബരി. ആര്യേ, എന്നെക്കുറിച്ച് ഒട്ടും ഖേദിക്കേണ്ട. എൻെറ അഭ്യുദയത്തിനുവേണ്ടി ആര്യയെക്കാൾ കൂടുതൽ ക്ലേശിച്ചിട്ടുള്ളവർ ആരുമില്ലെന്നു് എനിക്കറിയാം. കഴിഞ്ഞതെല്ലാം കഴിഞ്ഞു. ഇതു് എനിക്കു് സന്തോഷിക്കുവാനുള്ള സമയമാണു്. എൻെറ ജീവിതേശ്വരനെ അനുഗമിച്ച് ലോകാന്തരത്തിലെങ്കിലും പ്രതിബന്ധരഹിതമായ സമാഗമം ഞാൻ സാധിക്കട്ടെ.

മഹാശ്വേത. പ്രിയസഖി കാദംബരി, നിൻെറ ഉചിതമായ അഭിലാഷത്തെ അഭിനന്ദിക്കുവാൻമാത്രമേ എനിക്കു് കഴിയുകയുള്ളൂ. ഇരുപതു കൊല്ലങ്ങൾക്കു മുൻപ് ഇങ്ങനെ ഒരു സുവർണ്ണാവസരം നഷ്ടപ്പെടുത്തി അധന്യമായ ജീവിതം തുടന്ന ഞാൻ പ്രണയത്തിനായി ജീവസമർപ്പണം ചെയ്ത ആ മുനികുമാരൻെറ ലോകാന്തരസമാഗമത്തിനുപോലും അനർഹ തന്നെ. എന്നാൽ നീ ഇപ്പോൾ വനിതാലോകത്തിനു പൊതുവേയും നിൻെറ ജ്യേഷ്ഠസഹോദരിയായ

എനിക്കു് പ്രത്യേകമായും കാണിച്ചുതന്നിരിക്കുന്ന മാതൃകയെ ഞാൻ അനുസരിക്കുവാൻ ഇനി ഒട്ടും അമാന്തിക്കുകയില്ല. കാദംബരി, നിനക്കും എനിക്കും ഒരുമിച്ച്, അകൃത്രിമ പ്രണയത്തിന് സാഫല്യം വരുവാനിടയാക്കാതെ മഹിളാവർഗ്ഗത്തെ തീരാത്ത ശോകത്തിൽ ആപതിപ്പിക്കുന്ന ആ ദുർവ്വിധിയുടെ അടങ്ങാത്ത ദുർമ്മോഹത്തിനു് നമ്മുടെ ജീവിതത്തെ ബലികഴിക്കാം.

കാദംബരി. ഈ നരകയാതന ചിരകാലം അനുഭവിച്ച ആര്യയുടെ ക്ഷമ അസാധാരണം തന്നെ. നമ്മുടെ ശരീരത്യാഗത്തിന് ഇനി ഒട്ടും അമാന്തിക്കേണ്ടതില്ല. [കേയൂരകനോട്] കേയൂരക, ഗന്ധർവ്വകുലത്തിന്റെ നിത്യസേവകനായ അങ്ങു് ആര്യയുടെ അന്ത്യമായ അഭിലാഷത്തെ അനുവർത്തിക്കൂ. ഞങ്ങളുടെ അഗ്നിപ്രവേശനത്തിനുള്ള ചിത ഉടൻ സജ്ജമാക്കൂ.

കേയൂരകൻ [സ്വഗതം] ദൃഢസങ്കല്പമായ ദേവിയെ ഈ ഉദ്യമത്തിൽനിന്നും പിൻതിരിപ്പിക്കുവാൻ സാദ്ധ്യമല്ല. അതിനാൽ ഒരു കിങ്കരന്റെ ധർമ്മം അനുഷ്ഠിച്ച് മനസ്വിജനങ്ങൾക്കു് ജീവിതാവകാശം നല്കാത്ത ഈ ലോകത്തെ എന്നെന്നേക്കും പരിത്യജിക്കാം.

(കേയൂരകൻ ചിത ഒരുക്കുന്നു.)

മഹാശ്വേത. തരളികേ, പിതൃമന്ദിരത്തിലും ആശ്രമത്തിലും എന്നെ വിട്ടുപിരിയാതെ പരിചരിച്ച നിന്നോടു് ഞാൻ സ്വാമിനീഭാവത്തിൽ ആചരിച്ചിരിക്കാവുന്ന എല്ലാ ശഠതകളേയും നീ പൊറുത്തു് എന്റെ അന്ത്യമായ ആമന്ത്രണം സ്വീകരിക്കൂ.

കാദംബരി. പത്രലേഖേ, രാജകുമാരനെ അനുഗമിച്ച് ലോകാന്തരത്തിലേക്ക് യാത്രയാകുന്ന എനിക്ക് അദ്ദേഹത്തിൻെറ പ്രീതിക്ക് എപ്പോഴും പാത്രമായിരുന്ന നിൻെറ മംഗളാശംസ നേർവഴി കാണിക്കട്ടെ.

(എല്ലാംവരും ദുഃഖിക്കുന്നു.)

(കപിഞ്ജലൻ പ്രവേശിക്കുന്നു)

കപിഞ്ജലൻ [വിചാരം] മഹാശ്വേതയ്ക്ക് പുണ്ഡരീകനുമായുള്ള പുനസ്സമാഗമം സാധിക്കാമെന്ന് ഞാൻ ചെയ്തിട്ടുള്ള പ്രതിജ്ഞ നിറവേററാതെ ഇന്ന് എങ്ങനെയാണ് ഞാൻ അവളെ കാണുന്നത് ? എന്നാലും പ്രകൃത്യാ മൃദുലഹൃദയയായ കാദംബരിയെ ഈ മഹാവിപത്തിൽ ആശ്വസിപ്പിക്കേണ്ടതു് ഭാവിമംഗളത്തിന് ഒഴിച്ചുകൂടാത്തതാണല്ലോ ! [അരികത്തു ചെന്നിട്ട്] മഹാശ്വേതേ, കാദംബരി, നിങ്ങൾക്ക് അക്ഷതമായ മംഗളമുണ്ടാകട്ടെ.

മഹാശ്വേത (ചിന്തയിൽ നിന്ന് ഉണർന്നിട്ട്) ആര് ? എൻെറ സങ്കല്പിതവല്ലഭനായ ആ മഹാനുഭാവൻെറ പ്രാണമിത്രമായ കപിഞ്ജലകുമാരനോ ? എനിക്ക് സ്വന്തം കണ്ണുകളെത്തന്നെയും വിശ്വസിക്കുവാൻ സാധിക്കുന്നില്ല. (കാദംബരിയോട്) വത്സേ കാദംബരി, ഏതവസ്ഥയിലും മുനിജനങ്ങൾ സംഭാവനീയരാണല്ലോ. നമുക്ക് ദർശനത്താൽതന്നെ ആശ്വാസമരുളുന്ന ഈ മുനികുമാരനെ പ്രണമിക്കാം.

(രണ്ടുപേരും വന്ദിക്കുന്നു.)

കപിഞ്ജലൻ. അചിരേണ പ്രിയസമാഗമം ഉണ്ടാകട്ടെ !

(മഹാശ്വേതയും കാദംബരിയും മുഖത്തോടു മുഖം നോക്കുന്നു.)

മഹാശ്വേത. പ്രത്യക്ഷവിപരീതമായ ഈ വാക്ക് സത്യവ്രതനായ അങ്ങയുടെ മുഖത്തിൽ നിന്നും എങ്ങനെ പുറപ്പെടുന്നു ?

കപിഞ്ജലൻ. നിങ്ങൾ ഒരിക്കലും അപ്രകാരം വിചാരിക്കരുത്. പുണ്ഡരീകകുമാരൻേറയും ചന്ദ്രാപീഡന്റേയും ജീവചരിത്രത്തിൽ ഇന്നോളം എനിക്കു പോലും വെളിപ്പെട്ടിട്ടില്ലാത്ത പല രഹസ്യങ്ങളും ഉണ്ട്. പതിദേവതകളുടെ സുചരിത്രപ്രഭാവത്താൽ ലോകാന്തരഗതന്മാരായ പ്രിയന്മാരോടുപോലും പുനസ്സമാഗമം സിദ്ധിക്കുമെന്നുള്ള പുണ്ഡരീകപിതാവായ ശ്വേതകേതുമഹർഷിയുടെ അരുളപ്പാടിൽ മാത്രം വിശ്വസിച്ചുകൊണ്ടാണ് ഈ വിനീതശിഷ്യൻ ഇത്രയും കാലം കഴിച്ചുകൂട്ടിയതെന്ന് അറിയിക്കട്ടെ.

മഹാശ്വേത. പുത്രവത്സലനായ ആ മുനീന്ദ്രൻ, ഏതോ ദിവ്യപുരുഷനാൽ മുകളിലേക്ക് നീതമായ പുണ്ഡരീകദേഹത്തെ പരിരക്ഷിക്കുന്നുണ്ടായിരിക്കുമെന്ന് ഞാൻ ആശ്വസിക്കട്ടെയോ ?

കാദംബരി. ആര്യേ, അവിടുത്തെ ദുഃഖമയമായ പ്രണയകഥയിൽ സൂത്രധാരത്വം വഹിച്ച ഈ മുനികുമാരൻ ഇത്രയും കാലം എവിടെയായിരുന്നിരിക്കുമോ ?

മഹാശ്വേത. എന്റെ ഉള്ളിലും ഇതേ ആശങ്കതന്നെയാണ് ഉദിച്ചത്. ആര്യ കപിഞ്ജല, ആത്മബന്ധുത്വം സ്വയമേ കൈയ്‌വരിച്ച അങ്ങ് ഏതേത് ഉപായങ്ങളുടെ പ്രയോഗത്താലാണ് ഈയുള്ളവരുടെ മനോരഥപൂർത്തിക്ക് പരിശ്രമിച്ചത് ?

കപിഞ്ജലൻ. ദുർവ്വിധി എന്നേയും വിട്ടില്ല. അപ്രകാരം പ്രതിജ്ഞചെയ്തിട്ട് ഗുരുസമീപത്തിലെത്തി കുറേക്കാലം മിത്രത്തിന്റെ കാര്യലാഭത്തിനുവേണ്ടി പരിശ്രമിച്ചു കൊണ്ടിരുന്ന ഞാൻ യദൃച്ഛയാ ഗുരുശാപത്തിന് വിധേയനായി അശ്വയോനിയിൽ ജനിക്കേണ്ടതായിവന്നു. ഞാനായിരുന്നു ചന്ദ്രാപീഡരാജകുമാരന്റെ ജൈത്രയാത്രകൾക്കൊക്കെയും സാക്ഷിഭൂതമായിരുന്ന ഇന്ദ്രായുധം.

കാദംബരി [അദ്ഭുതഃത്തോടുകൂടി] യുവരാജാവിന്റെ വാഹനമായിരുന്ന ആ അശ്വം ഈ കപിഞ്ജലനോ? എന്നാൽ കിന്നരമിഥുനത്തെ അനുധാവനം ചെയ്ത് യുവരാജാവിനെ കൂട്ടരിൽനിന്നകററി ഏകാകിയാക്കി ഏതാനം ദിനങ്ങളിലെങ്കിലും എന്റെ ജീവിതത്തെ ആനന്ദം കൊണ്ട് നിറയ്ക്കത്തക്കവണ്ണം അദ്ദേഹവുമായുള്ള സമാഗമം സാധിച്ചുതന്ന ഈ ഔദാര്യനിധിയോടുള്ള കടപ്പാട് അളവററതാണ്.

കപിഞ്ജലൻ. കാദംബരീദേവി ആശങ്കിച്ചതുപോലെ രാജകുമാരനെ ദിവ്യവനത്തിൽ പ്രവേശിപ്പിച്ചതു് എന്റെ കരുതിക്കൂട്ടിയുള്ള പ്രവൃത്തിതന്നെയായിരുന്നു. എന്റെ പ്രതിജ്ഞാനിർവ്വഹണത്തിന് ഭവതിയുടെ അഭിമത വരപ്രാപ്തിയും അത്യന്താപേക്ഷിതമാണെന്നു് ഞാൻ നേരത്തേ കണ്ടു.

കേയൂരകൻ. കേവലം ഒരു തിര്യഗ്ജന്തുവിന് ഗന്ധർവ്വലോകത്തേയും മാനുഷലോകത്തേയും ശോഭനമായ ഒരു ബന്ധത്തിൽ ഘടിപ്പിക്കുന്ന ഒരു മഹായജ്ഞത്തിന്റെ ഋത്വിക്പദം അലങ്കരിക്കുവാനുള്ള പ്രാഗല്ഭ്യം ഉണ്ടായതിൽ ഇപ്പോൾ അദ്ഭുതപ്പെടുവാനില്ല.

മഹാശ്വേത. സത്യപ്രതിജ്ഞനായ കപിഞ്ജല, കേവലം ആശ്വാസവചനംകൊണ്ട് എന്റെ പ്രിയസഖിയെ അനുമരണത്തിൽ നിന്നും തടയുവാൻ സാധിക്കുമെന്ന് അങ്ങ് കരുതേണ്ട. കെടാൻപോകുന്ന വിളക്കിന്റെ പ്രകാശംപോലെ മാത്രം ഇവളുടെ ഈ ശാന്തഭാവത്തെ കണക്കാക്കിക്കൊണ്ടാൽ മതി.

കാദംബരി [ആത്മഗതം] ഈ ആലാപങ്ങളെല്ലാം എന്റെ അന്ത്യനിമിഷങ്ങളെ വിളംബിപ്പിക്കുവാനല്ലാതെ ഉതകുന്നതല്ലെന്ന് എനിക്ക് നല്ലവണ്ണം അറിയാം. എന്നാലും ഈ മുനികുമാരനിലൂടെ ഏതോ ദുഃഖനിവൃത്തി ഉണ്ടാകാൻ പോകുന്നതുപോലെ തോന്നുന്നതിന് തത്കാലം കീഴടങ്ങി നില്ക്കുവാനേ തരമുള്ളു.

കപിഞ്ജലൻ. എല്ലാം ശ്വേതകേതുമഹർഷിയിൽനിന്നും ഞാൻ അറിയുവാൻ ആഗ്രഹിക്കുന്നു. എനിക്ക് പോകുവാൻ അനുവാദം തരിക. ഞാൻ തിരിച്ചു വരുവോളം നിങ്ങൾ പ്രാണങ്ങളെ ധരിച്ചുകൊള്ളണമെന്ന് വീണ്ടും വീണ്ടും പ്രാർത്ഥിച്ചുകൊള്ളുന്നു. [കപിഞ്ജലൻ പോകുന്നു]

കാദംബരി. വിധിയുടെ തുടർച്ചയായുള്ള വൈപരീത്യം ഓർക്കുമ്പോൾ യാതൊന്നിലും എനിക്ക് വിശ്വാസം വരുന്നില്ല. [ഇടതുകണ്ണ് തുടിക്കുന്നതായി നടിച്ചിട്ട്] എന്താണ് അസ്ഥാനത്തിൽ എന്റെ ഇടത്തുകണ്ണ് തുടിക്കുന്നത് ?

കേയൂരകൻ. സുകൃതിലോകത്തിന് ശോഭനങ്ങളായ നിമിത്തങ്ങൾ ഫലിക്കാതെവരുകയില്ല.

മഹാശ്വേത [സ്വഗതം] എന്റെ ആശ എന്നെന്നേക്കും നിറവേറാതെ അവശേഷിച്ചാലും പ്രിയസഖി കാദം

ബരിയെ ഭർത്തൃമതിയായി കാണുവാൻ സംഗതിയായാൽ ഞാൻ ചരിതാർത്ഥയായി.

(അണിയറയിൽ)

ആശ്ചര്യം! ആശ്ചര്യം!

മഹാശ്വേത [ശ്രദ്ധിച്ചിട്ട്] താപസകുമാരികളുടെ കോലാഹലമാണല്ലോ കേൾക്കുന്നത്. എന്തെങ്കിലും വിശേഷം ഉണ്ടായിരിക്കണം തരളികേ, നീ പോയി വിവരം അറിഞ്ഞുകൊണ്ടുവരൂ.

(തരളിക പോയി)

കേയൂരകൻ [വിചാരം] ഈ ദശാസന്ധിയിൽ ഗന്ധർവ്വകുലദേവതകളുടെ വിചിത്രമായ അനുഗ്രഹത്തിനല്ലാതെ കാദംബരീദേവിയുടെ അഭ്യുദയം സാധിപ്പിക്കുവാനുള്ള പ്രാഗല്ഭ്യം ഇല്ല. ആ അനുഗ്രഹം സമാസന്നമായിരിക്കുന്നതുപോലെ എനിക്ക് എന്തുകൊണ്ടോ തോന്നുന്നു.

(തരളിക പ്രവേശിക്കുന്നു.)

തരളിക. ആര്യേ, യുവരാജാവിൻെറ നിശ്ചേഷ്ടമായ ശരീരത്തെ പരിരക്ഷിച്ചുകൊണ്ടുനിന്നിരുന്ന ആശ്രമവാസികൾ അവിടെ മേഘം കൂടാതെതന്നെ വൃഷ്ടിയുണ്ടായി എന്നും തത്ക്ഷണം ആ ശരീരത്തിൽ ജീവചൈതന്യത്തിൻെറ സ്ഫുരണങ്ങൾ ഉണ്ടായി എന്നും ഉള്ള അദ്ഭുതവാർത്ത അറിയിക്കുന്നു.

(എല്ലാവരും അദ്ഭുതപരതന്ത്രരാകുന്നു)

മഹാശ്വേത. കാദംബരി, നിൻെറ ഭാഗ്യങ്ങൾ അസ്തമിച്ചിട്ടില്ല. വേഗം നമുക്കെല്ലാവർക്കും അങ്ങോട്ടേക്ക് ചെല്ലാം.

പത്രലേഖ [രംഗഭാഗത്തേക്ക നോക്കിയിട്ട്] ഹാ! യുവരാജാവുതന്നെയാണല്ലോ ഇങ്ങോട്ടു വരുന്നത്. അദ്ദേഹം പ്രകൃതിസ്ഥശരീരൻ തന്നെ. താരാപീഡമഹാരാജാവിൻെറ കലതന്തു വിച്ഛിന്നമായില്ല.

ചന്ദ്രാപീഡൻ [പ്രവേശിച്ച്] പ്രിയേ കാദംബരി,

ചെറുതുമറിവിൽ പൂർവ്വോദന്തം പെടാതെ വിമൂഢനാം;
ചിരമകമെഴക്കണ്ടേൻ ജന്മാന്തരസ്ഥിതിയിവ്വിധം;
നിരവധിയുഗം പോലേതാനും ക്ഷണങ്ങൾ കഴിച്ചു ഞാൻ
പറക വിരഹം നീയെവ്വണ്ണം പൊറുത്തതശേഷവും. ൩

കാദംബരി [സ്വഗതം] ആനന്ദം തിരതല്ലുന്ന ഈ അവസരത്തിലും ആര്യയുടെ സാന്നിധ്യത്തിൽ രാജപുത്രനോട് മനോരഥം തുറന്നുപറയുവാൻ ഞാനാളാകുന്നില്ല. [മഹാശ്വേതയോട്] മഹാശ്വേതേ, എന്നെ സന്തുഷ്ടയായി കാണുവാനുള്ള നിൻെറ ആഗ്രഹം വിഫലമായില്ല. രാജപുത്രനെ യഥോചിതം ഉപചരിക്കുവാൻ നാം കടപ്പെട്ടവരാണ്.

മഹാശ്വേത. കുമാരചന്ദ്രാപീഡ, എൻെറ പ്രിയസഖിയുടേയും എൻേറയും ഇപ്പോഴുള്ള ആഹ്ലാദം ഒരുകാലത്തും ഒരുത്തൎക്കും അനുഭവിക്കുവാൻ ഇടവന്നിരിക്കുകയില്ല. ഏതാനും ക്ഷണങ്ങൾക്കുമുൻപ് ഞങ്ങൾ ഇരുവരും പരലോകത്തേക്ക് പ്രിയജനസ്മരണത്തെ പാഥേയമാക്കിക്കൊണ്ട് പുറപ്പെടുവാൻ മുതിൎന്നവരാണ്. സഖിക്ക് പ്രിയതമൻെറ പുനർലാഭം ഉണ്ടായതിൽ നിർവൃതിനേടി ഞാനും ജീവിതാശയെ ബന്ധിക്കുവാൻ പ്രേരിതയായി. ഇനി നിങ്ങൾക്ക് ഒരിക്കലും വിയോഗം വരാനുള്ള ദാമ്പത്യപ്രാപ്തി

ക്കു് ആനുകൂല്യം ചേക്കുക മാത്രമേ ബന്ധുജനങ്ങളാൽ നിവ്വഹിക്കപ്പെടേണ്ടതായുള്ളു.

ചന്ദ്രാപീഡൻ. മഹാശ്വേതേ, അപരാധിജനത്തോട്ട് അവിടുത്തെക്കുള്ള ദാക്ഷിണ്യം ഒന്നു മാത്രമേ എൻെറ നിഖിലസുഖങ്ങൾക്കും പ്രാത്ഥനീയമായിട്ടുള്ളൂ.

പത്രലേഖ. ദേവിയോടുകൂടി ചേന്നപ്പോൾ യുവരാജാവു് പൂവ്വാധികമായ ദേഹകാന്തിയെ ആവഹിക്കുന്നു.

കേയൂരകൻ. ശരിയാണു്.

തങ്ങിക്കൊണ്ടലൎക്കിടയ്ക്കൊട്ടഭിനവസുഷമാ-
ധാമമായുല്ലസിക്കും
തിങ്കൾക്കൊക്കുന്നു വക്ത്രം ദ്യുതിപെരുകിയവാ-
റുൾപ്രസാദത്തിനാലേ ;
ഭ്രൂംഗത്തിൻലീല കോലും കരിമിഴികളിണങ്ങുന്ന
നേത്രം പ്രഭാത-
ത്തിങ്കൽ തുങ്ഗപ്രബുദ്ധം കമലമഴകിലുൾക്കൊ-
ണ്ടൊരൈശ്വര്യമേന്തി. ൬

കാദംബരി. ഗന്ധവ്വകുലദേവതകൾ എന്നെ നല്ലവണ്ണം അനുഗ്രഹിച്ചു. പ്രിയസഖിയുടെ കാൎയ്യത്തിലും അവ്വണ്ണമുള്ള കാരുണ്യം അവരിൽ നിന്നും പ്രതീക്ഷിക്കാവുന്നതല്ലയോ ? ഉടനെ തിരിച്ചു വരുമെന്നു പറഞ്ഞുപോയ കപിഞ്ജലനേയും കാണുന്നില്ല.

മഹാശ്വേത. തരളികേ, കാദംബരീദേവിയുടെ പ്രിയതമനായ ചന്ദ്രാപീഡരാജകുമാരനു് ചേന്ന സത്കാരങ്ങൾക്കു് വട്ടംകൂട്ടു.

തരളിക. ആൎയ്യയുടെ നിർദേശം പോലെ.

(പോകുവാൻ തുടങ്ങുന്നു.)

(ഒരു വശത്തുക്രൂടി കപിഞ്ജലകരാവലംബിയായി
പുണ്ഡരീകൻ പ്രവേശിക്കുന്നു)

കപിഞ്ജലൻ. സഖേ,

വല്ക്കലങ്ങളകലെക്കളഞ്ഞഭിനവം ദുകൂല-
യുഗളം ധരി-
ച്ചുഘ്യമാമൊരു കിരീടമജ്ജട വെടിഞ്ഞു മൌലി-
യിലിണക്കിയും,
നല്ക്കുടുംബിതയുമാത്മദാരവിഭവങ്ങളും
പ്രകടമാക്കുമാ-
റിക്ഷണം രുചിരവേഷമേന്തി വിജയിപ്പൂതേ
മുദിതനായ് ഭവാൻ. വൃ

പുണ്ഡരീകൻ. എൻെറ അഖിലാഭ്യുദയത്തിനും നിദാനം നീ തന്നെയാണല്ലോ.

തരളിക [നോക്കിയിട്ട്] മുനിവേഷം മാറിയിട്ടുണ്ടെങ്കിലും ഈ മഹാഭാഗൻ സഖിയുടെ ജീവിതേശ്വരനായ പുണ്ഡരീകകുമാരൻ തന്നെയാണെന്നു് നിർണ്ണയിക്കുവാൻ എൻെറ കണ്ണുകൾക്കു് കഴിവുണ്ടു്. കപിഞ്ജലൻെറ സാഹചര്യം എല്ലാ സംശയങ്ങളേയും ഛേദിക്കുന്നു. [മഹാശ്വേതയോട്] ഭർത്തൃദാരികേ, അവിടുത്തെ സുന്ദരസ്വപ്നങ്ങൾ യാഥാർത്ഥ്യത്തിലേക്കു് കടന്നിരിക്കുന്നു. ഈ കാണുന്നതു് അവിടുത്തെ ആത്മവല്ലഭനായ പുണ്ഡരീകകുമാരനാണെന്നുള്ള എൻെറ വാക്കിനെ വിശ്വസിച്ചാലും.

മഹാശ്വേത [പുണ്ഡരീകനെ നോക്കിയിട്ട്] ഇപ്പോൾ എൻെറ ജീവിതധാരണം സഫലമായി.

കാദംബരി. ഇദ്ദേഹത്തിൻെറ സുഷമാവിലാസം നോക്കുമ്പോൾ ലോകാന്തരഗതനായിട്ടും പുനസ്സമാഗമം

കൊതിച്ച് പ്രിയസഖി തപശ്ചര്യ സ്വീകരിച്ചതിൽ അദ്ഭുതപ്പെടുവാനില്ല.

കേയൂരകൻ [വിചാരം] മഹാശ്വേതയുടേയും പുണ്ഡരീകൻേറയും ആനുരൂപ്യം കാദംബരീചന്ദ്രാപീഡന്മാർക്കു തമ്മിലല്ലാതെ മററങ്ങും ദൃശ്യമല്ല.

കപിഞ്ജലൻ. പുണ്ഡരീക, അങ്ങയുടെ പ്രഥമപ്രണയത്തെ അല്പജ്ഞനായ ഞാൻ ഭർത്സിച്ചതു് ഈ സ്ത്രീരത്നത്തിൻെറ മഹിമ മനസ്സിലാക്കാതെ ആയിരുന്നു. എന്നാൽ ഇവളുടെ മനോഗുണം അറിയുവാൻ എനിക്കു് അചിരേണ സാധിച്ചു.

ഏതോ ലോകം ഝടിതി ഗതനാം
 നിൻ സമീപത്തിലെത്താൻ
ജാതായാസം മുതിരുമിവളെൻ-
 ഭാവിഭദ്രോക്തിയാലേ
ചേതസ്സാലാദരമൊടു ചിരം
 പേറുവോരു നല്ല, നീതാൻ
പാതിവ്രത്യപ്രഥമഗണനാ-
 ഭാജനത്തിന്നു സൌഖ്യം. ൻ

പുണ്ഡരീകൻ [മഹാശ്വേതയെ സൂക്ഷിച്ചു നോക്കിയിട്ടു്] ഇവളോടുള്ള സമാഗമം ഏതാനും നിമിഷങ്ങൾക്കു മുൻപു് ഉണ്ടായതുപോലെ ഇപ്പോഴും പുതുമ നശിക്കാതെ എൻെറ ഹൃദയത്തിൽ പ്രീതിയെ വർദ്ധിപ്പിക്കുന്നു. എന്നാൽ ആ കോമളാംഗിതന്നെയാണു് ഈ തപസ്വിനിയെന്നു് അവധാരണം ചെയ്യുവാൻ വളരെ പ്രയാസമുണ്ടാകുമാറു് എത്രയോ സംവത്സരങ്ങളും സംഭവവിശേഷങ്ങളും ഇടയ്ക്കു് നട

ന്നിരിക്കുന്നുവെന്നുള്ളതിന്ന് സംശയമില്ല. എന്റെ നിദ്ര ഇത്രത്തോളം ദീൎഘമായിരുന്നുവോ ? [മഹാശ്വേതയോട്] പ്രിയേ! മഹാശ്വേതേ, ഞാൻനിമിത്തമുണ്ടായ ശോകഭാരത്തെ പേറിക്കൊണ്ട് ഏകവേണീവ്രതത്തോടെ ജീവധാരണം ചെയ്ത ഭവതി പ്രേമത്താൽ എന്നെ എത്രയോ കവിഞ്ഞിരിക്കുന്നുവെന്നു മാത്രമല്ല, എന്നെ എന്നെന്നേക്കും വിധേയനാക്കിത്തീൎക്കുകയും ചെയ്തിരിക്കുന്നു.

ചന്ദ്രാപീഡൻ. ദേവി കാദംബരി, സമ്പത്ത് സമ്പത്തിനേയും വിപത്ത് വിപത്തിനേയും പിൻതുടരുന്നു എന്നുള്ള ചൊല്ല് എത്ര വാസ്തവം!

ചിരം സുപൎയ്യുത്സുകമോദമാൎന്നു നി-
ഭരം മഹാശ്വേതയിതാ പൊട്ടുന്നനേ,
ഉരത്ത ഹംസാത്മജ പുണ്ഡരീകസം-
സ്ഫുരത് പ്രതീകത്തെയണഞ്ഞു ഹംസിപോൽ. ൧൦

കാദംബരി. പ്രിയസഖിയുടെ വല്ലഭസമാഗമത്തിൽ ഞാനാണ് കൂടുതൽ സന്തോഷിക്കുന്നത്. മഹാശ്വേത കൂടി അപ്രായോഗികമെന്ന് തള്ളിയിരുന്ന എന്റെ ആ പ്രതിജ്ഞയും ഇതാ ഇപ്പോൾ പൂൎണ്ണമായി നിറവേറിയിരിക്കുന്നു.

ചന്ദ്രാപീഡൻ [സ്വഗതം] പ്രഥമദൎശനത്തിൽത്തന്നെ ഈ മുനികുമാരനോട് എന്റെ ഹൃദയത്തിൽ ഉദിക്കുന്ന ഭാവം ആലോചിക്കുമ്പോൾ ഏതോ ജന്മാന്തരത്തിലെ സൗഹൃദം അന്തഃകരണത്തിൽ സ്ഥിരമായി അവശേഷിക്കുന്നുവെന്നു തോന്നുന്നു. എന്റെ പ്രാണമിത്രമായിരുന്ന് ഹതവിധിയാൽ അപഹൃതനായ വൈശമ്പായനനോട്

ല്ലാതെ മററാരോടും ഇത്തരത്തിൽ ഹൃദയാനുരഞ്ജനം എനിക്ക് അനുഭവപ്പെട്ടിട്ടില്ല.

പുണ്ഡരീകൻ [സ്വഗതം] കപിഞ്ജലനിൽ നിന്നും ഈ രാജകുമാരൻ മഹാശ്വേതയുടെ സഖിയായ കാദംബരിയുടെ പ്രേമഭാജനമാണെന്ന് അറിഞ്ഞതുകൊണ്ടുതന്നെ ഇദ്ദേഹത്തോട് അളവററ സ്നേഹാദരങ്ങൾ എനിക്ക് ഉണ്ടായിട്ടുണ്ട്, അത്രയുമല്ല, ഞാൻ ഇദ്ദേഹത്തിൻെറ മുൻപിൽ അകാരണമായിത്തന്നെ ഒരു വിനീതഭാവം കൈക്കൊള്ളുവാൻ സ്വയം പ്രേരിതനായിത്തീരുകയും ചെയ്യുന്നു. അഥവാ മഹാപുരുഷത്വം സർവ്വജനസംഭാവനീയമാണല്ലോ.

(രണ്ടുപേരും ആദരാതിശയത്തോടെ അന്യോന്യം നോക്കുന്നു)

കപിഞ്ജലൻ. സഖേ പുണ്ഡരീക, അഭിവന്ദ്യനായ ചന്ദ്രാപീഡകുമാര, എൻെറ ഗുരുനാഥനായ ശ്വേതകേതുമുനീന്ദ്രൻെറ നിയോഗം അനുസരിച്ച് ഈ അവസരത്തിൽ നിങ്ങളെ രണ്ടുപേരേയും വലയം ചെയ്തിരിക്കുന്ന ഒരു രഹസ്യത്തെ അനാവരണം ചെയ്യുന്നതിന് എനിക്ക് സന്തോഷമുണ്ട്. ആര്യമഹാശ്വേതയോടുള്ള അനുരാഗപാരവശ്യത്താൽ ദേഹവിയോഗം സംഭവിച്ച ആ ജീവാത്മാവുതന്നെയാണ് ഒരു നൂതനജന്മം സ്വീകരിച്ച് ലോകോത്തരചരിതനായ ഒരു നരേന്ദ്രകുമാരൻെറ പ്രഗാഢമായ സഖ്യം അഖിലലോകവ്യാപകമായ ജൈത്രയാത്രയുടെ പരിസമാപ്തിവരെ സമത്ഥമായി പുലത്തിയിട്ട്, ജന്മാന്തരത്തിലെ പ്രേമബന്ധനത്തിന് വശഗനായി പ്രാണനാശം വരുത്തി, വീണ്ടും അദ്ഭുതപ്രഭാവനായ ശ്വേതകേതുമുനീന്ദ്രൻെറ വാത്സല്യപൂർവ്വമായ ആശിസ്സോടുകൂടി പൂർവ്വശരീരം

ധരിച്ചുകൊണ്ടു് ഇപ്പോൾ ഇവിടെ സന്നിധാനം ചെയ്തിരിക്കുന്നതു്. രാജകുമാര, ഈ മുനികുമാരൻ അവിടുത്തെ അമാത്യനായിരുന്ന വൈശമ്പായനനിൽനിന്നും അഭിന്നനാണെന്നു് അറിഞ്ഞാലും. പുണ്ഡരീക, മറെറാരു ശരീരബന്ധത്തോടുകൂടി, ഇത്രയും കാലം അങ്ങയുടെ ആരാധനാപാത്രമായിരുന്ന ഈ മഹാനുഭാവനെ യഥോചിതം ഉപചരിക്കുകതന്നെ.

(ചന്ദ്രാപീഡനും പുണ്ഡരീകനും പരസ്പരം ആശ്ലേഷിക്കുന്നു.)

ചന്ദ്രാപീഡൻ [വിചാരം] അമാത്യശുകനാസനോടും മനോരമാദേവിയോടും ഞാൻ അപരാധിയായില്ലെന്നുവന്നു. ഈ മുനികുമാരൻതന്നെയാണു് അവരുടെ പ്രിയപുത്രനായ വൈശമ്പായനൻ എന്നുള്ളതിനു് ദിവ്യഷിയായ ശ്വേതകേതുവിന്റെ വചനം പ്രാമാണ്യം വഹിക്കും. [പുണ്ഡരീകനോടായി പ്രകാശം] അല്ലയോ ദിവ്യഷികുമാര, അങ്ങയുടെ മാഹാത്മ്യം ഒട്ടും അറിയാതെ മൈത്രീഭാവംകൊണ്ടു് എന്തെങ്കിലും അപനയം പ്രവത്തിച്ചിട്ടുണ്ടെങ്കിൽ ക്ഷമിക്കേണമേ! അങ്ങയുടെ പൂവ്ജീവിതം മുഴുവൻ എന്റെ അഭ്യുദയത്തിനുവേണ്ടി സമപ്പിക്കുകയാണുണ്ടായിട്ടുള്ളതെന്നു് ഞാൻ സാവ്വഭൌമപദത്തിൽ ഇരിക്കുന്ന ഓരോ നിമിഷത്തിലും കൃതജ്ഞതാപൂവ്വം സ്മരിക്കുന്നതാണു്.

പുണ്ഡരീകൻ. മഹാനുഭാവനായ രാജകുമാര, ഞാൻ അർഹിക്കാത്ത ഈ സ്തുതികൾ അങ്ങയുടെ വിനയാധിക്യത്തെ നല്ലവണ്ണം പ്രത്യക്ഷപ്പെടുത്തുന്നു. രാഗമൂർച്ഛകൊണ്ടു് നഷ്ടവിവേകനായി കലാനാഥനെ അതിരുകവിഞ്ഞു് ഉപാലംഭം ചെയ്ത ഈ എനിക്കു് മറെറാരു ജന്മ

ത്തിൽകൂടി പ്രിയാവിയോഗഭാരം വഹിക്കണമെന്നുണ്ടായ ആ ശാപം ഭൂലോകചന്ദ്രനായ അങ്ങയുടെ മഹിതമായ സാഹചര്യസുഖം ലഭിക്കുവാനുള്ള അനുഗ്രഹമായി പരിണമിച്ചതിൽ ഞാൻ എത്രയും ധന്യനാണു്.

കപിഞ്ജലൻ. ചന്ദ്രാപീഡരാജകുമാര, സഖേ പുണ്ഡരീക,

അദ്ഭുതസ്നേഹസദ്ഭാവ-
ഹൃദ്യരാകിയ നിങ്ങളിൽ
മിത്രാവരുണരിൽ തങ്ങാം
മൈത്രി വർദ്ധിക്ക ശാശ്വതം !

മഹാശ്വേതേ, കാദംബരി, നിങ്ങളുടെ സുചരിതപ്രഭാവമാണു് പുണ്ഡരീകനേയും രാജകുമാരനേയും വീണ്ടും ഈ നിലയിൽ ജീവിതോത്സവം കൊണ്ടാടുവാൻ അനുഗ്രഹിച്ചിട്ടുള്ളതു്.

തരളിക. ഏകകാലത്തിൽ വല്ലഭസമാഗമം ഉണ്ടായ സഖികളെ അഭിനന്ദിക്കുന്നതിനു് ഞങ്ങൾക്കു് ഭാഗ്യമുണ്ടായല്ലോ.

കാദംബരി [കേയൂരകനോടു്] കേയൂരക, ഉടനെ പോയി മഹാശ്വേതയുടെ അച്ഛനമ്മമാരെ ഈ സന്തോഷവർത്തമാനം അറിയിക്കൂ.

മഹാശ്വേത [സ്വഗതം] ആഹ്ലാദത്താൽ മതിമറന്ന എനിക്കു് കാദംബരി കർത്തവ്യത്തെ ബോധിപ്പിക്കുകയാണു് ചെയ്യുന്നതു്. [കേയൂരകനോടു് പ്രകാശം] കേയൂരക, താതചിത്രരഥനേയും മദിരാംബയേയും ഒട്ടുവളരെ വ്യാകുലപ്പെടുത്തിയിരുന്ന കാദംബരിയുടെ പ്രതിജ്ഞ പൂർണ്ണമായി

വിജയം പ്രാപിച്ചതു് ആ വാത്സല്യനിധികളെ അറിയിക്കുന്നതിന് ഒരു നിമിഷംപോലും വൈകിക്കൂടാ.

കപിഞ്ജലൻ. ദുർല്ലഭമെന്നു കരുതിയിരുന്ന പ്രിയസമാഗമം സിദ്ധിച്ചതുകൊണ്ടുള്ള പരമാനന്ദാസ്വാദനത്തിലും പിതൃജനങ്ങളോടുള്ള ആദരം പുലർത്തുന്നതിന് ഉത്കടമായ ഔത്സുക്യം ആവഹിക്കുന്ന നിങ്ങൾക്കു് സമാശ്വാസം നല്കുന്ന ചില വൃത്താന്തങ്ങൾ ഞാൻ ധരിപ്പിച്ചുകൊള്ളട്ടെ. ഇന്നു് പ്രാതഃകാലത്തിൽ ധ്യാനോത്ഥിതനായ ശ്വേതകേതുമഹർഷി പുണ്ഡരീകനെ ഉജ്ജീവിപ്പിച്ചു് എന്നോടുകൂടി ഇങ്ങോട്ടുപോരുവാൻ ആജ്ഞാപിച്ചപ്പോൾ ഒരു രഹസ്യംകൂടി എന്നെ അറിയിച്ചു. ഗന്ധർവ്വരാജാക്കന്മാർ പുത്രിമാക്കു് വരുവാനിരിക്കുന്ന മംഗലവൃത്താന്തത്തെ ആ ദിവ്യർഷിയിൽ നിന്നും നേരത്തേകൂട്ടി ധരിച്ചപ്പോൾ ഇങ്ങനെ പറയുകയുണ്ടായത്രേ.

"കന്യയെഗ്ഗുരുജനം ഗുണാതിശയമാന്ന
പൂരുഷനു നല്കുവാൻ
തന്നെയുള്ളിലഭിവാഞ്ഛ കോലുമെളുതല്ല
കൈവരുവതാഗ്രഹം;
ഇന്നു നിങ്ങളനുരൂപഭർത്തൃകകൾ, ധന്യർ
ഞങ്ങളിരുപേരുമ-
ച്ഛിന്നരാഗയുതരാം പ്രിയക്കു ഹിതമേററി
വാഴ്ക വിശിഷ്ടരായ്." ൧൨

അതിനാൽ ഗുരുജനങ്ങൾ ഋഷിവാക്യത്തെ പ്രമാണീകരിച്ചു് പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന നിങ്ങളുടെ വല്ലഭസമാഗമത്തെ ദിവ്യദൃഷ്ടിയാൽ അറിഞ്ഞു് ആശീർവ്വാദങ്ങൾ വർഷിക്കുന്നുണ്ടു്. [ചന്ദ്രാപീഡനോടു്] രാജകുമാര, അങ്ങയുടെ

പിതാവും അമാത്യശുകനാസനും കൂടി ഇപ്പോൾ ഇവിടെ സന്നിഹിതരാകും. സവ്വജ്ഞനായ ശ്വേതകേതുമഹഷി അവരേയും യഥാകാലം വിവരങ്ങൾ അറിയിച്ചിട്ടുണ്ടു്.

ചന്ദ്രാപീഡൻ [സന്തോഷത്തോടെ] ഉദാരാശയന്മാരുടെ കാരുണ്യം പരിചിതരിലും അപരിചിതരിലും ഒരുപോലെ പതിക്കുന്നതിൽ അദ്ഭുതപ്പെടുവാനില്ലല്ലോ.

(താരാപീഡനും ശുകനാസനും പ്രവേശിക്കുന്നു.)

ശുകനാസൻ. ദേവ, ശ്വേതകേതുമഹഷിയുടെ സന്ദേശം പ്രത്യക്ഷരം പരമാത്ഥമാകുന്ന ഈ രങ്ഗം തൃക്കൺ പാത്താലും!

ചന്ദ്രാപീഡൻ. കപിഞ്ജലൻ പറഞ്ഞതുപോലെ അച്ഛനും അമാത്യശുകനാസനും എത്തിക്കഴിഞ്ഞുവല്ലോ.

(ചന്ദ്രാപീഡൻ മുൻപോട്ടുചെന്നു് രണ്ടുപേരേയും നമസ്കരിക്കുന്നു.)

താരാപീഡൻ. എന്റെ ജീവിതാഭിലാഷങ്ങൾ എല്ലാം ഇപ്പോൾ നിറവേറി.

എൻപുണ്യത്തികവിൻമനോജ്ഞഫലമായ്
സംഭൃതനാം പുത്ര, നീ
വൻപാണ്ഡിത്യമിയന്നു സത്കലകളിൽ
പ്രാപിച്ചു ഭൂലക്ഷ്മിയെ,
എമ്പാടുമുള്ള ധരിത്രി കീഴിലമരും-
മാറുള്ള ദോവ്വിക്രമം
സമ്പാദിച്ചനുരൂപമായ യുവതി-
പ്പൂൺപാന്നു നീ ധന്യനായ്. ൧൩

ശുകനാസൻ. കുമാരചന്ദ്രാപീഡ, അനുരൂപതരമായ കളത്രത്തിന്റെ ലാഭത്താൽ അവിടുന്നു് പൂർവ്വാധികം

വിജയിക്കുന്നതു കാണുവാൻ ഈ അമാത്യവൃദ്ധനു് ഭാഗ്യമുണ്ടായല്ലോ.

കപിഞ്ജലൻ. ആൎയ്യശുകനാസ, [പുണ്ഡരീകനെ നിർദ്ദേശിച്ചിട്ടു്] ഈ മുനികുമാരൻ അങ്ങയുടെ പ്രിയപുത്രനായ വൈശമ്പായനൻ ശാപവിമുക്തനായി പൂർവ്വാകാരം ധരിച്ചിട്ടുള്ളവനാണെന്നു് അങ്ങു് മനസ്സിലാക്കിയാലും. പുണ്ഡരീക, അഭിവന്ദ്യനായ ഇദ്ദേഹത്തെ നമസ്കരിക്കൂ.

പുണ്ഡരീകൻ. വിനീതനായ ഈയുള്ളവൻെറ പ്രണാമാഞ്ജലികളെ സ്വീകരിച്ചനുഗ്രഹിക്കേണമേ!

ശുകനാസൻ. അക്ഷതമായ മംഗളം ഉണ്ടാകട്ടെ.

താരാപീഡൻ. കുമാര, നിൻെറയും, കാദംബരിയുടേയും പരിണയമഹോത്സവം കണ്ടിട്ടു് പരിശിഷ്ടമായ ജീവിതം ഈ ചൈത്രരഥത്തിൽ തന്നെ വാനപ്രസ്ഥവ്രതം സ്വീകരിച്ചു്, ആൎയ്യശുകനാസൻെറ ആദ്ധ്യാത്മികതത്വബോധനം ശ്രവിച്ചുകൊണ്ടു് കഴിഞ്ഞുകൂടണമെന്നേ എനിക്കു് ആഗ്രഹമുള്ളൂ. ഈ മുനികുമാരനും അഭിമതയായ പ്രേയസിയെ വരിച്ചു് ഭാരതവൎഷാധിപതിയായ നിനക്കു് രാജ്യതന്ത്രോപദേഷ്ടാവായി വൎത്തിക്കട്ടെ.

ചന്ദ്രാപീഡൻ [വിചാരം]

മാലാണ്ടപോതിലിവനോടനുകമ്പ കാട്ടി
മേലാൽ ശുഭം ദൃഢമണഞ്ഞിടുമെന്ന ചൊല്ലാൽ
ചേലോടെ സൗഖ്യമുയരുംപൊഴുതിൽ പ്രമോദം
കോലുന്നു ഹന്ത! ഗുരുമണ്ഡലമാകവേതാൻ. ൫൪

കപിഞ്ജലൻ. അടുത്തുതന്നെ ഗന്ധർവ്വലോകത്തിൽ നടക്കുവാനിരിക്കുന്ന കാദംബരീചന്ദ്രാപീഡന്മാരുടേയും

മഹാശ്വേതാപുണ്ഡരീകന്മാരുടേയും പാണിഗ്രഹണമഹോത്സവത്തിനുള്ള എല്ലാ സാഹചര്യങ്ങളും ആയത്തങ്ങളായിരിക്കുന്നു. നമുക്കു് എല്ലാവൎക്കും ചിത്രരഥരാജധാനിയിലേക്കു് പോകാം.

കപിഞ്ജലൻ [ചന്ദ്രാപീഡനോടു്] രാജകുമാര, ഇതിനുമേലായി അവിടുത്തേക്കു് എന്തു പ്രിയമാണു് ആചരിക്കപ്പെടേണ്ടതായിട്ടുള്ളതു് ?

ചന്ദ്രാപീഡൻ. ഇതിനു മേലായി മറെറന്തു പ്രിയമാണു് കൈയ്‌വരുവാനുള്ളതു് ? എന്നാലും ഇത്രയും ഭവിക്കട്ടെ !

## ഭരതവാക്യം

ധൎമ്മൈകാഗ്ര്യത്തൊടുവീഭരണമുടനുടൻ ചെയ്ക
പൃത്ഥ്വീശരെന്നും
ശൎമ്മം ലോകൎക്കുദിക്കുംപടി മഴയെഴുമാറാക
വേണ്ടുന്നകാലം
നിൎമ്മായം ഭദ്രമാൎന്നുൾക്കുതുകമിയലുവോരാക
സത്തുക്കളെല്ലാം
നന്മയ്ക്കേകം നിദാനം ധരയിലെവനുമുണ്ടാക
ശംഭുപ്രസാദം!

(എല്ലാവരും പോയി.)

ശുഭം.

DC Library
*00008335*
T62 G55

# കാദംബരി

ഡാക്ടർ കെ. ഗോദവർമ്മ

T62
G55

Indic Digital Archive Foundation
gpura.org